بِسْمِ اللهِ الرَّحْمٰنِ الرَّحِيْمِ نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْدِ

وَلَقَدْ نَصَرَكُمُ اللهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

വാല്യം 4

ലക്കം 33-34

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2019 ആഗസ്റ്റ് 15-22/ഹി:ശം:1398 ളുഹൂർ 15-22/ഹി:ഖ: 1440 ദുൽഹിജ്ജ 13-20

## അല്ലാഹുവിന്റെ വചനം

وَلِلّٰهِ مَا فِي السَّمٰوٰتِ وَمَا فِي الْاَرْضِ ؕ يَغْفِرُ لِمَنْ يَّشَآءُ وَيُعَذِّبُ مَنْ يَّشَآءُ ؕ وَاللّٰهُ غَفُوْرٌ رَّحِيْمٌ ۝

'ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അല്ലാഹുവിന്റേതാകുന്നു. താൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നു; താനുദ്ദേശിക്കുന്നവരെ അവൻ ശിക്ഷിക്കുന്നു. അല്ലാഹു സർവഥാ പൊറുത്തുകൊടുക്കുന്നവനും കരുണാമയനുമാണ്.'(3:130)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**നിങ്ങൾ ഇസ്‌ലാമിനെ സഹായിക്കാനും സേവനം ചെയ്യാനും ആഗ്രഹിക്കുന്നെങ്കിൽ ആദ്യം സ്വയം ദൈവഭയവും പരിശുദ്ധിയും സ്വായത്തമാക്കുക. ഇതുമുഖേന നിങ്ങൾക്ക് അല്ലാഹുവിന്റെ അഭയകോട്ടയിൽ വരാൻ സാധിക്കും. പിന്നീട് നിങ്ങൾക്ക് അതിന് സേവനത്തിന് ഭാഗ്യവും അർഹതയും കരസ്ഥമാകും.**

**അല്ലാഹുവിന്റെ ഫള്ൽ എപ്പോഴും മുത്തഖികളുടേയും നേർമാർഗികളുടേയും ഒപ്പമായിരിക്കും. ഇസ്‌ലാമിനുമേൽ കളങ്കം ചാർത്തുംവിധം നിങ്ങളുടെ സ്വഭാവങ്ങളും ജീവിതരീതികളുമാക്കരുത്.**

# സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### എന്താണ് നന്മ?

നന്മ ഇസ്‌ലാമിലേക്കും അല്ലാഹുവിലേക്കും കയറുന്നതിനുള്ള ഒരു ഗോവണിയാണ്. പക്ഷേ, ഓർക്കുക! നന്മ എന്തു വസ്തുവാണ്? ശയ്ത്വാൻ എല്ലാ ഓരോ വഴിയിലൂടെയും ജനങ്ങളെ വഴി തെറ്റിക്കുന്നു. സത്യമാർഗത്തിൽനിന്ന് വഞ്ചിക്കുന്നു. ഉദാഹരണത്തിന് രാത്രി ഭക്ഷണം കൂടുതലുണ്ടാക്കി. രാവിലെയായപ്പോൾ അത് വളിച്ചു. തിന്നുന്ന കൃത്യ സമയത്ത്- അയാളുടെ മുമ്പിൽ നല്ലനല്ല ചൂടുള്ള ഭക്ഷണമിരിക്കുമ്പോൾ, ഒരു കഷണംപോലും തിന്നിട്ടില്ല. വാതിൽക്കൽവന്ന് യാചകൻ ഉറക്കെ വിളിച്ചു. ഭക്ഷണം ചോദിച്ചു. വളിച്ച ഭക്ഷണം യാചകന് കൊടുക്കാൻ അയാൾ പറഞ്ഞു. ഇത് നന്മയാണോ? വളിച്ച ഭക്ഷണം അവിടെത്തന്നെ ഇരിക്കണമായിരുന്നു. അഭിമാനത്തോടെ ജീവിക്കുന്നവർ അത് എങ്ങനെ തിന്നാനാണ്? അല്ലാഹു പറയുന്നു: *വ യുത്‌യിമൂനത്ത്വആമ അലാഹുബ്ബിഹി മിസ്ക്കീനൻവ്വയത്തീമൻവ്വ അസീറാ* (76:9) ഇഷ്ടപ്പെട്ട ഭക്ഷണത്തിനാണ് 'ത്വആം' എന്നു പറയുന്നത്. ഇതും അറിഞ്ഞിരിക്കേണ്ടതാണ്. വളിച്ചതും പുളിച്ചതുമായ ഭക്ഷണത്തിന് 'ത്വആം' എന്നു പറയുകയില്ല. ചൂടുള്ളതും സ്വാദിഷ്ഠവുമായ ഭക്ഷണം പ്ലേറ്റിൽനിന്ന് കഴിക്കാൻ തുടങ്ങുന്നതിനു മുമ്പേ യാചകൻ മുട്ടിവിളിക്കുമ്പോൾ അതിൽനിന്ന് തിന്നുന്നത് നന്മയാണോ?

ആവശ്യമില്ലാത്തതും മോശമായതുമായ വസ്തുക്കളിൽനിന്ന് ചെലവഴിച്ചുകൊണ്ട് ആർക്കും നന്മ ചെയ്തുവെന്ന വാദം ഉന്നയിക്കാൻ സാധിക്കുകയില്ല. നന്മയുടെ വാതിൽ ഇടുങ്ങിയതാണ്. മോശമായ വസ്തുക്കൾ ചെലവഴിക്കുന്നതുകൊണ്ട് ആർക്കും അതിൽ പ്രവേശിക്കാൻ കഴിയുകയില്ലെന്നത് നല്ലവണ്ണം ഓർമിച്ചുകൊള്ളുക. കാരണം ഖുർആൻ വ്യക്തമായും പറയുന്നു. *ലൻതനാലുൽബിർറ ഹത്താ തുൻഫിഖൂ മിമ്മാ തുഹിബ്ബൂൻ*(3:93) പ്രിയപ്പെട്ടതിൽ പ്രിയപ്പെട്ടതും ഇഷ്ടപ്പെട്ടതിൽ ഇഷ്ടപ്പെട്ടതുമായ വസ്തുക്കൾ ചെലവഴക്കാത്തിടത്തോളം പ്രിയപ്പെട്ടതിന്റേയും ഇഷ്ടപ്പെട്ടതിന്റേയും നില ലഭിക്കുകയില്ല. ബുദ്ധിമുട്ടു വഹിക്കാനും യഥാർഥ നന്മ കരസ്ഥമാക്കാനും ആഗ്രഹിക്കാതിരിക്കുകയാണെങ്കിൽ എങ്ങനെ വിജയിക്കാനും ഉദ്ദേശ്യസാഫല്യം നേടാനും സാധിക്കും. എന്ത്! സ്വഹാബാക്കൾ സൗജന്യമായാണോ ആ സ്ഥാനത്തെത്തിയത്; അവർക്ക് ആ സ്ഥാനം ലഭിച്ചത്. ഭൗതികമായ സ്ഥാനമാനങ്ങൾ കരസ്ഥമാക്കാൻ എത്രമാത്രം ചെലവഴിക്കുകയും ബുദ്ധിമുട്ടുകൾ സഹിക്കുകയും ചെയ്യുന്നു; എന്നിട്ടാണ് എവിടെയെങ്കിലുംവച്ച് ഒരു നിസാരമായ സ്ഥാനം -അതുകൊണ്ടാണെങ്കിൽ മനഃസംതൃപ്തിയോ, മനഃസമാധാനമോ കിട്ടുകയുമില്ല- ലഭിക്കുന്നത്. അപ്പോൾപിന്നെ ചിന്തിച്ചുനോക്കുക! മനഃസംതൃപ്തിയുടേയും ഖൽബിന്റെ ശാന്തിയുടേയും യജമാനനായ അല്ലാഹുവിന്റെ സന്തോഷത്തിന്റെ അടയാളമായ റളിയല്ലാഹുഅൻഹും എന്ന പദവി അങ്ങനെയങ്ങ് എളുപ്പം കിട്ടുമോ?

കാര്യമെന്താണെന്നുവച്ചാൽ യഥാർഥ സന്തോഷത്തിന് നിമിത്തമായ അല്ലാഹുവിന്റെ തൃപ്തി, താൽക്കാലികമായ ബുദ്ധിമുട്ടുകൾ സഹിക്കാത്തിടത്തോളം കരസ്ഥമാകുകയില്ല. അല്ലാഹുവിനെ കബളിപ്പിക്കുവാൻ കഴിയുകയില്ല. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിന് ബുദ്ധിമുട്ടുകൾ വകവെക്കാത്തവനാണ് ഭാഗ്യവാൻ. കാരണം അനശ്വരമായ സന്തോഷവും എന്നെന്നും നിലനില്ക്കുന്ന സൗഖ്യത്തിന്റെ വെളിച്ചവും ആ താൽക്കാലികമായ ബുദ്ധിമുട്ടിനുശേഷമാണ് മുഅ്മിന് ലഭിക്കുന്നത്.

### സത്യവാനായ മുസ്‌ലിം ആരാണ്?

ഞാൻ തുറന്നുപറയുകയാണ്. എല്ലാ കാര്യത്തിലും അല്ലാഹുവിനെ മുന്തിക്കാത്തിടത്തോളം, മനസിൽ ദൃഷ്ടിപായിച്ച് ഇത് എന്റേതുതന്നെയാണോ എന്ന് നോക്കാത്തിടത്തോളം ആരും സത്യമുഅ്മിൻ എന്നു പറയപ്പെടുകയില്ല. അത്തരം വ്യക്തി പൊതുവായ നിലയിലുള്ള മുഅ്മിൻ അല്ലെങ്കിൽ മുസ്‌ലിമാണ്. തോട്ടിവേല ചെയ്യുന്നവനേയും നമസ്കരിക്കുന്നവനെന്നും മുഅ്മിൻ എന്നും പറയാറുണ്ടല്ലോ. *അസ്‌ലിം വജ്ഹഹൂ ലില്ലാഹി* എന്നതിന്റെ സാക്ഷാത്കാരമാകുന്നവനാണ് മുസ്‌ലിം. 'വജ്ഹുൻ' മുഖത്തിനാണ് പറയുന്നത്. എന്നാൽ, അത് സത്തയ്ക്കും അസ്തിത്വത്തിനും വേണ്ടി ഉപയോഗിക്കുന്നു. അതുകൊണ്ട് തന്റെ എല്ലാ ശക്തികളും അല്ലാഹുവിന്റെ തിരുസന്നിധിയിൽ വെച്ചവൻ തന്നെയാണ് സത്യമുസ്‌ലിം എന്നു പറയാൻ അർഹതപ്പെട്ടവൻ. എനിക്ക് ഓർമവന്നു. ഒരു മുസ്‌ലിം, യഹൂദിയോടു മുസ്‌ലിമാകുക എന്നു പറഞ്ഞു. ആ മുസ്‌ലിം സ്വയം കുഴപ്പത്തിലും കുറ്റകർമങ്ങളിലും പെട്ടവനായിരുന്നു. യഹൂദി ആജ്ഞാലംഘകനായ മുസ്‌ലിമിനോടു പറഞ്ഞു: നീ ആദ്യം നിന്നെത്തന്നെ നോക്കുക. മുസ്‌ലിം എന്ന് പറയുന്നതിൽ അഹങ്കരിക്കണ്ട. അല്ലാഹു ഇസ്‌ലാമിന്റെ കാമ്പാണ് ആഗ്രഹിക്കുന്നത്; പേരോ വാക്കോ അല്ല. യഹൂദി തന്റെ കഥ വിവരിച്ചു. ഞാൻ എന്റെ മകന്റെ പേര് ഖാലിദ് (നിത്യവാസി) എന്നു വച്ചിരുന്നു. എന്നാൽ, രണ്ടാം ദിവസം എനിക്ക് അവനെ ഖബ്റിൽ മറയടക്കേണ്ടിവന്നു. പേരിൽ മാത്രം അനുഗ്രഹമുണ്ടായിരുന്നെങ്കിൽ അവൻ മരിച്ചതെന്തിനാണ്? ഏതെങ്കിലും മുസ്‌ലിമിനോടു നീ മുസ്‌ലിമാണോ? എന്ന് ചോദിച്ചാൽ. അൽഹംദുലില്ലാഹ് എന്ന് മറുപടി പറയുന്നു.

അതിനാൽ ഓർമിക്കുക. കർമമില്ലാത്തിടത്തോളം വെറും നാവുകൊണ്ടുള്ള പറച്ചിൽ പ്രയോജനമൊന്നും ചെയ്യുകയില്ല. അല്ലാഹുവിന്റെ പക്കൽ വെറും പറച്ചിലിന് ഒരു വിലയുമില്ല. അല്ലാഹു പറയുന്നു: *കബുറ മഖ്ത്തൻ ഇൻദല്ലാഹി അൻതഖൂലൂ മാലാ തഫ്അലൂൻ* (61:4)

### ഇസ്‌ലാമിക സേവനം കരസ്ഥമാക്കാനുള്ള മാർഗം

ഇനി ഞാൻ വീണ്ടും എന്റെ ആദ്യ ഉദ്ദേശ്യത്തിലേക്ക് മടങ്ങുകയാണ്. അതായത് *സ്വാബിറൂ വറാബിത്വൂ* (3:201) എപ്രകാരം ശത്രുവിന്നെതിരിൽ അവൻ അതിർത്തി ലംഘിക്കാതിരിക്കാൻ അതിർത്തിയിൽ കുതിരയെ വെക്കേണ്ടത് നിർബന്ധമാണോ അതുപോലെ നിങ്ങളും തയ്യാറായിരിക്കുക; ശത്രു അതിർത്തി ലംഘിച്ച് ഇസ്‌ലാമിന് വിഷമമുണ്ടാക്കാതിരിക്കാൻ. ഞാൻ മുമ്പേയും പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണ്. നിങ്ങൾ ഇസ്‌ലാമിനെ സഹായിക്കാനും സേവനം ചെയ്യാനും ആഗ്രഹിക്കുന്നെങ്കിൽ ആദ്യം സ്വയം ദൈവഭയവും പരിശുദ്ധിയും സ്വായത്തമാക്കുക. ഇതുമുഖേന നിങ്ങൾക്ക് അല്ലാഹുവിന്റെ അഭയകോട്ടയിൽ വരാൻ സാധിക്കും. പിന്നീട് നിങ്ങൾക്ക് അതിന് സേവനത്തിന് ഭാഗ്യവും അർഹതയും കരസ്ഥമാകും. നിങ്ങൾ കാണുന്നുണ്ടല്ലോ; മുസ്‌ലിമീങ്ങളുടെ ബാഹ്യമായ ശക്തി എത്രമാത്രം ബലഹീനമായിരിക്കുന്നു. ജനതകൾ അവരെ വെറുപ്പോടും നിന്ദാദൃഷ്ടിയോടുമാണ് നോക്കിക്കാണുന്നത്. നിങ്ങളുടെ ആന്തരികവും മാനസികവുമായ ശക്തിയും ബലഹീനവും ദുർബലവും ആയാൽ പിന്നീട്

(ശേഷം പേജ് 16ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഖുത്ബ ഈദ്

## പെരുന്നാളിന്റെ സന്തോഷഭരിതമായ അവസരത്തിൽ ലോകത്തെ സർവമാന അഹ്മദികൾക്കും ഈദാശംസകൾ

പ്രൗഢഗംഭീരമായ ഈദ് ഖുത്ബയിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ഉപദേശങ്ങൾ ഉദ്ധരിച്ച് യഥാർഥവും ഏറ്റവും വലുതുമായ ഈദിനെ സംബന്ധിച്ചുള്ള അതിസൂക്ഷ്മമായ വിവരണം

ഈ യഥാർഥ ഈദ് കരസ്ഥമാക്കുന്നതിന് കർമപരമായ പരിഷ്കരണത്തിലേക്ക് ശ്രദ്ധിചെലുത്തി പ്രബോധന രംഗത്ത് കൂടുതൽ സജീവമാകാൻ അഹ്മദികളോടു ആഹ്വാനം.

ദൈവമാർഗത്തിൽ തടവനുഭവിക്കുന്നവർക്കും അഹ്മദി ശുഹദാക്കളുടെ ബന്ധുമിത്രാദികൾക്കും, ജീവിതം വഖ്ഫ് ചെയ്ത് സേവനം ചെയ്യുന്നവർക്കും മുബല്ലിഗുമാർക്കും സകലമാന അഹ്മദികൾക്കും അതുപോലെ മുസ്‌ലിം ഉമ്മത്തിനുംവേണ്ടി ദുആ ചെയ്യാൻ ആഹ്വാനം

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

**ഈദുൽ ഫിത്വർ ഖുത്ബ 2019 ജൂൺ 5/1398 ഇഹ്സാൻ 5**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ(യു.കെ)**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ -

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) ഇന്നേക്കു ഏകദേശം നൂറുവർഷം മുമ്പേ ഒരു ഈദ് ഖുത്ബ കൊടുത്തിരുന്നു. ആ വിഷയം ഇന്നും വളരെ പ്രസക്തമാണ്. അതുകൊണ്ട് ആ ഖുത്ബയെ പ്രയോജനപ്പെടുത്തി ഇന്ന് പെരുന്നാളിനെ സംബന്ധിച്ച് കുറച്ച് കാര്യങ്ങൾ പറയുന്നതായിരിക്കും.

സന്തോഷം ലഭിക്കണമെന്നത് മനുഷ്യന്റെ ആഗ്രഹമാണ്; വീണ്ടും വീണ്ടും അത് ലഭിക്കണം. ഈദ് എന്ന പദത്തിന്റെ അർഥംതന്നെ വീണ്ടും വീണ്ടും വരുന്നതെന്നാണ്. ഇമാം റാഗിബ് എഴുതിയിരിക്കുന്നു: 'വീണ്ടും വീണ്ടും മടങ്ങിവരുന്നതാണ് അൽഈദ്.' വീണ്ടും എഴുതുന്നു: 'ശരീഅത്തിന്റെ സാങ്കേതികാർഥത്തിൽ ഈ പദം യൗമുൽ ഫിത്വ്റിനും യൗമുൽഅള്ഹായ്ക്കും പറയുന്നു. കാരണം ശറഇയായ നിലയിൽ ഈ ദിവസം സന്തോഷത്തിന് നിശ്ചയിക്കപ്പെട്ടിട്ടുള്ളതാണ്. സന്തോഷത്തിന് അത് വീണ്ടും വീണ്ടും വരേണ്ടതാണ്.' (മുഫ്റദാത്ത് ഇമാം റാഗിബ് 'ഇവദ്' എന്ന പദം)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഈദ് എന്താണെന്നും സന്തോഷമെന്താണെന്നും വിവരിക്കുന്നു: 'ഇതിൽ നമ്മൾ ചിന്തിക്കുകയാണെങ്കിൽ സന്തോഷം യഥാർഥത്തിൽ സംഘടിക്കുന്നതിന്റെ പേരാണെന്ന് മനസ്സിലാകുന്നു. ഒത്തുചേരലിന്റെ പേരാണ്. ഒരുമിച്ചുകൂടുന്നതിന്റെ പേരാണ്. ലോകത്ത് എത്രത്തോളം സന്തോഷമുണ്ടോ അവ സംഘടിക്കുന്നതിൽനിന്നാണുണ്ടാകുന്നത്. സാധാരണ സാമൂഹിക ജീവിതത്തിലും, ഒരു മനുഷ്യന് ആളുകൾ കൂടുന്ന നേരത്ത് സന്തോഷം കിട്ടിക്കൊണ്ടിരിക്കുന്നത് നമ്മൾ കണ്ടുവരുന്നു; അതിനുവേണ്ടി അവൻ വലിയ തയ്യാറെടുപ്പുകൾ നടത്തുന്നു; ആളുകളെ ഒരുമിച്ചുകൂട്ടുന്നു. അവന്റെ വിവാഹം നടക്കുമ്പോൾ ആ നേരത്ത് സന്തോഷിക്കുന്നു. കുട്ടികൾ ജനിക്കുന്ന നേരത്ത് സന്തോഷിക്കുന്നു. കാരണം വിവാഹത്തിനുശേഷം ഒരു പുതിയ ആത്മാവ് വന്നു അവനോടൊപ്പം ചേരുകയാണ്. ഒരു സംഘത്തിൽ വർധനയുണ്ടാകുകയാണ്. ലോകത്ത് എത്രത്തോളം സമ്മേളനങ്ങൾ നടക്കുന്നുണ്ടോ അവ സന്തോഷത്തിന് നിമിത്തമാകുന്നു. ലോകത്ത് പൊതുവെ സന്തോഷം പ്രകടിപ്പിക്കുന്നതിനുള്ള വേദി, ധാരാളമാളുകൾ ഒരു പ്രത്യേക പരിപാടിയ്ക്കുവേണ്ടി, സന്തോഷപ്രകടനത്തിനുവേണ്ടി സംഘടിക്കുക എന്നതാണ്. മേളകൾ തുടങ്ങിയവയിൽ സംഘടിക്കുന്നവരും അതിൽ പോകുന്നത് സന്തോഷിക്കുന്നതിനാണ്. ഒരാൾ ഒളിച്ചുനടക്കുകയും, ആരോടുമൊപ്പം ഇരിക്കാതിരിക്കുകയും, വനങ്ങളിൽ പോകുകയും ചെയ്യുന്നു. താങ്കൾ എന്തിനാണ് ഇങ്ങനെ ചെയ്യുന്നതെന്ന് ചോദിച്ചാൽ താൻ സന്തോഷിക്കുകയാണെന്ന് അയാൾ പറയുകയില്ല. ഇന്ന് തനിക്ക് ഈദാണെന്നും പറയുകയില്ല. ഒരു രാജ്യത്തും ഒരു പ്രദേശത്തും ഒരു ജനതയിലും, പരസ്പരം ഒളിച്ചിരുന്ന് സന്തോഷവും ഈദും കൊണ്ടാടുന്നത് കാണുകയില്ല. മറിച്ച് എല്ലാവരും ഒരുമിച്ചുകൂടുമ്പോഴാണ് എല്ലാ ഓരോ ജനതയിലും പെരുന്നാളാകുന്നത്; സന്തോഷം കൊണ്ടാടുന്നത്. എന്നാൽ, തങ്ങളുടെ ദുഃഖവും സങ്കടവും അധികമാക്കാനാഗ്രഹിക്കുന്നവരുടെ വഴി മറ്റുള്ളവരിൽനിന്ന് വേറിട്ടിരിക്കാൻ ശ്രമിക്കുക എന്നതാണ്. ഡിപ്രഷനുള്ള രോഗികളിലും നമ്മൾ കണ്ടിട്ടുള്ളത് ഈ അവസ്ഥയാണ്. തങ്ങളുടെ ദുഃഖം തെറ്റാക്കിത്തീർക്കാനും ആ ദുഃഖം മായിച്ചുകളയാനും ആഗ്രഹിക്കുന്നവർ മജ്‌ലിസുകളിലും ഇരിക്കും. ജനങ്ങളുമായി ഇടപഴകുകയും ചെയ്യും. വേറിട്ടിരിക്കുന്ന രോഗിയോടു പൊതുവെ ഡോക്ടർ പറയുന്നതും ജനങ്ങളിൽ ഇരിക്കുക എന്നതായിരിക്കും. പുറത്തിറങ്ങുക. സോഷ്യലൈസ് ചെയ്യുക. അതിനാൽ ദുഃഖത്തെ ഇഷ്ടപ്പെടുന്നവർ എല്ലാവരിൽനിന്നും അകന്നിരിക്കുന്നു. വീട്ടിൽ ഇരുന്നാലും അവർ വേറെയാണ്. പുറത്തിറങ്ങിയാലും ഏതെങ്കിലും ഒരു മുക്കിലോ മൂലയിലോ പോയിരിക്കുന്നു. ചുരുക്കത്തിൽ അത്തരക്കാർ വേറിട്ട് നില്ക്കാനാണ് ഇഷ്ടപ്പെടുന്നത്. അവരുടെ വീട്ടിൽ ആരെങ്കിലും മരിച്ചാലും ആളുകൾ ദുഃഖത്തിൽ പങ്കെടുക്കാൻ വന്നാലും, അധികം ദുഃഖമുണ്ടാകുന്നവൻ, സങ്കടമുണ്ടാകുന്നവൻ പറയുന്നത് എന്നെ ഒഴിഞ്ഞിരിക്കാൻ അനുവദിക്കുക എന്നായിരിക്കും. എന്റെ അടുത്തുനിന്ന് പോകുക. വേറിട്ടിരിക്കുമ്പോൾ അവന് ദുഃഖം പ്രകടിപ്പിക്കാനുള്ള നല്ല അവസരം ലഭിക്കുന്നു. മനസ്സിനേറ്റ ആഘാതം സുഗമമായി പുറത്തുപോകും. നോർമലായ മനുഷ്യരിലും ധാരാളം സ്വഭാവങ്ങളുണ്ട്. അവർക്ക് ആളുകളുടെ മുമ്പിൽ തങ്ങളുടെ ദുഃഖം പ്രകടിപ്പിക്കാൻ സാധിക്കുകയില്ല. വേറിട്ടിരുന്ന് തങ്ങളുടെ ദുഃഖം അകറ്റാനാഗ്രഹിക്കുന്നു; അല്ലെങ്കിൽ ഏറ്റവും അടുത്തവന്റെ കൂടെയിരുന്ന്; കൂടുതൽ ആളുകൾ ഒത്തുചേരുന്നത് അവർ ഇഷ്ടപ്പെടുന്നില്ല. ആരുടെയെങ്കിലും വീട്ടിൽ പുത്രൻ ജനിക്കുകയും ആളുകൾ അയാളുടെ വീട്ടിൽ പോകുകയും വീട്ടുകാരൻ അവരോടു മാറുക, എന്നെ തനിച്ചുവിടുക എന്നു പറയുകയും ചെയ്യുന്ന അവസ്ഥ ഒരിക്കലും ഉണ്ടാകുകയില്ല; നിങ്ങളെല്ലാവരും വന്നതുകൊണ്ട് എന്റെ മനസ് പരിഭ്രമിക്കുന്നു എന്നു പറയുകയില്ല. പ്രത്യുത അവൻ ആളുകളെ വിളിച്ചുവിളിച്ചു വീട്ടിൽ കയറ്റുകയായിരിക്കും ചെയ്യുക. എത്ര കൂടുതൽ ആളുകൾ വരുമോ അത്രയധികം അയാൾ സന്തോഷിക്കും. അയാൾ എല്ലാവരോടും സന്തോഷത്തോടെ പെരുമാറുന്നതായിരിക്കും.

ഇപ്രകാരം വിവാഹത്തിന് താൻ ക്ഷണിച്ചവരിൽ എത്രയധികം ആളുകൾ വന്നാലും അയാൾക്ക് സന്തോഷമായിരിക്കും. അതിനാൽ ദുഃഖം പ്രകടിപ്പിക്കുന്നതിന് വേറിട്ടിരിക്കാനാണ് ഇഷ്ടപ്പെടുക; സന്തോഷം പ്രകടിപ്പിക്കാൻ സംഘടിക്കുന്നതിനും. ഇക്കാര്യം അല്ലാഹു മനുഷ്യപ്രകൃതിയിൽ നിക്ഷേപിച്ചിരിക്കുന്നു. സന്തോഷമുണ്ടാകുമ്പോൾ അവൻ മറ്റുള്ളവരെ കാണുകയും കൂടിച്ചേർന്ന് സന്തോഷം കരസ്ഥമാക്കുകയും ചെയ്യുന്നു. ലോകത്ത് ചില ആവശ്യങ്ങൾക്കുവേണ്ടിയും ഈയിടെയായി സമ്മേളനങ്ങളും ജാഥകളും നടക്കാറുണ്ട്. അതും നമ്മുടെ ദുഃഖങ്ങളിൽനിന്ന് മോചനമുണ്ടാകാനാണ്. പ്രതിഷേധിക്കുന്നത് നമുക്ക് സന്തോഷം ലഭിക്കാനാണ്. അതിനാൽ അവരുടെ ഉദ്ദേശ്യവും ഭൂരിഭാഗം ഇതുതന്നെയാണ്. അതിനാൽ സന്തോഷവും സമ്മേളനവും രണ്ടും പരസ്പരം പൂരകങ്ങളാണ്. ഇസ്‌ലാം പ്രകൃതിമതമാണ്. അതുകൊണ്ട് അത് പെരുന്നാളിന്റെ അവസരത്തിൽ സന്തോഷത്തിന്റെ അവസരമുണ്ടാക്കി. മുസ്‌ലിമീങ്ങൾ സംഘടിക്കാൻ പറഞ്ഞു. ഒരു സ്ഥലത്തെ അടുത്തുള്ള ആളുകൾ മാത്രമല്ല, പ്ര

(ശേഷം പേജ് 11ൽ)

## ഖുത്ബ ജുമുഅ

ഇസ്‌ലാം ഇൻശാഅല്ലാഹ് അഹ്മദിയ്യത്തിലൂടെ വ്യാപിക്കുമെന്ന് ലോകം കാണാൻ തുടങ്ങിയിരിക്കുന്നു.

അല്ലാഹുവിന്റെ ഫള്‌ലും അനുഗ്രഹങ്ങളും വർധിച്ചുകൊണ്ടിരിക്കാൻ നമുക്ക് അല്ലാഹുവിനോടുള്ള നന്ദിപ്രകടനത്തിൽ മുന്നേറി നമ്മുടെ ശ്രമങ്ങൾ കൂടുതലാക്കാൻ ശ്രമിക്കേണ്ടതുണ്ട്.

നമ്മുടെ ജൽസ നമ്മുടെ ശിക്ഷണത്തിനുപുറമെ തബ്‌ലീഗിനുള്ള ഒരു വലിയ മാർഗവുമായിത്തീരുന്നു.

നമ്മുടെ ഈ അന്തരീക്ഷം താൽക്കാലികമായിരിക്കരുത്. പ്രത്യുത നമ്മുടെ ജീവിതത്തിന്റെ ഓരോ നിമിഷവും നമ്മുടെ കർമം കൊണ്ട് ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനം എടുത്തു കാണിക്കുന്നതായിരിക്കണം.

ജർമൻ ജമാഅത്തിന്റെ ആത്മാർഥതുടേയും കൂറിന്റേയും ത്യാഗത്തിന്റേയും ത്യാഗങ്ങൾ കണ്ടുകൊണ്ടും എനിക്കു പറയാൻ കഴിയും അതിനുവേണ്ടി കുറച്ചു ധനത്യാഗത്തിന് ആവശ്യം വന്നാൽ ജമാഅത്ത് ഇൻശാഅല്ലാഹ് ഈ ത്യാഗം ചെയ്യുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അല്ലാഹു അവരുടെ തൗഫീഖും വർധിപ്പിക്കുമാറാകട്ടെ.

പ്രവർത്തകർ മാത്രമല്ല ജൽസയിൽ പങ്കെടുക്കുന്ന എല്ലാ അഹ്മദികളും തങ്ങളുടെ സൽസ്വഭാവവും പെരുമാറ്റവുംകൊണ്ട് അന്യർക്ക് നിശബ്ദ തബ്‌ലീഗ് ചെയ്യുന്നവരായിത്തീരുന്നു.

താങ്കൾ എല്ലാ പ്രശ്നങ്ങളും വിവരിച്ചതിനുശേഷം മതത്തിൽനിന്നാണ് അതിന് പരിഹാരം നിർദേശിച്ചത്. പറഞ്ഞു: അല്ലാഹുവിനെ തിരിച്ചറിയുക എന്നതാണ് ഇതിനെല്ലാം പരിഹാരം. മതം പ്രശ്നമല്ല മറിച്ച് പ്രശ്നങ്ങൾക്കുള്ള പരിഹാരമാണെന്ന് താങ്കൾ സ്ഥാപിച്ചുകാണിച്ചു.

ഞാൻ നന്ദിവികാരത്തോടെ സാക്ഷ്യം നലകട്ടെ, ദൈവത്തിൽ ദൃഢവിശ്വാസവും വിശ്വാസത്തിൽ കരുത്തുമുള്ള ആളുകളെ ഞാൻ കണ്ടു. നിങ്ങൾ സൽക്കർമങ്ങൾ തുടർന്നുകൊണ്ടുപോകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. പിന്നെ ജീവിതത്തിന്റെ യഥാർഥ ഉദ്ദേശ്യവും അതിന്റെ വിലയുമെന്താണെന്ന കാര്യം ജനങ്ങൾ അറിയുന്ന ഒരു കാലം വരുന്നതായിരിക്കും.

ഇവിടെ വന്ന് കണ്ട സ്നേഹവും മാനവകുലത്തോടുള്ള ആദരവും സമഭാവനയും സാഹോദര്യവും ജീവിതത്തിലൊരിക്കലും മറ്റെങ്ങും കണ്ടിട്ടില്ല; ഒരു പരുപാടിയിലും കണ്ടിട്ടില്ല.

ഞാൻ മതപരമായ അറിവ് കരസ്ഥമാക്കുകയാണ്. ജൽസയിൽ ആദ്യമായാണ് വന്നത്. ഈ ജൽസ സമാധാനം കരസ്ഥമാക്കുന്നതിനുള്ള ഉന്നതമായ മാർഗമാണെന്ന് എനിക്ക് ദൃഢവിശ്വാസമുണ്ട്.

ഇസ്‌ലാമിക അധ്യാപനങ്ങൾ വളരെ യുക്തിഭദ്രമാണെന്നും സ്ത്രീകൾ വേറെ സ്ഥലത്ത് കൂടുതൽ സമാധാനം അനുഭവിക്കുന്നവരാണന്നും അതിലൂടെ അവർക്ക് അവരുടേതായിട്ടുള്ള സംവിധാനമൊരുക്കുന്നതിനും അവരുടെ കഴിവുകളും മികവുകളും പ്രകടിപ്പിക്കുന്നതിനുമുള്ള തുറന്ന അവസരം ലഭിക്കുന്നുവെന്നും എന്ന് അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾക്കു പറയാൻ സാധിക്കും.

ഇനി വീണ്ടും ജൽസയിൽ പങ്കെടുത്താൽ സമയം മുഴുവൻ സ്ത്രീകളുടെ പന്തലിലായിരിക്കും ഞാൻ ചെലവഴിക്കുക. എന്തുകൊണ്ടെന്നാൽ, അവിടെ കിട്ടിയ അന്തരീക്ഷം വളരെയധികം മതപരവും ആത്മീയവുമായിരുന്നു.

ബയ്അത്തിന്റെ നേരത്ത് എന്റെ മേൽ തണുത്ത വെള്ളം വീഴുന്നതായാണ് അനുഭവപ്പെട്ടത്. ഞാനിപ്പോൾ കലർപ്പില്ലാത്ത യഥാർഥ മുസ്‌ലിമായിരിക്കുന്നു.

'ഞാൻ ഉൾക്കാഴ്ചയോടെ പറയുകയാണ്; ലോകത്ത് ഒരു സ്ഥലത്തും തങ്ങളുടെ രാഷ്ട്രീയ നേതാക്കന്മാരേയും മതനേതാക്കന്മാരേയും ഇവിടുത്തെ ആളുകൾ തങ്ങളുടെ ഖലീഫയെ സ്നേഹിക്കുന്നതുപോലെ സ്നേഹിക്കുന്നത് ഞാൻ കണ്ടിട്ടില്ല. ഞാൻ സത്യം സമ്മതിക്കുന്നു.'

ജർമനി ജൽസസാലാന വിജയകരമായി സാമാപിച്ചു. അല്ലാഹുവിനോടു കൂടുതൽ നന്ദി പ്രകടിപ്പിക്കാൻ അഹ്മദികളോടു ആഹ്വാനം. അഹ് മദിയ്യാ സന്ദേശം എല്ലാ ജനങ്ങളിലും എത്തിക്കുക എന്നത് നിർബന്ധ കടമയാണ്. ജൽസയിൽ പങ്കെടുത്ത അതിഥികളുടെ പ്രതികരണം.

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

**ഖുത്ബ 2019 ജൂലായ് 12/1398 വഫാ 12 മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, (ടിൽഫോർട്, സർറെ)യു.കെ**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ

أَمَّا بَعْدُ فَأَعُوذُ بِاللهِ مِنَ الشَّيْطٰنِ الرَّجِيمِ- بِسْمِ اللهِ الرَّحْمٰنِ الرَّحِيمِ-

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِينَ- الرَّحْمٰنِ الرَّحِيمِ- مٰلِكِ يَوْمِ الدِّينِ- إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ-

اِهْدِنَا الصِّرَاطَ الْمُسْتَقِيمَ- صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ-

കഴിഞ്ഞ ദിനങ്ങളിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജർമനി അഹ്മദിയ്യാ ജമാഅത്തിന്റെ ജൽസാസാലാന ദൈവകൃപകൾ സ്വരുക്കൂട്ടി അതിന്റെ സമാപനത്തിലെത്തി. സമാപനദിവസം പറഞ്ഞതുപോലെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ വർഷത്തെ ഹാജർനില നാൽപതിനായിരത്തിലധികമായിരുന്നു. ഈ അഭിവൃദ്ധികൾ നമ്മൾ എല്ലാ വർഷവും കാണുന്നുണ്ട്. നമ്മുടെ പ്രവർത്തനങ്ങൾക്കും പരിശ്രമങ്ങൾക്കുമുപരിയായി നമുക്കു നല്കുന്നുവെന്നത് അല്ലാഹുവിന്റെ ഫള്ൽ ഒന്നുമാത്രമാണ്. അതിനാൽ അല്ലാഹുവിന്റെ ഈ അനുഗ്രഹകടാക്ഷങ്ങൾ കൂടുതൽ ലഭിച്ചുകൊണ്ടിരിക്കുന്നതിന് നമ്മൾ അല്ലാഹുവിനോടുള്ള കൃതജ്ഞത വർധിപ്പിച്ച് നമ്മുടെ പരിശ്രമങ്ങളിൽ മുന്നേറിക്കൊണ്ടിരിക്കേണ്ടതാണ്.

ജൽസയിൽ പങ്കെടുത്ത നൂറുക്കണക്കിന് അനഹ്മദികളും, അമുസ്‌ലിംകളുമായ അതിഥികൾ അവർക്ക് ഈ അന്തരീക്ഷത്തിൽനിന്ന് അസാധാരണമായ ഒരു അനുഭൂതി ലഭ്യമായതായി അഭിപ്രായപ്പെടുകയുണ്ടായി. നമ്മളെന്തായാലും അത് പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നതാണല്ലോ. പക്ഷേ, എങ്ങനെ എല്ലാ പ്രവർത്തകരും ആൺകുട്ടികളും പെൺകുട്ടികളുംവരെ ജോലി ചെയ്യു

ന്നു. എങ്ങനെ ഇത്ര വലിയ ജനക്കൂട്ടത്തിൽ ആളുകൾ കലഹവും വഴുക്കുമൊന്നും കൂടാതെ ഇരിക്കുന്നു. ഇത് അന്യരുടെ ദൃഷ്ടിയിൽ ഒരു അത്ഭുതം നിറഞ്ഞ അസാധാരണമായ കാര്യമാണ്. എന്നല്ല ചിലർ പ്രകടിപ്പിച്ചത് ഇതൊരു ദിവ്യാത്ഭുതമാണെന്നാണ്. അതുകൊണ്ട് നമ്മുടെ ജൽസ സ്വന്തം ശിക്ഷണത്തിനുള്ള മാർഗമായിത്തീരുന്നതിനു പുറമെ തബ്‌ലീഗിനുള്ള വലിയൊരു മാർഗവുമായിത്തീരുന്നു. ഇക്കാര്യങ്ങളെല്ലാം നമ്മോടു ആവശ്യപ്പെടുന്നത്, നമ്മൾ അല്ലാഹുവിനോടുള്ള കൃതജ്ഞത വർധിപ്പിച്ചുകൊണ്ടിരിക്കണമെന്നും ഈ അന്തരീക്ഷം താൽക്കാലികമാകാതെ നമ്മുടെ ജീവിതത്തിലെ ഓരോ നിമിഷവും ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനങ്ങൾ നമ്മുടെ കർമങ്ങൾകൊണ്ട് കാണിക്കുന്നതാകണമെന്നുമാണ്; നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബയ്അത്തിൽ വന്നതിന്റെ ഉദ്ദേശ്യം എപ്പോഴും പൂർത്തിയാക്കുന്നവരാകണം.

പൊതുവെ ഞാൻ ജൽസയ്ക്കുശേഷം അതിഥികളുടെ അഭിപ്രായങ്ങളും ജൽസയെ കുറിച്ചുമുള്ള ചില കാര്യങ്ങൾ പറയാറുണ്ട്. ഇന്ന് ഞാൻ അത് സമർപിക്കുന്നതായിരിക്കും. എന്നാൽ, അതിനുമുമ്പേ ജോലി ചെയ്ത പ്രവർത്തകന്മാർക്കും പ്രവർത്തകമാർക്കും നന്ദി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അവർ രാപകൽ ഒന്നാക്കി ജൽസയുടെ ഒരുക്കങ്ങൾ എല്ലാവിധത്തിലും വിജയകരമാക്കാൻ ശ്രമിച്ചു. ഇപ്പോൾ അവിടെ വൈന്റപ്പ് നടക്കുകയാണ്. ഇക്കൂട്ടർ ഇപ്പോഴും ജോലി ചെയ്തുകൊണ്ടിരിക്കുകയാണ്.

ഇപ്പോൾ ഇവിടേയും ലോകത്തിലെ വലുതും വ്യവസ്ഥാപിതവുമായി പ്രവർത്തിക്കുന്ന ജമാഅത്തുകളിലും പ്രവർത്തകർ തങ്ങളുടെ വ്യക്തിതാൽപര്യങ്ങളും ജോലികളും പിൻപുറം തള്ളിക്കളഞ്ഞുകൊണ്ട് ജൽസയുടെ ഏർപാടുകൾക്കും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികളെ സേവിക്കുന്നതിനുമായി തങ്ങളുടെ മുഴുവൻ സമയവും സമർപിക്കുന്നതായി നമുക്ക് കാണാൻ സാധിക്കുന്നതാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജർമനി ജമാഅത്തും ആത്മാർഥതയിലും കൂറിലും വളരെ വളർന്ന ജമാഅത്താണ്. എന്നല്ല ചില ത്യാഗങ്ങളിൽ പല ജമാഅത്തുകളേക്കാളും വളരെ മുൻകടന്നവരാണ്. എവിടെയെങ്കിലും കുറവുണ്ടെങ്കിൽ ഭാരവാഹികളുടെ ജോലി ചെയ്യുന്ന രീതിയിലും ശരിയായ ജോലി ചെയ്യാത്തതിലും ചെയ്യിക്കാത്തതിലുമുള്ള കുറവാണ്. പക്ഷേ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തംഗങ്ങൾ വളരെ ത്യാഗം ചെയ്യുന്നവരാണ്. ജീവനും ധനവും സമയവും ത്യാഗം ചെയ്യുന്നവരാണ്. അല്ലാഹു അവരുടെ ആത്മാർഥതയും കൂറും വർധിപ്പിച്ചുക്കൊണ്ടിരിക്കുമാറാകട്ടെ.

ഇത്തവണ പങ്കെടുത്തവരുടെ എണ്ണം വർധിച്ചതിനുശേഷം ജമാഅത്ത് സംവിധാനത്തിനും അമീർസാഹിബിനും വിചാരമുണ്ടായിട്ടുണ്ട്. ഈ വിചാരം കഴിഞ്ഞ വർഷവും ഉണ്ടായിരുന്നു. ഞാനും കഴിഞ്ഞ കുറെ വർഷമായി അവരോടു പറഞ്ഞുകൊണ്ടിരുന്നതാണ്. പക്ഷേ, ഈ വർഷം ഗൗരവമുണ്ടായിട്ടുണ്ടെന്ന് തോന്നുന്നു. അമീർ സാഹിബും കേന്ദ്ര നാഷണൽ ആമിലായും ഭാരവാഹികളും തങ്ങളുടെ കൈയിലും തങ്ങളുടേതായ വലിയൊരു ജൽസാ ഗാഹ് വേണമെന്നുള്ള കാര്യം വളരെ ഗൗരവമായി എടുത്തിരിക്കുകയാണ്. ഇപ്രാവശ്യം അവർക്ക് പാർക്കിംഗ് തുടങ്ങിയവയുടെ പ്രശ്നമുണ്ടായിരുന്നു. ഇക്കാരണത്താൽ ട്രാഫിക്കിന്റെ പ്രശ്നങ്ങളുമുണ്ടായി. ഒരു അവസരത്തിൽ വീണ്ടും ആളുകൾക്ക് ജൽസഗാഹിൽ വന്ന് പരിപാടിയിൽ പങ്കെടുക്കുന്നതിനും ബുദ്ധിമുട്ടുണ്ടായി. അത്തരം അവസ്ഥകളിൽ പ്രത്യേകിച്ച് തിരക്ക് അധികമായിരിക്കുമ്പോൾ ഏർപാടുകളിൽ അല്പം കുറവുണ്ടായാൽതന്നെയും അത്തരം സ്ഥിതി ഉണ്ടാകുമെന്നത് പ്രകടമാണ്. അല്പം തൃപ്തിക്കേടുണ്ടായി. അതും ഉണ്ടാകേണ്ടത് സ്വാഭാവികമായിരുന്നു. താമസിച്ചതുകൊണ്ട് പങ്കെടുക്കാൻ കഴിയാത്തവർ വെറുപ്പ് പ്രകടിപ്പിക്കുകയും ചെയ്തു. ട്രാഫിക്കിലും പാർക്കിംഗിലും ഡ്യൂട്ടിയിലുണ്ടായിരുന്നവരും വിഷമിച്ചു. പക്ഷേ, അത്തരം അവസ്ഥകളിലും അല്ലാഹുവിന്റെ അനുഗ്രഹമാണ് ഫോണിൽ എം.ടി.എ കിട്ടുന്ന സൗകര്യമുണ്ടായിരുന്നതിനാൽ ആളുകൾ പ്രസംഗങ്ങൾ കേട്ടു. അല്ലെങ്കിൽ പരിപാടികൾ കണ്ടു; കേട്ടു. ജൽസയിലെ ഈ എല്ലാ കാര്യങ്ങളും എന്തെങ്കിലും വിപുലമായ ഏർപാടുണ്ടായിക്കേണ്ടതാണെന്നതിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നതാണ്. പിന്നെ ജൽസയുടെ തിയതികളും മറ്റുള്ളവർക്കനുസരിച്ച് നിശ്ചയിക്കേണ്ടതായി വരുന്നു. നമുക്ക് സ്വാതന്ത്ര്യമില്ല. ഇപ്രാവശ്യം ജൽസയുടെ ഹാളും നല്കിയത് തികച്ചും അവസാന നേരത്താണ്. ഈ എല്ലാ കാര്യങ്ങളും ജൽസ സംഘടിപ്പിക്കുന്നതിന് സ്വന്തം സ്ഥലം വേണമെന്ന കാര്യത്തിലേക്ക് സംഘാടകരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

ഒരു സ്ഥലം കണ്ടെത്തിയിട്ടുണ്ടെന്നും അത് സ്വന്തമാക്കുവാനുള്ള ശ്രമത്തിലാണെന്നും അമീർ സാഹിബ് എന്നോടു പറയുകയുണ്ടായി. ആ സ്ഥലം അദ്ദേഹത്തിന് ഇഷ്ടപ്പെട്ടിട്ടുമുണ്ട്. അല്ലാഹുവിന്റെ ദൃഷ്ടിയിൽ ആ സ്ഥലം ജമാഅത്തിന് ഉത്തമമായിട്ടുള്ളതാണെങ്കിൽ അതു വാങ്ങി സ്വന്തമാക്കുവാനുള്ള സംവിധാനം അല്ലാഹു ഒരുക്കുമാറാകട്ടെ. എല്ലാ കാര്യങ്ങളും എളുപ്പമാക്കട്ടെ. ജർമൻ ജമാഅത്തിന്റെ ആത്മാർഥതുടേയും കൂറിന്റേയും ത്യാഗത്തിന്റേയും ത്യാഗങ്ങൾ കണ്ടുകൊണ്ടും എനിക്കു പറയാൻ കഴിയും അതിനുവേണ്ടി കുറച്ചു ധനത്യാഗത്തിന് ആവശ്യം വന്നാൽ ജമാഅത്ത് ഇൻശാ അല്ലാഹ് ഈ ത്യാഗം ചെയ്യുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അല്ലാഹു അവരുടെ തൗഫീഖും വർധിപ്പിക്കുമാറാകട്ടെ.

ജർമൻ ജൽസയും ഇപ്പോൾ ആഗോള ജൽസയായിരിക്കുകയാണെന്ന് ഞാൻ ജർമനി ജൽസയുടെ അവസാന ദിവസം പറഞ്ഞിരുന്നു. യൂറോപ്യൻകാർക്ക് ജർമൻ ജൽസയിൽ പങ്കെടുക്കുക എന്നത് മുമ്പേയും എളുപ്പമായിരുന്നു. മുൻ റഷ്യയുടെ ഭരണപ്രദേശങ്ങൾ, ചില ആഫ്രിക്കൻ രാജ്യങ്ങൾ, തുടങ്ങി മറ്റു ചില രാജ്യങ്ങൾക്കും അവിടെ വരുന്നത് കൂടുതൽ എളുപ്പമാണെന്ന് ഇപ്രാവശ്യം തോന്നി. വിസകൾ പ്രയാസമൊന്നും കൂടാതെ ലഭിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ജർമനിയിലും ജൽസാ ഗാഹിന്റേയും ബന്ധപ്പെട്ട ഏർപാടുകളുടേയും കാര്യത്തിൽ വിശാലത കൈവരിക്കേണ്ടതുണ്ട്.

പ്രവർത്തകർക്ക് നന്ദി പറയുകയും ജൽ സയെ സംബന്ധിച്ച് ഇത്രയും കാര്യം പറയുകയും ചെയ്തതിനുശേഷം ഇനി ഞാൻ നിങ്ങളോടു ജൽസയിൽ പങ്കെടുത്തവരുടെ കുറച്ച് പ്രതികരണങ്ങൾ പറയുന്നതായിരിക്കും. ഇതിൽ നിന്ന് പ്രവർത്തകർ മാത്രമല്ല ജൽസയിൽ പങ്കെടുക്കുന്ന എല്ലാ അഹ്മദികളും തങ്ങളുടെ സൽസ്വഭാവവും പെരുമാറ്റവുംകൊണ്ട് അന്യർക്ക് നിശബ്ദ തബ്‌ലീഗ് ചെയ്യുന്നവരായിത്തീരുന്നു. ജൽസയുടെ ദിനങ്ങളിൽ അവിടെ ശനിയാഴ്ച ഉച്ചയ്ക്ക് അനഹ്മദികൾക്കും അമുസ്‌ലിമീങ്ങൾക്കും വേണ്ടി ഒരു പ്രത്യേക പരിപാടിയും ഉണ്ടാകാറുണ്ട്. അതിൽ എന്റെ പ്രസംഗവുമുണ്ടാകുന്നു. ഏറ്റവുമാദ്യം ഞാൻ അതിൽ പങ്കെടുത്തവരുടെ പ്രതികരണങ്ങളാണ് വിവരിക്കുന്നത്. ഈ പരിപാടിയിൽ മറ്റു നേരത്ത് തബ്‌ലീഗി സഭയും തബ്‌ലീഗി പരിപാടിയും ഉണ്ടാകുന്നു. അത് അവിടുത്തെ തദ്ദേശ സംഘാടകർ അതിഥികൾക്കുവേണ്ടി നടത്തുന്നതാണ്.

ഈ വർഷം തബ്‌ലീഗ് മീറ്റിംഗിൽ 1179 അതിഥികൾ പങ്കെടുത്തിരുന്നു. അതിൽ ജർമൻ അതിഥികളുടെ എണ്ണം 502 ആയിരുന്നു. മറ്റു യൂറോപ്യൻ ജനതകളുമായി ബന്ധം വെക്കുന്ന അതിഥികളുടെ എണ്ണം 341 ആയിരുന്നു. ഇതിനു പുറമെ അറേബ്യൻ രാജ്യങ്ങളുമായി ബന്ധം വെക്കുന്ന 157 പേർ വന്നിരുന്നു. 104 ഏഷ്യക്കാരായ അതിഥികളും 75 ആഫ്രിക്കക്കാരായ അതിഥികളും പങ്കെടുത്തിരുന്നു. ഇപ്രകാരം അവിടെ 67 ജനതയിൽപ്പെട്ട് അതിഥികളുടെ പ്രാതിനിധ്യമുണ്ടായിരുന്നു.

ഈ അതിഥികളിൽ ഒരാൾ മിസ്റ്റർ ഹൻസ് ഒലിവർ(Hans Oliver) ആയിരുന്നു. അദ്ദേഹം ഫ്രാങ്ക്ഫോർട്ടിലെ ഒരു ലോ ഫോറത്തിന്റെ സീനിയർ പാർട്ടണർ ആണ്. ഇതിന്റെ അടിസ്ഥാനത്തിൽ വക്കീലാണ്. അദ്ദേഹം പ്രബോധനപരമായ പരിപാടിയിൽ പങ്കെടുത്തിരുന്നു. എന്റെ പ്രസംഗം കേട്ടതിനുശേഷം തന്റെ അഭിപ്രായം പ്രകടിപ്പിച്ചു:'അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ പ്രസംഗം എന്നെ സംബന്ധിച്ചിടത്തോളം ആവേശഭരിതവും പ്രകമ്പനം കൊള്ളിക്കുന്നതുമായിരുന്നു. പിന്നീട് എഴുതുന്നു: പ്രത്യക്ഷത്തിൽ സമാധാനപൂർണവും സാധാരണവുമായ രീതിയിൽ കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ഒരവസ്ഥയിൽ വരാനിരിക്കുന്ന അപകടത്തെക്കുറിച്ചും യുദ്ധത്തെക്കുറിച്ചും മുൻകൂട്ടി മനസ്സിലാക്കുക എന്നത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം ഭാവിയിൽ സംഭവിക്കാൻ പോകുന്ന അപകടത്തിന്റെ യാഥാർഥ്യത്തെക്കുറിച്ച് മനസ്സിലാക്കുക മാത്രമല്ല മറിച്ച് കൂടെക്കൂടെ ലോകത്തെ ഉണർത്തുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഇപ്രകാരം അദ്ദേഹം എമിഗ്രേഷനെ എപ്രകാരമാണോ ഭരണകൂടത്തിന്റെ സാമാജികവും സാമ്പത്തികവുമായ നേട്ടങ്ങളോടു ബന്ധപ്പെടുത്തി കാണിച്ചത് ആ അപഗ്രഥനവും യാഥാർഥ്യമായിരുന്നു. പിന്നീട് പറയുന്നു: ഒരു നിയമജ്ഞൻ എന്ന നിലയിൽ ഞാൻ ഈ വശത്തെ എന്റെ കൂട്ടുകാരോടു വിവരിക്കാനും ഇരുഭാഗത്തിന്റേയും ആവശ്യകതയുടെ ഗ്രാഹ്യത്തെ പൊതുവാക്കാനും ആഗ്രഹിക്കുകയാണ്. കാരണം പൊതുവെ ഇവിടെ ജനങ്ങൾ അഭയാർഥികളുടെ വരവിന്റെ നെഗറ്റീവായിട്ടുള്ള കാര്യം മാത്രമെ പറയാറുള്ളു. എന്നാൽ, അതിനോടൊപ്പം ബന്ധപ്പെട്ടിരിക്കുന്ന രാജ്യങ്ങളുടേയും ജനതകളുടേയും നേട്ടങ്ങൾ അവഗണിച്ചു കളയുന്നു. അതാണെങ്കിൽ വളരെ പ്രധാനപ്പെട്ട വശമാണുതാനും.

ലുഫ്ത്താൻസ(Lufthansa)യിലെ വെരീനാ ലഡിഗ് സാഹിബ, അവർ എയർലൈനിലെ ഐ.ടി.ഡിപ്പാർട്ട്മെന്റിന്റെ എക്സപേർട്ടാണ് പറയുന്നു: ഞാൻ പ്രസംഗം കേൾക്കുന്ന സമയത്ത് നിരന്തരം ചിന്തിക്കുകയായിരുന്നു, മറ്റു നേതാക്കളും സംസാരിക്കാറുണ്ട്. ലോകം നേരിടേണ്ടിവരുന്ന അപകടങ്ങളിൽനിന്ന് രക്ഷപ്പെടണമെന്ന് ഉപദേശിക്കാറുമുണ്ട്. പിന്നീട് പറയുന്നു: ലോകസമാധാനത്തെക്കുറിച്ച് സംസാരിക്കുക എന്നത് നേതാക്കൻമാരുടെ ചൂടേറിയ വിഷയമാണ്. എന്നാൽ, അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ സംഭാഷണത്തിലുണ്ടായിരുന്ന ശക്തി ഞാൻ മറ്റൊരിടത്തും കണ്ടിട്ടില്ല. രണ്ടാമത്തെ കാര്യം എന്താണെന്നാൽ വളരെ വിശദമായ അന്വേഷണവുമായിരുന്നു. അതിൽനിന്ന് അഗാധമായ വേദനയും പ്രകടമായിരുന്നു. ഈ

വേദനയില്ലായിരുന്നെങ്കിൽ ആർക്കും ഇത്ര വിശദമായ അപഗ്രഥനം അവതരിപ്പിക്കാൻ കഴിയുമായിരുന്നില്ല. വീണ്ടും പറയുന്നു: മതപരമായ വീക്ഷണകോണിലൂടെ മാത്രമല്ല, പ്രത്യുത സാമാജികവും സാമ്പത്തികവുമായ കാര്യങ്ങൾ ഉദ്ധരിച്ച് ലോകത്തിന്റെ നേതൃത്വവും വ്യക്തമാക്കി. അതായത് ലോകസമാധാനം ദൈവഭയവുമായി ബന്ധപ്പെട്ടതാണെന്ന്.

സ്വാർത്ഥ താല്പര്യങ്ങൾക്കതീതമായി ചിന്തിച്ച് നമ്മൾ നീക്കം നടത്തിയില്ലെങ്കിൽ ആറ്റോമിക് യുദ്ധത്തിന്റെ ഫലമായുണ്ടാകുന്ന നാശത്തിന് നമ്മൾതന്നെ ഉത്തരവാദികളായിരിക്കും. വീണ്ടും അവർ പറയുന്നു: എന്റെ അഭിപ്രായത്തിൽ വിദ്വേഷത്തിന്റെ മറയില്ലെങ്കിൽ മനുഷ്യന്റെ രോമം എഴുന്നു നിൽക്കാൻ ഈ ഒരു മുന്നറിയിപ്പു മാത്രം മതി. വിധികർത്താക്കളുടെ അടുക്കൽ ഈ സന്ദേശം എത്തേണ്ടതാണ്. എന്തുകൊണ്ടെന്നാൽ മനുഷ്യത്വത്തിന്റെ വ്യാപകമായ ഉന്നമനത്തിന് ഗ്ലോബൽ തലത്തിൽ ഇതിനെക്കുറിച്ചുള്ള അവബോധം നിർബന്ധമാണ്.

മിസ്റ്റർ ക്ലൗസും (Mr.Clouse) മിസിസ് ഹേഡേ(Miss.Heide)യും ദമ്പതികളാണ്. ഇവർ പറയുന്നു: 'ഇവിടെ വരുന്നതിനുമുമ്പേ ഞങ്ങൾ വളരെ ഭയന്ന അവസ്ഥയിലായിരുന്നു. വർഷങ്ങളായി ജമാഅത്തിനെ കുറിച്ച് പരിചയമുണ്ടായിരുന്നെങ്കിലും! എന്നാൽ, ജൽസയിൽ വരുമ്പോൾ ഞങ്ങൾക്ക് സംരക്ഷണമുണ്ടായിരുന്നു. ഭയത്തിന്റെ അടിത്തറ ഇസ്‌ലാമിനേയും മുസ്‌ലിമീങ്ങളേയും കുറിച്ച് മാധ്യമങ്ങളിൽനിന്നു കേട്ട വിവരങ്ങൾ മാത്രമായിരുന്നു. അതുകൊണ്ട് ഇന്നിവിടെ വന്നുടനേയും വളരെ പരിഭ്രമിച്ചിരുന്നു. എങ്ങനെയുള്ള ആൾക്കൂട്ടമായിരിക്കുമെന്ന് അറയില്ലല്ലോ. പക്ഷേ, ഇവിടെ വന്നതിനുശേഷം ഞങ്ങൾ ഭാര്യയും ഭർത്താവും എത്രമാത്രം റിലാക്സാണെന്നാൽ ഞങ്ങൾക്ക് ഞങ്ങളുടെ ചുറ്റുപാടിൽ ചുറ്റിക്കറങ്ങുന്നതുപോലെ അനുഭവപ്പെടുന്നു.

ഇത് ഞാൻ ധാരാളം ഉദാഹരണങ്ങളിൽനിന്ന് എടുത്ത് ഏതാനും ചിലതാണ്. ഇനി ജൽസയെ സംബന്ധിച്ച പൊതുവായ ചില അഭിപ്രായങ്ങൾ വിവരിക്കാം.

മസിഡോണിയാ(Macedonia)യിൽനിന്ന് 17 പേരടങ്ങുന്ന ഒരു സംഘം വന്നിരുന്നു. ഇതിൽ 8 പത്രപ്രവർത്തകരുമുണ്ടായിരുന്നു. അവർ രണ്ടു പ്രാദേശിക ടി.വി.യുമായും 6 ദേശീയ ടി.വിയുമായും മറ്റു ന്യൂസ് ഏജൻസികളുമായും ബന്ധപ്പെട്ടവരായിരുന്നു. അവർ ജൽസ പരിപാടികൾക്കു പുറമെ ചില ആളുകളുമായി അഭിമുഖവും നടത്തി. ഞാനുമായും ചോദ്യോത്തര പരിപാടിയുണ്ടായിരുന്നു. പത്രപ്രവർത്തകർക്കുപുറമെ 15 ക്രൈസ്തവ സ്നേഹിതരും 23 അനഹ്മദി മുസ്‌ലിമീങ്ങളും 24 അഹ്മദി മുസ്‌ലിമീങ്ങളുമുണ്ടായിരുന്നു. അനഹ്മദി മുസ്‌ലിം അതിഥികളിൽ 5 പേർ ഈ ജൽസയ്ക്കിടയിൽ അതിന്റെ പരിപാടികൾ കണ്ട് ബയ്അത്തും ചെയ്തു. അവർ ആദ്യമെ നമ്മുടെ അനുകൂലികളായിരുന്നു.

മസിഡോണിയാ(Macedonia)സംഘത്തിലെ ഒരു അംഗം അലക്സാൻട്രാ ഡൊനേവ (Aleksandra Doneva) സാഹിബ ആദ്യമായാണ് ജൽസയിൽ പങ്കെടുക്കുന്നത്. കവിതാത്മകവും തത്ത്വജ്ഞാനപരവുമായ അവരുടേതായ ഒരു വിവരണ ശൈലിയുണ്ട്. അതുകൊണ്ട് ഞാൻ അത് വിവരിക്കാൻവേണ്ടി എടുത്തുവച്ചിരിക്കുന്നു. അവർ പറയുന്നു: വീട്ടുകാരില്ലാതെ വീടിനെ കുറിച്ച് എന്തു സങ്കല്പിക്കാനാണ്? ധാർമികതയില്ലാതെ മനുഷ്യത്വത്തെ കുറിച്ച് സങ്കല്പിക്കാൻ കഴിയുമോ? മനുഷ്യന്റെ യാഥാർഥ്യം മതവും വിശ്വാസവും കൂടാതെയില്ല. സ്നേഹമില്ലാതെ മനുഷ്യത്വം എന്തു സങ്കല്പിക്കാനാണ്? മനുഷ്യന്റെ ആത്മാവിന്റെ പരിശുദ്ധി സമാധാനത്തോടെ ഇരിക്കുന്നതിലും സമാധാനം വ്യാപിക്കുന്നതിലൂടേയുമാണ് കരസ്ഥമാകുന്നത്. ഇപ്രകാരംതന്നെ ആത്മാവിന്റെ പരിശുദ്ധി സഹിഷ്ണുതയിലും പരസ്പരം ആദരിക്കുന്നതിലും ബഹുമാനിക്കുന്നതിലും ഗോപ്യമാണ്. ദൈവത്തിൽ ദൃഢമായും വിശ്വസിക്കുകയും ഭൂമിയിൽ ഭാവി ഉത്തമമാക്കുകയും ചെയ്യുക എന്നത് മനുഷ്യന് നിർബന്ധമാണ്. മനുഷ്യത്വത്തെ സംരക്ഷിക്കാൻ കഴിയുന്ന ഒരു മാർഗമാണത്. അഹ്മദിയ്യാ ജമാഅത്ത് ഈ എല്ലാ കാര്യങ്ങളും ചെയ്തുകൊണ്ടിരിക്കുന്നു. അഹ്മദി സമാധാനം പ്രചരിപ്പിക്കുന്നു. സമാധാനത്തിന്റെ പാഠം നല്കുന്നു. ധാർമികതകൾ സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. ഈ എല്ലാ കാര്യങ്ങളും ചെയ്യാൻ മനുഷ്യകുലം പ്രാപ്തരാകുന്നതിന് പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. അഹ്മദിയ്യത്ത് ജനങ്ങളെ ഒരിടത്ത് സംഘടിപ്പിക്കുന്നു. അവർക്ക് ആരാധനയുടെ ലഹരി പിടിച്ചിരിക്കുകയാണ്.

ജനങ്ങൾ ആത്മീയതയിൽ അഭിവൃദ്ധിപ്പെടുന്നവരാകണമെന്ന് അഹ്മദിയ്യത്ത് ആഗ്രഹിക്കുന്നു. അവരിൽ ഐക്യം സ്ഥാപിതമാകണം. അവർ ദൈവത്തിന്റെ സമീപസ്ഥരാവണം. ഈ വർഷം ജൽസസാലാനയിൽ പുഞ്ചിരിക്കുന്ന മുഖത്തോടുകൂടി വളരെ നല്ല ധാരാളമാളുകളെ ഞാൻ കണ്ടു. അവർ ഞങ്ങളെ വളരെ ആദരിച്ചുകൊണ്ടിരുന്നു. നല്ല സ്വഭാവത്തോടുകൂടി നല്ല ജീവിതം നയിക്കാൻ കഴിയുമെന്ന് അവർ ദൃഢമായും വിശ്വസിക്കുന്നവരാണ്.

അവർ പറയുന്നു: ഞാൻ കൃതജ്ഞതാപരമായ വികാരങ്ങളോടുകൂടി സാക്ഷി പറയുകയാണ്, ദൈവത്തിൽ ദൃഢവിശ്വാസവും ഈമാൻ വളരെ ശക്തവുമായ ഒരു പറ്റമാളുകളെ ഞാൻ കണ്ടു. നിങ്ങൾ ഈ ജോലി തുടർന്നകൊണ്ടുപോകുമെന്നും ഇതുസംബന്ധമായി കൂടുതൽ ശ്രദ്ധയും സ്നേഹവും തുടരുമെന്നും ഞാൻ പ്രതീക്ഷിക്കുകയാണ്. പിന്നീട് ജീവിതത്തിന്റെ യഥാർഥ ഉദ്ദേശ്യവും വിലയും എന്താണെന്ന് അറിയുന്ന ഒരു കാലം വരും.'

അഹ്മദിയല്ലാത്ത ഒരാളുടെ അഭിപ്രായ പ്രകടനമാണിത്. ഈ പ്രതികരണം നമ്മെ യഥാർഥത്തിൽ നമ്മുടെ ജീവിതത്തിന്റെ ഉദ്ദേശ്യം തിരിച്ചറിയുന്നവരും ആ ഉദ്ദേശ്യം കരസ്ഥമാക്കുന്നവരും ആക്കിത്തീർക്കുന്നതിലേക്ക് കൊണ്ടുവരാൻ പ്രേരിപ്പിക്കുന്നതാകണം.

മസിഡോണിയാ(Macedonia)സംഘത്തിൽപ്പെട്ട ഒരു ടി.വി റിപ്പോർട്ടറാണ് സൊറാൻകൊ സോരൻസ്കി സാഹിബ്(Zoranco Zorinski). അദ്ദേഹം പറയുന്നു: 'ഞാൻ രണ്ടാം തവണയാണ് ജൽസയിൽ പങ്കെടുക്കുന്നത്. എനിക്കു ലഭിച്ച വലിയ ബഹുമതിയാണിത്. ജൽസയിലെ സംവിധാനങ്ങൾ വളരെ ഉന്നത നിലവാരത്തിലുള്ളതായിരുന്നു. കഴിഞ്ഞ വർഷത്തെക്കാൾ എന്തുകൊണ്ടും മികച്ചതായിരുന്നുവെന്ന് ഞാൻ കരുതുന്നു.' പിന്നീട് പറയുന്നു: അങ്ങയുടെ പ്രസംഗം ഞാൻ നല്ലവണ്ണം ആസ്വദിച്ചു. ഓരോ വാക്കും മനുഷ്യത്വത്തിന്റെ ഒരു അധ്യായമായിരുന്നു. 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്' എന്നത് ഒരു സാർവലൗകിക സന്ദേശമാണ്.' വീണ്ടും പറയുന്നു: അല്ലാഹുവിൽ വിശ്വസിക്കുകയും മുഴുവൻ ആളുകളെയും സഹായിക്കുകയും ചെയ്യുക എന്നത് ജനങ്ങൾക്കിടയിലുള്ള ഭിന്നതകൾ ദൂരീകരിക്കുന്നതായിരിക്കും. വീണ്ടും എഴുതുന്നു: അഹ്മദിയ്യ ജമാഅത്ത് ജനങ്ങളെ പോസിറ്റീവായിട്ടുള്ള കാര്യങ്ങളാണ് പഠിപ്പിക്കുന്നത്. ഞാൻ നടത്തിയ പത്രസമ്മേളനത്തെ കുറിച്ച് പറയുന്നു: പത്രപ്രവർത്തകർക്കു നല്കിയ മറുപടികൾ മനുഷ്യത്വത്തിന്റെ അടിസ്ഥാനപരമായ മൂല്യങ്ങളുടെ പ്രകടനമായിരുന്നു. അദ്ദേഹം പറയുന്നു: ഞാനും പത്രപ്രവർത്തകനാണ്. ഞാൻ ഏതെങ്കിലും നേരത്ത് അങ്ങുമായി ഇന്റർവ്യൂ നടത്താൻ ശ്രമിക്കുന്നതായിരിക്കും. വീണ്ടും പറയുന്നു: അങ്ങ് സദുപദേശങ്ങൾ നല്കുന്നു. കൂടുതൽ ആളുകൾ അഹ്മദിയ്യത്ത് സ്വീകരിക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു; അവർ മനുഷ്യകുലത്തിന്റെ ഉന്നമനത്തിന് പണിയെടുക്കുന്നവരായിരിക്കും." ഇസ്‌ലാം ഇൻശാഅല്ലാഹ് അഹ്മദിയ്യത്തിലൂടെ വ്യാപിക്കേണ്ടതാണെന്ന് ജനങ്ങൾക്ക് കാണാൻ കഴിയുന്നു.

വോജോ മാനേവ്സ്കി (Vojo Manevski) സാഹിബ് പറയുന്നു: ഞാൻ ആഴത്തിൽച്ചെന്ന് അഹ്മദി മുസ്‌ലിമീങ്ങളുടെ സന്ദേശം മനസ്സിലാക്കി. പത്രപ്രവർത്തകൻ എന്ന നിലയിൽ വിവിധ മതങ്ങളിൽ സാമ്യമുള്ള അധ്യാപനങ്ങൾ പരിശോധിച്ചു. മതത്തിന്റെ അടിത്തറ അല്ലാഹുവിനോടുള്ള സ്നേഹത്തിലും മനുഷ്യകുലത്തോടുള്ള സ്നേഹത്തിലുമധിഷ്ഠിതമാണ്. ഇത് ഇന്നത്തെ കാലത്ത് വളരെ അത്യാവശ്യമായിട്ടുള്ള സന്ദേശമാണ്. ലോകത്തെ കഠിനമായ പ്രതിസന്ധിയിൽ അകപ്പെടുത്തുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാരം ഈ സ്നേഹസന്ദേശത്തിലുണ്ട്. ഇന്ന് യൂറോപ്പിന്റെ ഏറ്റവും വലിയ പ്രശ്നം വലതുപക്ഷ രാഷ്ട്രീയക്കാരുടെ ശക്തിയിലുള്ള വർധനയാണ്. ഇത് ചർച്ചയിലൂടെ മാത്രമെ പരിഹരിക്കാൻ കഴിയുകയുള്ളു. അത് വിവിധ മതങ്ങൾക്കും സംസ്കാരങ്ങൾക്കും നാഗരികതകൾക്കുമിടയിൽ നടക്കേണ്ടതാണ്. നമ്മൾ ദൈവത്തെ അന്വേഷിക്കുകയാണെങ്കിൽ നമ്മൾ തമ്മിൽ അധിക വ്യത്യാസമൊന്നുമില്ലെന്ന് മനസ്സിലാകുന്നതായിരിക്കും. വീണ്ടും പറയുന്നു, എത്ര നമ്മൾ ദൈവത്തിൽനിന്ന് അകന്നു നില്ക്കുന്നുവോ അത്രയും നമ്മൾ മനുഷ്യത്വത്തിൽനിന്നും ജനങ്ങളിൽനിന്നും അകലത്തായിരിക്കും. ഭൗതികതയുടെ കാലം ആത്മീയ ജീവിതത്തേയും പരസ്പര ബന്ധങ്ങളേയും അവസാനിപ്പിക്കുന്നു. അതുകൊണ്ട് നമ്മൾ നമ്മുടെ കുടുംബത്തേയും സുഹൃത്തുക്കളേയും സംരക്ഷിക്കുകയും ബന്ധങ്ങൾ കാത്തുരക്ഷിക്കുകയും ചെയ്യുക.'

ജാനീറെഡ്ജെപോവ്(Jani Redjepov) സാഹിബ് പറയുന്നു: എന്റെ കുടുംബത്തോടൊപ്പമാണ് ഞാൻ ജൽസയിൽ പങ്കെടുക്കുന്നത്. ജൽസ വളരെ നന്നായിരുന്നു. അതൊരു ഗംഭീര അനുഭവമായിരുന്നു. വീണ്ടും പറയുന്നു: മസിഡോണിയാ(Macedonia)യിൽ ഞാൻ ആദ്യമായി അഹ്മദിയ്യത്തിന്റെ സന്ദേശം കേട്ടപ്പോൾ അഹ്മദിയ്യത്തിന്റെ സന്ദേശം ജനങ്ങൾക്ക് പോസിറ്റീവായിട്ടുള്ള മാർഗദർശനത്തിന് പ്രയോജനപ്പെടുമെന്നുതന്നെ എനിക്കു ബോധ്യമായി. ആദ്യം എന്റെ കുടുംബം ഈ സന്ദേശം സ്വീകരിച്ചു. പിന്നീട് എനുക്കു മാർഗദർശനം നല്കി. ജൽസസാലാനയിൽ പങ്കെടുക്കുന്നതിന് ഏർപാടു ചെയ്തു തന്ന അങ്ങയ്ക്കു നന്ദി.

താൻജ(Tanja)സാഹിബ പറയുന്നു: ഞാനാദ്യമായാണ് ജൽസയിൽ വരുന്നത്. ഇവിടെ എനിക്കെല്ലാം പുതിയതായിരുന്നു. വളരെ നല്ലതായിരുന്നു. എല്ലാ ഏർപാടുകളും വളരെ മികച്ചതായിരുന്നു. പ്രത്യേകിച്ചും പ്രവർത്തകരായ സന്നദ്ധസേവകരുടെ പെരുമാറ്റം വളരെ സൗഹാർദപരമായിരുന്നു. പുഞ്ചിരിക്കുന്ന മുഖങ്ങളുമായി അവർ ഞങ്ങളോടു പെരുമാറി. വളരെ സന്തോഷത്തോടെ അവർ പണി എടുത്തുകൊണ്ടിരുന്നു.

ബൾഗേറിയാ(Bulgaria)യിലെ ഒരു യൂണിവേഴ്സിറ്റി വിദ്യാർഥി പറയുന്നു: ആളുകൾ വളരെ സഹതാപികളായിരുന്നു. അക്കാരണത്താലാണ് ഇപ്പോൾ ഞാൻ ഇവിടെയുള്ളത്. ബയ്അത്ത് പരിപാടി ഞാൻ ഒരു തീർഥാടകൻ എന്ന നിലയിലാണ് നോക്കിക്കണ്ടത്. എന്റെ വികാരങ്ങൾ പ്രകടിപ്പിക്കാൻ എനിക്കു വാക്കുകളില്ല. ജനങ്ങളെ ഇത്തരത്തിൽ സംഘടിപ്പിക്കുക എന്നത് വമ്പിച്ചൊരു കാര്യമാണ്.

ബൾഗേറിയായിൽനിന്ന് 49 പേരടങ്ങുന്ന സംഘമാണ് പങ്കെടുത്തത്. 15 അഹ്മദികളും അനഹ്മദികളും ക്രിസ്ത്യാനികളുമടങ്ങുന്ന 34 പേരും അവരിലുണ്ടായിരുന്നു. സംഘത്തിൽപ്പെട്ട ഒരു ക്രൈസ്തവ വനിത ജൂലിയാ(Yulia) സാഹിബ പറയുന്നു: 'ജൽസയിൽ പങ്കെടുക്കുന്ന ആയിരക്കണക്കിന് ആളുകളിൽ ഞാനും പങ്കാളിയായിരിക്കുന്നു എന്ന കാര്യമോർത്ത് ഞാൻ വികാരാധീനയാവുകയാണ്. ഞാനൊരു ക്രിസ്ത്യാനിയാണെങ്കിലും എനിക്ക് താങ്കളുടെ ഈ പ്രഭാഷണം വളരെ ഇഷ്ടപ്പെട്ടു. താങ്കളുടെ പ്രാർഥനകൾ ഹൃദയത്തെ സ്വാധീനിക്കുന്നവയായിരുന്നു. വിശുദ്ധ ഖുർആൻ പാരായണവും എനിക്കിഷ്ടമായി. വിദ്യാർഥികൾക്കുള്ള സമ്മാനങ്ങളും താങ്കൾ സ്വന്തം കൈകൊണ്ടു തന്നെ നൽകി എന്നുള്ളത് പ്രശംസനീയമായ കാര്യമാണ്. അങ്ങയുടെ ദുആ സ്വീകരിക്കപ്പെടട്ടെ എന്ന് അവർ വീണ്ടും ദുആ ചെയ്യുന്നു.

ബൾഗേറിയൻ സംഘത്തിലെ ക്രസ്മിറാ (Krasrmira)സാഹിബ പറയുന്നു: 'എനിക്ക് ജർമൻ ജൽസയിൽ ഇത് മൂന്നാം തവണയാണ് പങ്കെടുക്കുവാനുള്ള അവസരം ലഭിക്കുന്നത്. ഓരോ വർഷവും പുതിയ പുതിയ കാര്യങ്ങൾ പഠിക്കാൻ കഴിയുന്നു. ഞാനൊരു ഫിസിയോതെറാപ്പിസ്റ്റും സൈക്കോളജിസ്റ്റുമാകുന്നു. അതുകൊണ്ടുതന്നെ ഞാൻ പ്രഭാഷണങ്ങൾ വളരെ ശ്രദ്ധയോടെ കേൾക്കാറുണ്ട്. ഈ പ്രഭാഷണങ്ങളിൽ വിവരിക്കപ്പെടുന്ന, അഹ്മദിയ്യാ ജമാഅത്തിന്റെ അധ്യാപനങ്ങൾ മുഖേന എനിക്കെന്റെ ഓരോ രോഗിയുടെയും പ്രശ്നങ്ങൾ അനായാസം പരിഹരിക്കാൻ സാധിക്കും. എനിക്കുവേണ്ടിയുള്ള ഫലപ്രദമായ ഉപദേശങ്ങളുമായിട്ടാണ് ഞാൻ തിരിച്ചുപോകാറ്.'

ബൾഗേറിയൻ സംഘത്തിലെ ഒരു ക്രൈസ്തവ സ്ത്രീ ഇവാങ്ക(Ivanka) സാഹിബ പറയുന്നു: 'എനിക്ക് ആദ്യമായാണ് ജർമൻ ജൽസസാലാനയിൽ പങ്കെടക്കാൻ അവസരം കിട്ടിയത്. ഞാൻ എല്ലാ കാര്യങ്ങളും കണ്ട് യഥാർഥത്തിൽ അത്ഭുതപ്പെട്ടുപോയി. പ്രത്യേകിച്ചും ഗ്ലാസുകളിൽ ഞങ്ങൾക്ക് വെള്ളം നല്കിയ പെൺകുട്ടികളിൽ വളരെ ആകൃഷ്ടയായി.'

ഗാലിയ (Galia)സാഹിബ പറയുന്നു: 'ഞാൻ മൂന്നു ദിവസവും ജർമനി ജൽസസാലാനയിൽ പങ്കെടുത്തു. ജൽസയുടെ ആതിഥ്യവും ഏർപാടുകളും എന്നെ ഹഠാദാകർഷിച്ചു. ജൽസയുടെ അവസരത്തിൽ എനിക്ക് കണ്ടുമുട്ടാൻ കഴഞ്ഞ സൽപ്രകൃതരും നല്ല ഉദ്ദേശ്യം വെച്ചുപുലർത്തുന്നവരുമായവരും എന്നെ വളരെ ആകർഷിച്ചു.

ഹംഗറിയിൽനിന്നും ഈ വർഷം പ്രതിനിധി സംഘം വന്നിരുന്നു. അവരിൽ 8 അതിഥിയും 11 അഹ്മദിയും ഉണ്ടായിരുന്നു. റോമാ ജനതയുമായി ബന്ധം വെക്കുന്ന സാവാ വിൻസ് (Szava Vince) സാഹിബ് പറയുന്നു: 'ഞങ്ങളുടെ ജനതയുടെ ഉന്നമനത്തിനും ക്ഷേമത്തിനും അവരെ നിയമപരമായി സഹായിക്കുന്നതിനും ഞങ്ങൾ ഒരു സംഘടന ഉണ്ടാക്കി. ഈ സംഘടനയിൽ പതിനാറായിരത്തിലധികം മെമ്പർമാരുണ്ട്. ജൽസയിൽ ആദ്യമായാണ് ഞാൻ പങ്കെടുക്കുന്നത്.' ഇദ്ദേഹം പറയുന്നു: 'തന്റെ ജോലി കാരണത്താൽ അദ്ദേഹത്തിന് വിവിധ ആളുകളെ കണ്ടുമുട്ടേണ്ടിവരുന്നു. ഇദ്ദേഹം വിവിധ പരിപാടികളിൽ പോകുന്നു. അതിൽ പങ്കെടുക്കുന്നു. യഹൂദികളുടെ പരിപാടികളിലും പോയിട്ടുണ്ട്.' അദ്ദേഹം പറഞ്ഞു: 'ഏതൊരു സ്നേഹവും മാനവികതയോടുള്ള ആദരവും സമഭാവനയും സാഹോദര്യവും ഇവിടെ വന്നു കണ്ടുവോ അങ്ങനെയൊരിക്കലും എന്റെ ജീവിതത്തിൽ കണ്ടിട്ടില്ല. മറ്റൊരു പരിപാടിയിലും കണ്ടിട്ടില്ല. അദ്ദേഹം ജമാഅത്തിന് നന്ദി പറഞ്ഞു. ഇവിടെ വന്ന് ഇതെല്ലാം സ്വയം കാണുന്നതിന് ജമാഅത്ത് എനിക്ക് അവസരം നല്കി. 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്' എന്ന് നമ്മൾ പറയുന്നതിന്റെ കർമപരമായ പ്രകടനമാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. തന്റെ ഒരു ലൈഫ് ടൈം അനുഭവമാണിതെന്ന് അദ്ദേഹം പറയുന്നു. അതൊരിക്കലും വിസ്മരിക്കാൻ കഴിയുകയില്ല. ഇദ്ദേഹം ജൽസയിൽ പങ്കെടുത്ത കാരണത്താൽ ഒരു പ്രത്യേക വികാരാവസ്ഥയിലാണുള്ളത്. വീണ്ടും പറയുന്നു: തന്റെ നാട്ടിൽ, അവിടെ മുസ്‌ലിം അഭയാർഥികളുടെ പ്രശ്നങ്ങൾ കാരണത്താൽ അവർക്ക് വെറുപ്പാണ്, നമ്മൾ മുസ്‌ലിമീങ്ങൾക്കുവേണ്ടി മുമ്പത്തേതിനേക്കാളുപരി ശബ്ദമുയർത്തിക്കൊണ്ടിരിക്കണം. മുമ്പേതന്നെ ശബ്ദമുയർത്തിക്കൊണ്ടിരിക്കുന്നുണ്ട്. പക്ഷേ, ഇനി ശക്തമായ ബഹളത്തോടുകൂടി ശബ്ദം ഉയർത്തുന്നതായിരിക്കും; മീഡിയ മുസ്‌ലിമിനെ കുറിച്ച് പറയുന്നതെല്ലാം തികച്ചും തെറ്റാണ്.'

യമൻകാരിയാണ് വഫാ ഹസൻ ശർമാനീ സാഹിബ. തന്റെ മക്കളും മാതാവുമൊത്ത് ഹിജ്റത്ത് ചെയ്ത് ഹംഗറിയിൽ വന്നതാണ്. അവർ പറയുന്നു: ജൽസയിൽ കഴിഞ്ഞവർഷവും ഈ വർഷവും പങ്കെടുത്തു. കഴിഞ്ഞവർഷം ഇവർ സ്ത്രീകളുടെ ഭാഗത്തേക്ക് പോയപ്പോൾ അവർ പറയുന്നു, താൻ തന്നെ കൂടുതൽ സുരക്ഷിതയായി കണ്ടു. അതുകൊണ്ട് ഈ വർഷം അവിടെത്തന്നെ ഇരുന്നാണ് പരിപാടികൾ ശ്രവിച്ചത്. അവർക്ക് അത് ഒരു പ്രത്യേക ആത്മീയത നിറഞ്ഞതും വികാരപരവുമായ അന്തരീക്ഷമായിരുന്നുവെന്ന് പറയുന്നു.

മറ്റൊരു അതിഥിയാണ് ബേസിം ജോസി (Basim Gjozi) സാഹിബ്. അവസാന ദിവസം ബയ്അത്ത് ചെയ്ത് ജമാഅത്തിൽ അദ്ദേഹം പ്രവേശിച്ചു; അതിനു താൻ അല്ലാഹുവിനോടു ഒരുപാട് കൃതജ്ഞത രേഖപ്പെടുത്തുന്നുവെന്ന് അദ്ദേഹം പറയുന്നു.

മറ്റൊരു അതിഥിയാണ് സിനാൻ ബ്രഷാനാജ് (Sinan Breshanaj)സാഹിബ്. അദ്ദേഹം പറയുന്നു: 'കുറച്ചുവർഷം മുമ്പേ അങ്ങയുമായി നടത്തിയ കൂടിക്കാഴ്ച തന്നെയായിരുന്നു ജമാഅത്തിൽ പ്രവേശിക്കുന്നതിന് എനിക്ക് നിമിത്തമായിരുന്നത്.' അദ്ദേഹം പറയുന്നു: 'ആ നേരം മുതൽ അദ്ദേഹം ആകൃഷ്ടനായിരുന്നു. അതിനുശേഷം എല്ലാ വർഷവും ജൽസയിൽ പങ്കെടുക്കുന്നു.'

മറ്റൊരു അഹ്മദി സുഹൃത്താണ് ബേക്കിം ബിസി(Bakim Bici) സാഹിബ്. അദ്ദേഹം പറയുന്നു: ഞാൻ 2004-ൽ ബയ്അത്ത് ചെയ്തു. ജേർണലിസത്തിൽ ഗ്രാജുവേഷനിൽ ഉന്നത വിജയം കരസ്ഥമാക്കി. ഇതിന്റെ അടിസ്ഥാനത്തിൽ 2016-ലെ ജൽസസാലാനയിൽ ഞാൻ മെഡലും നേടിയിരുന്നു. അതിനുശേഷം ഞാൻ അൽബാനിയായിൽ ഓൺലൈൻ പത്രങ്ങളിൽ പത്രപ്രവർത്തന ജോലി ചെയ്തു. കഴിഞ്ഞ വർഷം ജൽസസാലാനയിൽ വരാൻ ഞാൻ അവധിക്കുവേണ്ടി അപേക്ഷിച്ചപ്പോൾ അനുവാദം കിട്ടിയില്ല. അപ്പോൾ ഞാൻ ജോലി രാജിവെച്ചു. കാരണം എനിക്ക് ഈ ജൽസയിൽ പങ്കെടുക്കാതിരിക്കാൻ കഴിയുമായിരുന്നില്ല. അദ്ദേഹം പറയുന്നു: അല്ലാഹു അതേദിവസം തന്നെ എനിക്ക് മറ്റൊരു മീഡിയാ കമ്പനിയിൽ ജോലി ശരിയാക്കിച്ചു. ഈ വർഷവും ജൽസയിൽ പങ്കെടുത്തതിനുശേഷം ജോലിക്കു വരാൻ പറ്റുകയുള്ളൂ എന്ന എന്റെ നിബന്ധനയും അവർ അംഗീകരിച്ചു. അദ്ദേഹം പറയുന്നു: ഇപ്രകാരം ഈ വർഷവും ഒരു ഓൺലൈൻ പത്രത്തിൽ ജോലി ചെയ്യാൻ തുടങ്ങിയിട്ട് 4 മാസമേ ആയുള്ളൂ. കമ്പനിയുടെ നിയമങ്ങളനുസരിച്ച് 6 മാസത്തിനു മുമ്പേ അവധി കിട്ടുമായിരുന്നില്ല. എന്നിട്ടും ഞാൻ ജൽസയ്ക്കുവരാൻ അപേക്ഷ നല്കി. അതു അനുവദിച്ചില്ല. ഞാൻ രാജിവെച്ചു. അതേ ദിവസം എനിക്ക് മൂന്നു കമ്പനിയിൽനിന്ന് ജോലിയുടെ ഓഫർ കിട്ടി. ഞാനാണെങ്കിൽ ജർമൻ ജൽസാസാലാനയിൽ പങ്കെടുത്ത് തിരിച്ചുവന്നതിനുശേഷമേ ജോലിക്ക് വരികയുള്ളൂവെന്ന് നിബന്ധനയുംവച്ചു. എന്റെ ഈ നിബന്ധന അവർ സ്വീകരിച്ചു.' പുതിയതായി വരുന്നവർ ദുൻയാവിനേക്കാൾ ഈമാനിനെ മുന്തിക്കുന്നതിന്റെ യഥാർഥ ഉദാഹരണമാണിത്.

ഒരു അഹ്മദി സുഹൃത്താണ് ഗിസിം മുശാഖി(Gezim Muzhaqi) സാഹിബ്. ഒരു നിർമതവാദ സൊസൈറ്റിയുമായി ബന്ധപ്പെട്ടയാളായിരുന്നു അദ്ദേഹം. ഏതാനും വർഷം മുമ്പേ ജമാഅത്തുമായി ബന്ധപ്പെടാൻ സാധിച്ചു. മതപരമായ, പ്രത്യേകിച്ചും ഇസ്‌ലാമുമായി ബന്ധപ്പെട്ട് അഹ്മദിയ്യാ ജമാഅത്ത് നൽക്കുന്ന തെളിവുകൾ അദ്ദേഹത്തിന് വളരെ യുക്തമായി തോന്നി. അതിനു മുമ്പേ മൗലവിമാരുടെ കഥകൾ കേട്ട് മതവിശ്വാസത്തിൽനിന്ന് അകന്നിരിക്കുകയായിരുന്നു. അങ്ങനെ ഏതാനും വർഷങ്ങൾക്കു മുമ്പേ അദ്ദേഹം ബയ്അത്ത് ചെയ്തു. ഇപ്പോൾ പതുക്കെപ്പതുക്കെ ഇസ്‌ലാമിക രീതികൾ പാലിച്ചു വരുന്നു. അദ്ദേഹം പറയുന്നു: 'ജൽസസാലാന വളരെ പ്രത്യേകതയുള്ള ഒന്നായി എനിക്ക് തോന്നി. എല്ലാ വർഷങ്ങളിലെയും പോലെ സംവിധാനങ്ങളും അതിഥി സൽക്കാരവും വളരെ മികച്ച രീതിയിലായിരുന്നു.' ലജ്നയെ

## ഹദീഥുന്നബ്‌വി (സ):

***ആഇശ(റ)പറയുന്നു:'നബി(സ)തിരുമേനിക്ക് തുടക്കത്തിൽ ലഭിച്ച ദൈവികസന്ദേശങ്ങളുടെ ആരംഭം ഉറക്കത്തിൽ ദൃശ്യമാകുന്ന നല്ല സ്വപ്നങ്ങളായിരുന്നു. അവിടന്ന് കാണുന്ന എല്ലാ സ്വപ്നങ്ങളും പ്രഭാതോദയംപോലെ സ്പഷ്ടമായി പുലർന്നുകൊണ്ടണ്ടിരുന്നു.'***
***(ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 3)***

**ത്വാലിബെ ദുആ**
**P.P.Raheem & Family**
**Ahmadiyya Jama-ath Payangadi, Kerala.**

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: 'പ്രവർത്തനങ്ങൾക്ക് പ്രതിഫലം നല്കുന്നത് ഉദ്ദേശ്യമനുസരിച്ച് മാത്രമാകുന്നു. ഓരോ മനുഷ്യനും അവനുദ്ദേശിച്ചതെന്തോ അതാണ് ലഭിക്കുക.'**
**(ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 1)**

**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala.**

അഭിസംബോധന ചെയ്തുകൊണ്ടുള്ള എന്റെ പ്രഭാഷണവും സമാപന പ്രഭാഷണവും വളരെ സ്വാധീനിച്ചുവെന്നും ഈ സന്ദേശം നമ്മൾ പുരുഷന്മാരും എപ്പോഴും ഓർത്തിരിക്കേണ്ടതാണെന്നും അദ്ദേഹം പറഞ്ഞു.

മറ്റൊരു അതിഥിയാണ് ഇലിർ സിലാന്റ്ജി (ILIR CYLANDJI). അൽബേനിയക്കാരനാണ് അദ്ദേഹം. ജർമനിയിലാണ് താമസിക്കുന്നത്. അദ്ദേഹം പറയുകയാണ്: ജൽസാ സാലാന ഓരോ അഹ്മദിക്കും വളരെ മഹത്തായൊരു ആത്മീയ സമ്മേളനമാണ്. അതിൽ അഹ്മദിയ്യ അംഗങ്ങൾക്കു പുറമെ മറ്റു മതങ്ങളിലും ജനതകളിലും പെട്ട ധാരാളമാളുകളും പങ്കെടുക്കുന്നു. ജൽസസാലാനയിൽ പങ്കെടുത്ത് അവർക്ക് ഇസ്‌ലാമിന്റെ അടിസ്ഥാന അധ്യാപനങ്ങളെക്കുറിച്ചറിയാൻ സാധിക്കുന്നതിനോടൊപ്പം അഹ്മദിയ്യാ ജമാഅത്തിന്റെ ഖിലാഫത്ത് വ്യവസ്ഥിതിയിലൂടെ ആ മനോഹരമായ അധ്യാപനങ്ങളുടെ കർമപരമായ മാതൃകയും അനുഭവത്തിലൂടെ മനസ്സിലാക്കുവാൻ സാധിക്കുന്നു.' അദ്ദേഹം പറയുന്നു: ഈ മൂന്നു ദിവസത്തിനിടയിൽ പുരുഷന്മാരുടേയും സ്ത്രീകളുടേയും ജൽസഗാഹുകളിൽ സമ്മേളനം മാത്രമാണ് നടക്കുന്നത്. വർത്തമാന കാലത്തെ മാറ്റങ്ങൾക്കും വെല്ലുവിളികൾക്കുമെതിരെ ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനം അവതരിപ്പിക്കപ്പെടുന്നു.' അദ്ദേഹം പറയുന്നു: ഒരു അഹ്മദി മുസ്‌ലിം എന്ന നിലയ്ക്ക് ഞാൻ വർഷം മുഴുവനും ഈ ആത്മീയ ജൽസയെ തയ്യാറെടുപ്പോടെ കാത്തിരിക്കുന്നതാണ്. എന്തുകൊണ്ടെന്നാൽ വിവരിക്കാൻ പറ്റാത്ത വിധത്തിലുള്ള ഒരു യഥാർഥ സാഹോദര്യബന്ധം ഇവിടെ കാണാൻ സാധിക്കുന്നു. അതു വിവരിക്കാൻ സാധിക്കുകയില്ല.' അദ്ദേഹം പറയുന്നു: നിഷ്കളങ്കവും സ്വാഭാവികവുമായ സ്നേഹത്തിന്റെ പ്രകടനം ജമാഅത്തിന്റെ എല്ലാ അംഗങ്ങളിൽനിന്നുമുണ്ടാകുന്നു. ഈ ജൽസയിൽ പങ്കെടുത്തുകൊണ്ട് ഞാൻ സ്വർഗത്തിലാണെന്നും ലോകത്തിലെ ഏറ്റവു ഭാഗ്യശാലിയായ മനുഷ്യൻ ഞാനാണെന്നും തോന്നിപ്പോകുന്നു. അടുത്ത വർഷത്തെ ജൽസയെ വളരെ അക്ഷമനായി കാത്തിരിക്കുകയാണ് ഞാൻ.'

ജോർജിയായിൽനിന്ന് 85 പേരടങ്ങുന്ന സംഘമാണ് വന്നത്. റഷ്യയിലെ ഇതര രാജ്യത്തു നിന്ന് വന്ന സംഘങ്ങളിൽ ഏറ്റവും വലുതായിരുന്നു ഈ സംഘം. ഒരു ജനക്ഷേമ സ്ഥാപനത്തിന്റെ ചെയർമാൻ ബെസ്സോ (Besso)സാഹിബ് പറയുന്നു: 'ഒരുപാട് അഹ്മദീ സുഹൃത്തുക്കളുമായി സംസാരിക്കാൻ അവസരം കിട്ടി. ഈ ജമാഅത്ത് എത്രമാത്രം മതപരമായ സഹിഷ്ണുതയിൽ ശ്രദ്ധയുള്ളവരാണെന്നറിയാൻ സംസാരത്തിന്നിടയിൽ ഞാൻ വിലയിരുത്താൻ ശ്രമിച്ചുകൊണ്ടിരുന്നു. ഈ ഉദ്ദേശ്യത്തോടെ രണ്ട് അഹ്മദിയുമായി സംസാരിച്ചു. ഈ സംസാരത്തിന്നിടയിൽ ഞാൻ അപ്രതീക്ഷിതമായി പറഞ്ഞു, ഞാൻ മുസ്‌ലിമല്ല, ക്രിസ്ത്യാനിയാണ്. ഇതുകേട്ട് അവരുടെ പെരുമാറ്റം മാറുമെന്ന് ഞാൻ ധരിച്ചു. പക്ഷേ, ഞാൻ ഞെട്ടിപ്പോയി. അഹ്മദി സുഹൃത്തുക്കൾ ആദ്യമേ നല്ലരീതിയിൽ സംസാരിച്ചിരുന്നതുപോലെ തങ്ങളുടെ സൽസ്വഭാവം പ്രകടിപ്പിച്ചുകൊണ്ടിരുന്നു. ഒരുതരത്തിലുള്ള പക്ഷപാതിത്വവും കാണിച്ചിരുന്നില്ല.” ഇപ്രകാരം അന്യരായവർ നമ്മെ പരീക്ഷിക്കാനും ശ്രമിക്കാറുണ്ട്.

ജോർജിയ(Georgia)യിൽ നിന്നുള്ള സംഘത്തിൽ ഒരു മത വിദ്യാർഥിനി നാനുക്കാ (Nanuka) സാഹിബയും ഉണ്ടായിരുന്നു. ബയ്അത്തിന്റെ സമയത്തുള്ള അവരുടെ വികാരത്തെക്കുറിച്ച് വിവരിച്ചുകൊണ്ട് പറയുന്നു: ബയ്അത്തിന്റെ വേള വളരെ വികാരഭരിതമായിരുന്നു. മതപരമായ ഐക്യത്തിന്റെ കാഴ്ച എനിക്കു കാണുവാൻ സാധിച്ചു. വ്യത്യസ്ത നിറത്തിലും വംശത്തിലുമുള്ളർക്ക് സമാധാനത്തോടെ എങ്ങനെ ഒരുമിച്ചു ജീവിക്കാം എന്നും ഞാൻ കണ്ടു. ഞാനൊരു മത വിദ്യാർഥിനിയാണ്, ജൽസയിൽ ആദ്യമായിട്ടാണ് പങ്കെടുക്കുന്നത്. ഇത് ശാന്തി കരസ്ഥമാക്കുവാനുള്ള ഒരു ഉത്തമ മാർഗമാണെന്നു ഞാൻ ദൃഢമായും വിശ്വസിക്കുന്നു.'

നാന കുർദിയാനി (Nana Kurdiani)സാഹിബ പറയുന്നു: 'ഞാൻ മുസ്‌ലിമോ ക്രിസ്ത്യാനിയോ അല്ല. പക്ഷേ, ഈ ജൽസയിൽ വന്നതിനു ശേഷം ഞാൻ എന്നെ ഇസ്‌ലാമിലേക്ക് ചായുന്നതായി കാണുന്നു. എന്റെ മതത്തെക്കുറിച്ച് തീരുമാനമെടുക്കുന്നതിന് ചിന്തിക്കാൻ ഞാൻ നിർബന്ധിതയാണ്.'

ജോർജിയായിൽനിന്നുള്ള ഒരു യൂണിവേഴ്‌സിറ്റി വിദ്യാർത്ഥിയാണ് ജോർജിയോ (Georgio). ഇദ്ദേഹം ഒരു ഇമാമിന്റെ സഹോദരപുത്രനാണ്. ഇദ്ദേഹവും പറയുന്നു: 'ഞാൻ നാമമാത്ര മുസ്‌ലിമാണ്. പക്ഷേ, ഇപ്പോൾ ജൽസയിൽ പങ്കെടുത്ത് അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ സ്നേഹം കണ്ട് അഹ്മദിയ്യാ ജമാഅത്തിനെക്കുറിച്ച് ഞാൻ കൂടുതൽ പഠിക്കുന്നതാണ്.'

കോസോവോ(Kosovo)യിൽ നിന്ന് 45 പേരടങ്ങുന്ന ഒരു സംഘം വന്നിരുന്നു. അതിൽ 30 അഹ്മദികളും 15 അനഹ്മദികളുമായിരുന്നു. സംഘത്തിലെ ഒരു സുഹൃത്ത് മിസ്റ്റർ ശേയ്പ് സെഖിറാജി (Mr.Shaip Zeqiraji) സാഹിബ് രണ്ടാം തവണയാണ് ജൽസയിൽ പങ്കെടുക്കുന്നത്. അദ്ദേഹം പറയുന്നു: ജൽസയിൽ പങ്കെടുക്കണമെന്ന അറിയിപ്പ് ലഭിച്ചപ്പോൾ സന്തോഷം തോന്നിയെങ്കിലും യാത്രാചെലവിനെക്കുറിച്ച് ചിന്തിച്ചപ്പോൾ വളരെ മനഃപ്രയാസത്തിലായി. അദ്ദേഹം പറയുന്നു; എന്നിരുന്നാലും എനിക്ക് കാലത്തിന്റെ ഖലീഫയെ കാണണം ജൽസയിൽ പങ്കെടുക്കണം എന്ന ഉത്ക്കടമായ ആഗ്രഹമുണ്ടായിരുന്നു. അങ്ങനെ ഞാനെന്റെ പശുവിനെ വിൽക്കുകയും ജൽസയിൽ പങ്കെടുക്കാനുള്ള യാത്രാ ചെലവ് കണ്ടെത്തുകയും ചെയ്തു.' ഹുദൂർ പറയുന്നു: 'അഹ്മദിയായിക്കഴിഞ്ഞ ശേഷം ഇങ്ങനെയും ആളുകൾ ത്യാഗം ചെയ്ത് ജൽസയിൽ പങ്കെടുക്കുവാൻ ശ്രമിക്കുന്നു. പഴയ കാലത്തെ ഉദാഹരണങ്ങൾ ഇവർ നിലനിറുത്തുകയാണ്. '

കൊസോവോയിൽനിന്ന് വന്ന സംഘത്തിൽ സെക്കന്ദർ അസല്ലാനി (Skender Asllani) സാഹിബും ഉണ്ടായിരുന്നു. അദ്ദേഹം അൽബേനിയൻ ഭാഷയുടേയും സാഹിത്യത്തിന്റേയും ഉസ്താദാണ്. അദ്ദേഹത്തിന് ഈ വർഷം ബയ്അത്ത് ചെയ്യാനും ഭാഗ്യം കിട്ടി. അദ്ദേഹം പറയുന്നു: 'തിരഞ്ഞുനടന്നിട്ടും ഈ ജൽസയുടെ സംഘാടനത്തിൽ എന്തെങ്കിലും ന്യൂനത കാണാൻ എനിക്ക് കഴിഞ്ഞില്ല. പ്രസംഗങ്ങളുടെ നിലവാരം വളരെ മികച്ചതായിരുന്നു.' എന്റെ പ്രസംഗത്തെ കുറിച്ചും പറയുന്നു: 'വളരെ ആകർഷണീയമായിരുന്നു.' പിന്നീട് പറയുന്നു: 'ബയ്അത്ത് ചെയ്യുക ഒരു ഉപഹാരമാണ്. അതിനെ നമ്മളെല്ലാവരും വിലമതിക്കേണ്ടതാണ്. കാരണം ഈ അന്തരീക്ഷത്തിൽ ഒരു കൈയിൽ സംഘടിക്കുക എന്നതുതന്നെ വിജയത്തിന്റെ താക്കോലാണ്.'

മാൾട്ടയിൽ നിന്ന് ജൽസയിൽ പങ്കെടുത്ത മൂന്ന് വനിതകൾ സ്ത്രീകളുടെ പന്തലിലും പോയി. അവർ പറയുന്നു: 'ഞങ്ങളെ വളരെ ശ്രദ്ധിച്ചിരുന്നു. ഞങ്ങളുടെ ആവശ്യങ്ങൾ അന്വേഷിച്ചുകൊണ്ടിരിക്കുകയും ചെയ്തു. സ്ത്രീകളുടെ പന്തലിൽ ഒരു കുടുംബാന്തരീക്ഷമായിരുന്നു. ഞങ്ങൾ തമ്മിൽ നൂറ്റാണ്ടുകളായി പരിചയമുള്ളതുപോലെയായിരുന്നു പെരുമാറ്റം. വാസ്തവത്തിൽ ഞങ്ങൾ ആദ്യമായി കാണുകയായിരുന്നു.'

പിന്നീട് ഇവർ പറയുന്നു: സ്ത്രീകളുടെ പന്തലിൽ കൂടുതൽ സൗകര്യമുണ്ടായിരുന്നു. ഞങ്ങൾക്ക് രണ്ടുഭാഗത്തേയും ചുറ്റുപാട് അനുഭവിച്ചറിയാൻ അവസരം കിട്ടി. സ്ത്രീകൾക്കും പുരുഷന്മാർക്കുമായി വെവ്വേറെ സംവിധാനം ഏർപ്പെടുത്താനുള്ള ഇസ്‌ലാമിക അധ്യാപനത്തിന്റെ ശരിയും അഗാധമായ യുക്തിയും തത്ത്വവും എന്താണെന്ന് മനസ്സിലാക്കുവാനുള്ള അവസരവും കിട്ടി. ഇസ്‌ലാമിക അധ്യാപനങ്ങൾ വളരെ യുക്തിഭദ്രമാണെന്നും സ്ത്രീകൾ വേറെ സ്ഥലത്ത് കൂടുതൽ സമാധാനം അനുഭവിക്കുന്നവരാണെന്നും അതിലൂടെ അവർക്ക് അവരുടേതായിട്ടുള്ള സംവിധാനമൊരുക്കുന്നതിനും അവരുടെ കഴിവുകളും മികവുകളും പ്രകടിപ്പിക്കുന്നതിനുമുള്ള തുറന്ന അവസരം ലഭിക്കുന്നുവെന്നും എന്ന് അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾക്കു പറയാൻ സാധിക്കും.'

സ്ത്രീകൾക്കും പുരുഷന്മാർക്കും വെവ്വേറെ സംവിധാനമൊരുക്കുന്നത് ആവശ്യമാണെന്ന് അന്യരും അംഗീകരിച്ചു തുടങ്ങിയിരിക്കുന്നു. എന്നാൽ, നമ്മുടെ ചില യുവതലമുറയിലെ പെൺകുട്ടികൾ എല്ലാവരെയും ഒരുമിച്ച് എന്തുകൊണ്ട് ഇരുത്തുന്നില്ലെന്നും സ്വാതന്ത്ര്യമില്ലെന്നും എന്നൊക്കെ ചിന്തിക്കുന്നു. അവർ ഇക്കാര്യത്തിൽ ചിന്തിക്കേണ്ടതാണ്.

ഈ അടുത്തകാലത്ത് വിവാഹിതയായ മാൾട്ടയിൽനിന്ന് ജൽസാസാലാനയിൽ പങ്കെടുക്കാനെത്തിയ ഒരു വനിത അതിഥി പറയുന്നു: 'സ്ത്രീകളോടു ചെയ്ത അങ്ങയുടെ പ്രഭാഷണം എന്നെ വളരെ ആകർഷിച്ചു. അങ്ങ് പുരുഷന്മാരുടേയും സ്ത്രീകളുടേയും കടമകളിലേക്കും ഉത്തരവാദിത്വത്തിലേക്കും ശ്രദ്ധ ക്ഷണിച്ചു. വീടുകളിൽ പ്രശ്നങ്ങൾ വന്നുകൊണ്ടിരിക്കുന്നു. ഇതുസംബന്ധമായുള്ള അങ്ങയുടെ മാർഗദർശനം എന്നെന്നേക്കും വളരെ ഫലപ്രദമായിരിക്കും.' വീണ്ടും പറയുന്നു: 'ഇതുസംബന്ധമായി അങ്ങ് പറഞ്ഞത്, വിവാഹത്തിനു മുമ്പേയുള്ള പരിശുദ്ധിയുടേയും ചാരിത്ര്യത്തിന്റേയും ഇസ്‌ലാമികാധ്യാപനം വളരെ യുക്തിനിർഭരവും എല്ലാമടങ്ങിയതുമാണെന്നാണ്. ഇത് വളരെ അത്യാവശ്യ കാര്യമാണ്. ആത്മീയവും ഭൗതികവുമായ പരിശുദ്ധിയിലേക്കും ഭക്തിയി

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**'അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിച്ചെടുക്കുന്നതിനും മലക്കുകളുടെ വലയത്തിനുള്ളിൽ വരുന്നതിനും, നമ്മളിൽ ഓരോരുത്തരും വിശുദ്ധഖുർആൻ പഠിക്കുകയും അത് മനസ്സിലാക്കുകയും നമ്മുടെ മക്കളെ പഠിപ്പിക്കുകയും നിത്യവും ഖുർആൻ പാരായണം ചെയ്യാൻ അവരെ ഉപദേശിക്കുകയും ചെയ്യേണ്ടത് നിർബന്ധമാണ്.'**
**(ഖുത്ബാത്തെ മസ്റൂർ, വാല്യം 3, പേജ് 565)**

**ത്വാലിബെ ദുആ:**
**M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)**

ലേക്കും ഞങ്ങൾക്ക് അത് വഴികാട്ടിത്തന്നു.' വീണ്ടും പറയുന്നു: 'ഇനി വീണ്ടും ജൽസയിൽ പങ്കെടുത്താൽ സമയം മുഴുവൻ സ്ത്രീകളുടെ പന്തലിലായിരിക്കും ഞാൻ ചെലവഴിക്കുക. എന്തുകൊണ്ടെന്നാൽ, അവിടെ കിട്ടിയ അന്തരീക്ഷം വളരെയധികം മതപരവും ആത്മീയവുമായിരുന്നു.'

കിർഗിസ്ഥാൻ(Kyrgyzstan)നിൽ നിന്ന് വന്ന ഒരു അതിഥി വിവരിക്കുന്നു: ജൽസയിൽ പങ്കെടുത്തപ്പോൾ അസാധാരണമായ ഒരനുഭൂതിയായിരുന്നു ഉണ്ടായിരുന്നത്. അഹ്മദിയാകുന്നതിനു മുമ്പേ എനിക്ക് ഒരിക്കലും കരച്ചിൽ വന്നിട്ടില്ല. ഖാദിയാനിലും ജർമനിയിലും മാത്രമേ ഞാൻ കരഞ്ഞിട്ടുള്ളൂ. ഹൃദയത്തിന് ഒരു മൃദുലതയും മാറ്റവുമുണ്ടായതുപോലെ എനിക്കനുഭവപ്പെട്ടു. ഓരോരുത്തരും ബയ്അത്തു ചെയ്യുമ്പോൾ എന്റെ വിശ്വാസത്തിൽ വർധനയാണുണ്ടാകുന്നത്. മുമ്പേ ഞാനൊരു മൗലവിയായിരുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ പുസ്തകങ്ങൾ വായിച്ചപ്പോൾ, ദജ്ജാലിനെ സംബന്ധിച്ചും ഹദ്റത്ത് മസീഹ് മൗഊദ്(അ)നെക്കുറിച്ചും വിശുദ്ധഖുർആനിൽ വിവരിക്കപ്പെട്ടിട്ടുള്ള കാര്യങ്ങളുടെ യാഥാർഥ്യം മനസ്സിലായി. ബയ്അത്തിന്റെ നേരത്ത് എന്റെ മേൽ തണുത്ത വെള്ളം വീഴുന്നതായാണ് അനുഭവപ്പെട്ടത്. ഞാനിപ്പോൾ കലർപ്പില്ലാത്ത യഥാർഥ മുസ്ലിമായിരിക്കുന്നു.'

പിന്നീട് താജിക്കിസ്താനിൽ നിന്നുള്ള ഒരു അതിഥി അബ്ദുസ്സത്താർ (Abdussator)സാഹിബ് പറയുന്നു: 'ഞാൻ അഹ്മദികളെക്കുറിച്ച് കേട്ടിരുന്നു; അവർ മുസ്ലിമീങ്ങളല്ലെന്നും മദ്യം അനുവദനീയമായി മനസ്സിലാക്കുന്നവരാണെന്നും. ജൽസയിൽ പങ്കെടുക്കുന്നതിനു മുമ്പേ ആദ്യം അഹ്മദികളുടെ 'മസ്ജിദ് സുബ്ഹാൻ' കണ്ടു. ഇത് അവിടെ ജർമനിയിലാണ്. ഇതിൽ നമസ്കരിച്ചപ്പോൾ ഇവർ മുസ്ലിമീങ്ങളാണെന്നും അഞ്ചു ഇസ്ലാം കാര്യങ്ങൾ അനുസരിച്ച് പ്രവർത്തിക്കുന്നവരാണെന്നും മനസ്സിലായി. ജൽസയിൽ പങ്കെടുത്തപ്പോൾ ഇവർ ഇമാം മഹ്ദിയെ വിശ്വസിക്കുന്നവരാണെന്നും മദ്യം ഒട്ടും കുടിക്കാത്തവരാണെന്നും വിശുദ്ധഖുർആൻ അനുസരിച്ച് കർമങ്ങൾ ചെയ്യുന്നവരാണെന്നും അറിയാൻ കഴിഞ്ഞു. ഇവിടെ ജൽസയിൽ പങ്കെടുത്തതിനുശേഷം ഒരുപാട് അറിവുകൾ അഹ്മദിയ്യാ ജമാഅത്തിനെക്കുറിച്ച് ലഭിച്ചു. ഞാൻ അടിസ്ഥാനപരമായി നിങ്ങൾ മുസ്ലിമീങ്ങളാണെന്ന് വിശ്വസിക്കുന്നു. ഇസ്ലാംകാര്യവും ഈമാൻ കാര്യവും മുസ്ലിമീങ്ങളുടേതാണ്. ഹജ്ജിനുശേഷം ഇവിടെയാണ് ഇത്രയധികം മുസ്ലിമീങ്ങൾ സംഘടിച്ചിട്ടുള്ളതായി കണ്ടത്.

ലിത്വാനിയാ(Lithuania)യിൽനിന്ന് 58 പേരടങ്ങുന്ന സംഘം വന്നിരുന്നു. 46 പേർ അനഹ്മദികളായിരുന്നു; 12പേർ അഹ്മദിയും. അവിടെനിന്നുള്ള ഒരു പത്രോസ് ജാനുലിയോണിസ്(Patras janulionis) സാഹിബ് തന്റെ അഭിപ്രായങ്ങൾ ഇങ്ങനെ പ്രകടിപ്പിച്ചു: 'ജൽസയിൽ വരുന്നതിനു മുമ്പേ ഇസ്ലാമിനെക്കുറിച്ച് എന്റെ ഭാവന മറ്റൊന്നായിരുന്നു. പക്ഷേ, ജൽസയിൽ പങ്കെടുത്തതിനുശേഷം ഇസ്ലാമിനെ കുറിച്ച് എന്റെ വികാരങ്ങൾ പോസിറ്റീവായിത്തീർന്നു. മുസ്ലിമീങ്ങൾ തങ്ങളുടെ വിശ്വാസാദർശങ്ങളോടൊപ്പം വളരെ മഹത്ത്വമുള്ളവരാണെന്ന കാര്യം ബോധ്യം വന്നു. എന്നല്ല ക്രിസ്ത്യാനികളെ അപേക്ഷിച്ച് വളരെയധികം മഹത്ത്വമുള്ളവരാണെന്ന് പറയാൻ ഞാനാഗ്രഹിക്കുന്നു.'

ലിത്വാനിയായിൽനിന്നുള്ള മനേഫാ (Manefa) സാഹിബ പറയുന്നു: 'ജൽസയിൽ പങ്കെടുക്കുന്നതിനു മുമ്പേ ഇസ്ലാമിനെ കുറിച്ച് അങ്കലാപ്പിലായിരുന്നു. കാരണം ചില മുസ്ലിമീങ്ങൾ വളരെ കോപാകുലരും മറ്റു മതങ്ങളെക്കുറിച്ച് അസഹിഷ്ണുതയുടെ ഇരകളുമാണ്. പക്ഷേ, ജൽസയിൽ പങ്കെടുത്തതിനുശേഷം അഹ്മദി മുസ്ലിമീങ്ങൾ മറ്റുള്ളവരുടെ അഭിപ്രായങ്ങളേയും മതങ്ങളേയും ആദരിക്കുന്നവരും മാനവകുലത്തിൽ സമാധാനവും സ്നേഹവും വിതരണം ചെയ്യുന്നവരുമാണെന്ന് ബോധ്യപ്പെട്ടു.'

ലിത്വാനിയായിൽനിന്ന് ഒരു ലോയർ കമ്പനിയുടെ നേതാവ് വന്നിരുന്നു. സാറുനാസ് (Sarunas) സാഹിബ് പറയുന്നു: 'ജൽസാ സാലാന വളരെ പ്രാധാന്യം വഹിക്കുന്നു. കാരണം അതിൽ ഇസ്ലാമിന്റെ സമാധാനഭരിതമായ അധ്യാപനം അറിയാൻ കഴിയുന്നു. ഇസ്ലാമിനെ കുറിച്ചുള്ള തെറ്റായ ധാരണകളെല്ലാം മാഞ്ഞുപോകുന്നു.'

സിറിയ(Syria)യിൽനിന്ന് ഒരു സുഹൃത്ത് വന്നിരുന്നു. അദ്ദേഹം 2019 ജനുവരിയിൽ ബയ്അത്ത് ചെയ്തതാണ്. അദ്ദേഹം തന്റെ ബയ്അത്തിനെക്കുറിച്ച് പറയുന്നു: 'അദ്ദേഹത്തിന്റെ പിതാവ് 2008-ൽ സിറിയയിൽ ബയ്അത്ത് ചെയ്തിരുന്നു. പിന്നീട് ഒരു സഹോദരനും ബയ്അത്ത് ചെയ്തിരുന്നു. പക്ഷേ, ഞാൻ മൂന്നുപ്രാവശ്യം ജൽസയിൽ പങ്കെടുത്തു. ആളുകൾ വികാരഭരിതരായി കരയുന്നതുകണ്ട് അത്ഭുതപ്പെടുമായിരുന്നു. ഇവരെന്തിനാണ് കരയുന്നതെന്നോർത്ത് ചിരിക്കുമായിരുന്നു. പക്ഷേ, ഞാൻ എതിരാളിയായിത്തന്നെനിന്നു. ബയ്അത്ത് ചെയ്തില്ല. പിന്നീട് അല്ലാഹുവിനോടു ദുആ ചെയ്തു: ഈ ജമാഅത്ത് സത്യമാണെങ്കിൽ അല്ലാഹുവേ നീ തന്നെ മാർഗദർശനം നല്കിയാലും! അപ്പോൾ ഞാനൊരു സ്വപ്നം കണ്ടു. ഇതുപോലുള്ള ഒരു കൂടിക്കാഴ്ചയുടെ അവസരമാണ്. ജനങ്ങൾ ഇരിക്കുന്നു. ആദ്യനിരയിൽ ഞാനിരിക്കുന്നുണ്ട്. എല്ലാവരും നിശബ്ദരാണ്.' ഇദ്ദേഹം പറയുന്നു: 'അപ്പോൾ താങ്കൾ വരുന്നു. ഞാൻ അനിയന്ത്രിതമായി കരയാൻ തുടങ്ങി. ഉടനെ താങ്കളെന്നെ അടുത്തേക്ക് വിളിച്ചു. സ്നേഹത്തോടെ ചോദിക്കുകയും പറയുകയും ചെയ്തു. ഇവിടെവന്ന് അടുത്തിരിക്കുക. അപ്പോൾ ഞാൻ ഉണർന്നു. ബയ്അത്ത് ചെയ്യാനുള്ള വിശ്വാസം കിട്ടി. ബയ്അത്ത് ചെയ്തു." ഈ സംഭവം സ്വയം എന്നെ കേൾപ്പിച്ചു. കൂടിക്കാഴ്ചാവേളയിലും വികാരാധീനനായിരുന്നു. പിന്നീട് എപ്പോൾ അദ്ദേഹത്തെ കണ്ടാലും അദ്ദേഹം വികാരാധീനനാകുമായിരുന്നു.

ബൽജിയത്തിൽനിന്നു വന്ന ഒരു യുവ സുഹൃത്ത് ലൗഹ് ബാലൻ സാഹിബ് പറയുന്നു: 'ഞാൻ കുറച്ചുമാസം മുമ്പേ ബയ്അത്ത് ചെയ്തതാണ്. ആദ്യമായാണ് ജൽസയിൽ വരുന്നത്. ഈ ജൽസയിൽ പങ്കെടുത്ത് അത്ഭുതപ്പെട്ടുപോയി. എത്രമാത്രം മനോഹരമായ സാഹോദര്യത്തിന്റെ അന്തരീക്ഷമാണ്. ആദ്യം ഞാൻ ജമാഅത്തിനെ കുറിച്ച് കേട്ടിരുന്നതിന്റെ യഥാർഥ ചിത്രം ഈ ജൽസയിൽ കണ്ടു. ഈ ആത്മീയ അന്തരീക്ഷത്തിൽ വന്നുചേർന്ന ഞാൻ ഭാഗ്യവാനാണ്.'

സെനഗൽ(Senegal) നിന്ന് വന്ന ഒരു അതിഥി, അദ്ദേഹം തന്റെ നാട്ടിൽ കമ്മീഷണറാണ്, ഞാനുമായി കൂടിക്കാഴ്ചയെ സ്മരിച്ചു. തുടർന്നു പറയുന്നു: 'കൂടിക്കാഴ്ചയ്ക്കുശേഷം ഞാൻ വളരെ സന്തോഷിച്ചു. അങ്ങയുടെ പ്രസംഗം സ്നേഹത്തിന്റേയും തൗഹീദിന്റേയും ദർസാണ്. അതിൽ ഞാൻ ആകൃഷ്ടനാണ്.' അദ്ദേഹം പറയുന്നു: 'ഞാൻ ജൽസയിൽ പങ്കെടുക്കാതിരിക്കുകയും താങ്കളെ കാണാതിരിക്കുകയുമായിരുന്നെങ്കിൽ എന്റെ ജീവിതത്തിൽ വലിയൊരു വിടവ് അനുഭവിക്കുമായിരുന്നു. എന്റെ ജീവിതത്തിന്റെ ദൗത്യം പൂർത്തിയായതായി ഇന്നെനിക്കു തോന്നുന്നു.'

അദ്ദേഹം ഒരു കപ്പൽ കൊണ്ടുവന്നിരുന്നു. അത് തന്റെ മടിയിൽ വെച്ചിരിക്കുകയായിരുന്നു. ഞാൻ ചോദിച്ചപ്പോൾ പറഞ്ഞു, 'ഇത് താങ്കൾക്ക് ഉപഹാരമായി നൽകാൻ കൊണ്ടു വന്നതാണ്.' അദ്ദേഹം പറഞ്ഞു:'ഈ കപ്പൽ സമാധാനത്തിന്റെ കപ്പലാണ്. 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്' എന്നതിന്റെ പ്രതീകമായ കപ്പലാണ്. ഇത് അഹ്മദിയ്യത്താകുന്ന കപ്പലാണ് ഇതിൽ യാത്രചെയ്യുന്നവർ സമാധാനത്തിലായിരിക്കും. കപ്പലിന്റെ മാതൃക ഉപഹാരമായി നൽകുന്നതിന്റെ മറ്റൊരർഥം, ഞങ്ങളുടെ രാജ്യത്തിലെ ഉപജീവന മാർഗം ഇതാണ്. അവിടെ മത്സ്യത്തൊഴിലാളികൾധാരാളമാണ്.ആയതിനാൽ ഞങ്ങളുടെ രാജ്യത്തിനുവേണ്ടി പ്രത്യേകം ദുആ ചെയ്താലും.'

അവരോടൊപ്പം മറ്റൊരു അതിഥിയുമുണ്ടായിരുന്നു. അദ്ദേഹം അവിടത്തെ സ്റ്റബിലിഷ്മെന്റ് ആരോഗ്യവകുപ്പിന്റെ ഡയറക്ടറാണ്. അദ്ദേഹം ആശുപത്രിയ്ക്കുവേണ്ടിയും എന്നോടു നന്ദി പറഞ്ഞു. അദ്ദേഹം പറഞ്ഞു: 'ഇവിടെവന്ന് ഇസ്ലാമിനെക്കുറിച്ച് വളരെ ഏറെ കാര്യങ്ങൾ കണ്ടു.' പിന്നീട് പറയുന്നു: 'ഞാൻ ലോകത്തിലെ ഒരുപാട് രാജ്യങ്ങൾ കണ്ടിട്ടുണ്ട്. മതപരവും രാഷ്ട്രീയവുമായ സമ്മേളനങ്ങളും കണ്ടിട്ടുണ്ട്. അമേരിക്കയിലും യൂറോപ്പിലും എല്ലായിടത്തും പോയിട്ടുണ്ട്. പക്ഷേ, ഇങ്ങനെയുള്ള വ്യവസ്ഥിതി, ഇങ്ങനെയുള്ള യഥാർഥ ഇസ്ലാമും ഇസ്ലാമിന്റെ ഇത്തരത്തിലുള്ള ചിത്രവും ഇതിനുമുമ്പേ ഒരിക്കലും കണ്ടിട്ടില്ല. ഇങ്ങനെയുള്ള അനുസരണം കണ്ടിട്ടില്ല; ജനങ്ങളിൽ ഇവിടെ കണ്ട ഖിലാഫത്തിനോടുള്ള ഇത്തരം സ്നേഹവും ഞാൻ കണ്ടിട്ടില്ല.' അദ്ദേഹം പറയുന്നു: 'ഞാൻ ഉൾക്കാഴ്ചയോടെ പറയുകയാണ്; ലോകത്ത് ഒരു സ്ഥലത്തും തങ്ങളുടെ രാഷ്ട്രീയ നേതാക്കന്മാരേയും മതനേതാക്കന്മാരേയും ഇവിടുത്തെ ആളുകൾ തങ്ങളുടെ ഖലീഫയെ സ്നേഹിക്കുന്നതുപോലെ സ്നേഹിക്കുന്നത് ഞാൻ കണ്ടിട്ടില്ല. ഞാൻ സത്യം സമ്മതിക്കുന്നു.'

**അല്ലാഹുവിന്റെ കലാം**

***"അല്ലയോ ജനങ്ങളേ! നിങ്ങളേയും നിങ്ങൾക്കു മുമ്പേയുള്ളവരേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ; നിങ്ങൾ രക്ഷപ്പെടുന്നതിനുവേണ്ടി.'(2:22)***

**ത്വാലിബെ ദുആ**
**M.P.Haneef Ahmad**
**Ameer Ahmadiyya Jama-ath Koodali, Kerala.**

**കലാമുൽ ഇമാം:-**

**'ഈ ലോകത്ത് ദൈവത്തെ കാണാൻ ഭാഗ്യം സിദ്ധിച്ചിട്ടില്ലാത്തവൻ അന്ത്യനാളിലും അന്ധകാരത്തിലായിരിക്കും. അല്ലാഹു പറയുന്നു: 'ഈ ലോകത്ത് കുരുടനായവൻ പരലോകത്തും കുരുടനായിരിക്കും.' (കിതാബുൽ ബരിയ്യ പേജ് 47)**

**ത്വാലിബെ ദുആ:**
**C. Shameem Ahmad**
**Ahmadiyya Jama-ath Calicut, Kerala.**

ഡോക്ടർ മോർഡിയോ(Mordiaw) സാഹിബ് പറയുന്നു: 'ഞങ്ങൾ കണ്ട സത്യം ഹൃദയംഗമമായി സ്വീകരിക്കുന്നു. ഇതെങ്ങനെയുള്ള സത്യമാണെന്നാൽ, ഇതിനെ നിഷേധിക്കാൻ ആർക്കും സാധ്യമല്ല. ഞങ്ങളും ഞങ്ങളുടെ മനസ്സും ഇന്നു മുതൽ നിങ്ങളോടൊപ്പമാണ്. എന്തൊന്ന് ഞാൻ കണ്ടുവോ അങ്ങയിൽനിന്ന് കേട്ടുവോ അത് ഞങ്ങൾക്ക് ബോധ്യമായി. അതനുസരിച്ച് കർമം ചെയ്യാൻ ശ്രമിക്കുന്നതായിരിക്കും.'

ബോസ്നിയ(Bosnia) സംഘവും പങ്കെടുത്തിരുന്നു. അവർ 74 പേരുണ്ടായിരുന്നു. അവരിൽ തദ്ദേശ എൻ.ജി.ഒ യുടെ സ്ഥാപകൻ യാസ്മിൻ സ്പാഹിച്ച് (Yasmin Spahich)സാഹിബ് പറയുന്നു. ഇദ്ദേഹം അതിന്റെ സ്വദ്റാണ്. ഇസ്ലാമിനോടും ഇസ്ലാമിന്റെ സ്ഥാപകരോടുമുള്ള അങ്ങയുടെ അനുരക്തിയുടെ പ്രകടനം അങ്ങയുടെ സ്നേഹംവിതറുന്ന വാക്കുകളിൽ നിന്ന് പ്രകടമായിരുന്നു. നബി(സ)തിരുമേനിയുടെ ജീവചരിത്രം വിവരിച്ചുകൊണ്ട് നൽകിയ ഉപദേശം ഹൃദയത്തിൽ തട്ടുന്നതായിരുന്നു. നബി(സ)തിരുമേനി ചെയ്തിരുന്ന ജോലികളായിരുന്നു ഇതെല്ലാം.' പിന്നീടദ്ദേഹം പറയുന്നു, 'അടുത്ത വർഷത്തെ ജൽസ ഇതിലും മികച്ചതാകട്ടെയെന്നും ഈ ജൽസ നബി(സ)തിരുമേനിയുടെ സമുദായത്തിന്റെ ദൃഢതയ്ക്കും ഐക്യത്തിനും കാരണമായിത്തീരട്ടെയെന്നും ഞാൻ ദുആ ചെയ്യുന്നു.'

യമീന ചാവോഷെവിച്ച് (Emina Chaoshevich) സാഹിബ പറയുന്നു: 'ജൽസയിൽ പങ്കെടുത്തുകൊണ്ട് എനിക്ക് അനുഭവിച്ചറിയാൻ സാധിച്ചത് ജൽസയുടെ ഈ അന്തരീക്ഷത്തിന് ആത്മീയമായി മൃതരായിരിക്കുന്ന മനുഷ്യനിൽ ജീവാത്മാവിനെ പ്രവേശിപ്പിക്കാൻ തക്കതായ സ്വാധീന ശേഷിയുണ്ട് എന്നാണ്.'

ഇൽമാ ക്രേഹ്നിക്കി(Elma Krehnicha) സാഹിബ പറയുന്നു: 'ഈ മഹത്തായ ജൽസയിൽ പങ്കെടുക്കാൻ എന്നെ ക്ഷണിച്ചതിന് ഞാൻ ഈ അവസരം മുതലെടുത്തുകൊണ്ട് അഹ്മദിയ്യാ ജമാഅത്തിന് നന്ദി പറയാനാഗ്രഹിക്കുകയാണ്. ആതിഥ്യവും ജൽസയ്ക്കുവേണ്ടിയുള്ള എല്ലാ ഒരുക്കങ്ങളും എന്നെ അത്ഭുതകരമായ നിലയിൽ ആകർഷിച്ചു. പ്രത്യേകിച്ചും ആരുടെ മുഖങ്ങളിലാണോ എപ്പോഴും പുഞ്ചിരി നടമാടിയിരുന്നത് അവരുടെയിടയിൽ എന്റെ ഈ വീക്കെന്റ്(Weekend) കഴിച്ചുകൂട്ടാൻ കഴിഞ്ഞതിൽ!

പിന്നീട് അവിടെ ബയ്അത്തിന്റെ പരിപാടിയും നടന്നു. ഇതിൽ 16 രാജ്യവുമായി ബന്ധപ്പെട്ട 37 ആളുകൾ ബയ്അത്ത് ചെയ്യാൻ ഭാഗ്യം നേടി. ഇതിൽ അൽബേനിയ, സർബിയ, ഹോളണ്ട്, ജർമനി, ചെച്നിയ, റൂമാനിയ, കൊസോവോ, ബൽജിയം, സിറിയ, തുർക്കി, ഉസ്ബക്കിസ്താൻ, ലബ്നാൻ, സെനിഗൽ, ഘാന, ഗാംബിയ(Gambia), ഗിനികൊണാക്രി എന്നീ രാജ്യങ്ങൾ പെടുന്നു.

ഒരു സുഹൃത്തും കൊസോവയിലെ ഒരു ഹൈസ്കൂൾ പ്രിൻസിപ്പാളുമായ മിസ്റ്റർ ലബിനോട്ട് (Labinot)പറയുന്നു: "ജൽസാസാലന എന്നിൽ ഒരു പ്രത്യേക വൈകാരിക സ്വാധീനം ചെലുത്തി. പ്രത്യേകിച്ചും 'അങ്ങ് അവിടെ ഇരിക്കാൻ പറഞ്ഞപ്പോൾ ഇത്രവലിയ ജനക്കൂട്ടം ക്ഷണത്തിൽ ഇരുന്നപ്പോൾ!' അത് ലോകത്ത് ഒരിടത്തും കാണാൻ കഴിയില്ല.' തുടർന്നു പറയുന്നു: 'ജൽസയിൽ പങ്കെടുത്തതിനുശേഷം ഞാൻ പറയുന്നത് ജൽസ മൂന്നു ദിവസമല്ല പ്രത്യുത മുപ്പതുദിവസം വേണമെന്നാണ്. പറയുന്നു. ബയ്അത്ത് ചെയ്യാൻ ഞാൻ തീരുമാനിച്ചിരുന്നില്ല. പക്ഷേ, ഞാൻ എല്ലാ കാര്യങ്ങളിലും പിന്നീട് ഇതിലും എത്രമാത്രം ആകൃഷ്ടനായെന്നാൽ ബയ്അത്തിനിടയിൽ എന്റെ കൈ സ്വയം ഉയർന്നു. വാക്കുകൾ ഏറ്റുപറയാൻ തുടങ്ങി. ഇപ്പോൾ ഞാൻ ബയ്അത്ത് ചെയ്തു. ബാഹ്യമായ നിലയിൽ മാത്രമല്ല; യഥാർഥമായനിലയിൽ ബയ്അത്ത് ചെയ്തു.

അസർബൈജാനി(Azarbaijan)ൽനിന്ന് ആഗാസിഫ് സാഹിബ് പറയുന്നു: 'ആത്മീയത ഇത്ര ഉയർന്ന ഒരു അവസ്ഥയിൽ കാണുമെന്ന് ഞാനൊരിക്കലും ചിന്തിച്ചിട്ടുപോലുമില്ല. മുറബ്ബി മഹ്മൂദ് സാഹിബ് എനിക്ക് ജമാഅത്തിനെ കുറിച്ചും അതിന്റെ വിശ്വാസാദർശങ്ങളെക്കുറിച്ചും പറഞ്ഞുതരാൻ തുടങ്ങി. എനിക്കതെല്ലാം കൃത്രിമവും കളവുമായിട്ടു തോന്നി. അതുകേട്ടുടനെ ഞാൻ നിഷേധിച്ചു. പക്ഷേ, സത്യത്തിന്റെ ഈ ശക്തി എന്നെ പെട്ടെന്ന് തന്നിലേക്ക് വലിച്ചടുപ്പിക്കുന്നത് ഞാനറിഞ്ഞില്ല. ദൃഢതരമായ നിലയിൽ ജമാഅത്തിന്റെ സത്യതയും അതു സമർപ്പിക്കുന്ന തെളിവുകളും വളരെ പ്രബലമാണ്. വീഡിയോകളിൽ കണ്ടുകൊണ്ടിരുന്ന ദൃശ്യങ്ങൾ ഇവിടെവന്ന് നേരിട്ട് കാണാനുള്ള അവസരം കിട്ടി. ജൽസയിൽ ഒരു പാടാളുകളെ കാണാനുള്ള അവസരവുമുണ്ടായി. പക്ഷേ, എല്ലാ ഓരോരുത്തരേയും കണ്ട് ഒരേപോലെയുള്ള സന്തോഷം തോന്നിയിരുന്നു. ഇതൊരു സത്യമായ ജമാഅത്താണെന്നതിന് ദൃഢപരമായ തെളിവാണിത്. അല്ലാഹു എനിക്ക് അങ്ങയുടെ കൈയിൽ ബയ്അത്ത് ചെയ്യാൻ തൗഫീഖ് നല്കി. ആദ്യം എന്നെ അത് അറിയിച്ചപ്പോൾ എനിക്ക് വിശ്വാസം വന്നിരുന്നില്ല. യഥാർഥത്തിൽ എനിക്ക് ഖലീഫയുടെ കൈയിൽ കൈവച്ചു ബയ്അത്ത് ചെയ്യാൻ സാധിക്കുമോ? എന്ന് നാലഞ്ചു പ്രാവശ്യം ഞാൻ ചോദിച്ചു. അദ്ദേഹം പറഞ്ഞു. എന്റെ കണ്ണുകളിൽ കണ്ണീർ വന്നു. ഒപ്പം ഞാനിതിന് അർഹനാണോ എന്നോർത്ത് പരിഭ്രമവുമുണ്ടായി. പിന്നീട് ഞാൻ സ്വലാത്തും ഇസ്തിഗ്ഫാറും ചൊല്ലാൻ തുടങ്ങി. ബയ്അത്തിന്റെ അവസരം വരുന്നതുവരെ ഒന്നും കഴിക്കാനോ ചെയ്യാനോ സാധിച്ചില്ല. അൽഹംദുലില്ലാഹ്. ബയ്അത്തിന്റെ അവസരവും വന്നെത്തി. അല്ലാഹു എനിക്ക് എങ്ങനെയുള്ള ശക്തി പ്രദാനം ചെയ്തെന്നാൽ ആത്മീയമായ അവസരം കൊണ്ടനുഗ്രഹിക്കുകയും ബയ്അത്തിനുശേഷം സുജൂദ് ചെയ്തുവീഴുകയും ചെയ്തു. എന്നെപോലെ ഒന്നിനും കൊള്ളാത്ത ഒരു ദുർബലന് അങ്ങയുടെ കൈയിൽ ബയ്അത്ത് ചെയ്യാൻ തൗഫീഖ് പ്രദാനം ചെയ്ത അല്ലാഹുവിന് നന്ദി രേഖപ്പെടുത്തി. ജൽസയ്ക്കുശേഷം എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു, കൂടിക്കാഴ്ചയ്ക്കുള്ള ഒരവസരം കൂടി കിട്ടുമെന്ന്. ഞാൻ ദിവസം മുഴുവൻ ഒരുപാട് ചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരുന്നു. പക്ഷേ, കൂടിക്കാഴ്ച നടന്നപ്പോൾ എല്ലാം മറന്നുപോയി. ഏറ്റവും കൂടുതൽ ചിന്തിപ്പിക്കുന്ന ഒരു ചോദ്യം മാത്രം ഓർമയുണ്ടായി; ജൽസ കഴിഞ്ഞ് സ്വന്തം നാട്ടിൽ പോയതിനുശേഷം റൂഹാനിയ്യത്തിന്റെ ഈ നിലവാരം നിലനില്ക്കുമോ? അപ്പോൾ അവിടന്ന് പറഞ്ഞു: 'അത് നിലനിറുത്തുന്നതിന് സൂറഃ ഫാത്തിഹ *ഇഹ്ദിനസ്സിറാത്തൽ മുസ്തഖീമാ സിറാത്തല്ലദീന അൻഅംത അലയ്ഹിം* എന്നതും ഇസ്തിഗ്ഫാറും പതിവായി ചൊല്ലിക്കൊണ്ടിരിക്കുക.' അദ്ദേഹം പറയുന്നു: 'അടുത്ത ജൽസ വരെ ഈ ഉപദേശമനുസരിച്ച് പ്രവർത്തിക്കുന്നതായിരിക്കുമെന്ന് ഞാൻ ഇവിടെനിന്ന് പ്രതിജ്ഞ ചെയ്തുകൊണ്ട് പോകുകയാണ്; അടുത്ത ജൽസയിൽ വന്നിട്ട് ആ ഉപദേശമനുസരിച്ച് ഞാൻ പ്രവർത്തിച്ചുവെന്ന് പറയുന്നതായിരിക്കും.' അല്ലാഹു അദ്ദേഹത്തിന്റെ ആത്മാർഥതയിലും കൂറിലും വർധന നല്കുമാറാകട്ടെ.

കൊസോവോയിലെ സംഘത്തിൽ, ഈ ജൽസയിൽ ആദ്യമായി പങ്കെടുക്കുന്ന ഒരു സുഹൃത്തുണ്ടായിരുന്നു. അദ്ദേഹം പറയുന്നു: 'അനുഭവങ്ങളും വികാരങ്ങളും വാക്കുകളിൽ പ്രകടിപ്പിക്കാൻ അശക്തനാണ്. എനിക്ക് ലോകത്തെ കുറിച്ച് ചിന്തിക്കുന്ന ഒരു അസ്തിത്വത്തെ കിട്ടണമെന്നും അദ്ദേഹവുമായി ചേർന്ന് എല്ലാ പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും പരിഹരിക്കണമെന്നുള്ള ആഗ്രഹം ദീർഘകാലമായി ഉണ്ടായിരുന്നതാണ്. ഈ ജൽസയിൽ ഞാൻ പങ്കെടുത്തത് ദൈവികമായ നിയന്ത്രണത്താലാണ്. ഞാൻ അല്ലാഹുവിന്റെ അടുത്തെത്തിയിരിക്കുന്നുവെന്ന് ബയ്അത്ത് ചെയ്യുമ്പോൾ തോന്നിയിരുന്നു.'

അൽബാനിയായിലെ പെല്ലുമ്പ് (Pellumb) സാഹിബ് പറയുന്നു: 'ഞാൻ അങ്ങയുടെ കൈയിൽ ബയ്അത്ത് ചെയ്തു. ജമാഅത്തിൽ പ്രവേശിക്കാൻ സൗഭാഗ്യം പ്രാപിച്ചു. അതിന് അല്ലാഹുവിന് സ്തുതി; അവൻ എനിക്ക് അഹ്മദിയ്യത്തിൽ വരാൻ തൗഫീഖ് നല്കി.' അദ്ദേഹം പറയുന്നു: 'അല്ലാഹുവിന് അതിരറ്റ നന്ദിയാണ്. ഒരു വർഷം മുമ്പേ ഞാൻ ഈമാനിൽനിന്ന് കാലിയായിരുന്നു. ഈ വർഷം അല്ലാഹു എനിക്ക് ഈമാൻ നല്കി സമ്പന്നനാക്കി. എന്റെ ജനനവും എന്റെ വളർച്ചയുമെല്ലാം തികച്ചും നിർമത ചുറ്റുപാടിലായിരുന്നു. പക്ഷേ, അല്ലാഹു ജൽസാസാലാനയിൽ പങ്കെടുക്കുകയും അങ്ങയുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്തതിലൂടെ എന്നെ ഈമാൻകൊണ്ട് അലങ്കരിച്ചു.'

ഡോക്ടർ മുഹമ്മദ് മഹ്മൂദ് സാഹിബ് പറയുന്നു: 'രണ്ടുവർഷം മുമ്പേ ആദ്യമായി ജൽസയിൽ വന്നപ്പോൾ എനിക്ക് വല്ലാത്തതായി തോന്നി. എനിക്ക് അത് തികച്ചും പുതിയ കാര്യമായിരുന്നു; അഹ്മദി പറയുന്നു മഹ്ദിയും മസീഹും വന്നുവെന്ന്! ഞങ്ങൾക്കാണെങ്കിൽ അതിനെക്കുറിച്ച് ഇപ്പോൾ അറിവുമില്ല. എന്റെ മനസ്സിൽ

**അല്ലാഹുവിന്റെ കലാം:**

**'നിങ്ങൾ മനഃപൂർവം സത്യത്തെ അസത്യവുമായി കലർത്തുകയും സത്യം മറച്ചു വെക്കുകയും ചെയ്യരുത്.'**
**(2:43)**

**ത്വാലിബെ ദുആ:**
**K.Muhammad Shareef & Family**
**Ahmadiyya Jama-ath Vaniyambalam, Kerala.**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**'ഭൗതികശക്തികൾ ഇസ്ലാം-അഹ്മദിയ്യത്തിനെ തെല്ലും ഭയപ്പെടേണ്ട ആവശ്യമില്ല. എല്ലാ രൂപത്തിലും ഞങ്ങൾ ഒരു ആത്മീയ ജമാഅത്താണ്.'**
**(ഡന്മാർക്ക് പര്യടനം, ചോദ്യോത്തരം 2016 മെയ് 18)**

**ത്വാലിബെ ദുആ:**
**P.P. Nasiruddin , Ameer Ahmadiyya Jama-ath Kannur Town, Kerala.**

ഒരുപാട് ചോദ്യങ്ങൾ ചുറ്റിക്കറങ്ങാൻ തുടങ്ങി. മഹ്ദി അറേബ്യക്കാരനായിരിക്കുമെന്നാണ് ഞാൻ പഠിച്ചതും വായിച്ചതും. അദ്ദേഹത്തിന്റെ പേര് മുഹമ്മദ് ബിൻ അബ്ദുല്ലാഹ് എന്നായിരിക്കും. ഈ ജമാഅത്ത് രാഷ്ട്രീയമാണോ മതമാണോ? ഇപ്രകാരം ഒരുപാട് ചോദ്യങ്ങൾ മനസ്സിനെ ഞെരിച്ചിട്ടു. ഈ ചോദ്യങ്ങൾക്ക് മറുപടി കിട്ടുന്നതിന് ഞാൻ അടുത്തവർഷം ജൽസയിൽ വന്നു. അഹ്മദി സഹോദരന്മാരുമായി വിവിധ വിഷയങ്ങളിൽ സംസാരിച്ചു. ജൽസയ്ക്കുശേഷവും അഹ്മദികളുമായി എന്റെ ബന്ധം തുടർന്നു. പതുക്കെപതുക്കെ എന്റെ സകല ചോദ്യത്തിനും മറുപടി കിട്ടാൻ തുടങ്ങി. അഹ്മദി മാത്രമാണ് ഒരു യഥാർഥ മുസ്‌ലിമിന്റെ എല്ലാ ഗുണങ്ങളും ഉൾക്കൊള്ളുന്നതെന്ന് എനിക്ക് ദൃഢബോധ്യമായി. അങ്ങനെ ഞാൻ ജമാഅത്തിന്റെ സ്നേഹത്തിലും ഇണക്കത്തിലും ആകർഷിതനായി ബയ്അത്ത് ചെയ്യാൻ തീരുമാനിച്ചു.' അദ്ദേഹം പറയുന്നു: 'ഈ സ്നേഹം ജമാഅത്തിന്റെ ആളുകളിൽ കാണാം. അല്ലാഹു അതിന്റെ വിത്ത് അവരുടെ മനസ്സുകളിൽ വിതച്ചിട്ടില്ലായിരുന്നെങ്കിൽ ഒരിക്കലും ഈ സ്നേഹം ഉണ്ടാകുമായിരുന്നില്ല.' വീണ്ടും പറയുന്നു: 'ദൈവകൃപ കൊണ്ടാണ് എനിക്ക് കാലത്തിന്റെ ഖലീഫയുടെ കൈയിൽ ബയ്അത്ത് ചെയ്യാൻ ഭാഗ്യമുണ്ടായത്. ബയ്അത്തിന്റെ വാക്കുകൾ ഉരുവിടുമ്പോൾ ഉണ്ടായ അനുഭവം വിവരണാതീതമാണ്. കാലത്തിന്റെ ഖലീഫയുടെ കൈയിൽ ബയ്അത്ത് ചെയ്യാൻ അവസരം കിട്ടിയ ഭാഗ്യവാനാണ് ഞാൻ. വീണ്ടും പറയുന്നു: 'ബയ്അത്ത് 5 മണിക്കൂർ നീണ്ടാലും ഒരു ബോറും ഉണ്ടാകുകയില്ല; സമയം കഴിയുന്നത് അറിയുകയുമില്ലായിരുന്നു.'

കൊസോവോ സംഘത്തിൽ ഒരു സുഹൃത്തുണ്ടായിരുന്നു. അദ്ദേഹം ആദ്യമായാണ് ജൽസയ്ക്കു വന്നത്. അഞ്ചുപേരുടെ എല്ലാ ഫാമിലിയ്ക്കും ബയ്അത്ത് ചെയ്യാൻ ഭാഗ്യം കിട്ടി. അദ്ദേഹം പറയുന്നു: 'ആദ്യം എനിക്ക് ബയ്അത്ത് ഭയമായിരുന്നു; എങ്ങനെയായിരിക്കും? ശരീരം പരിഭ്രമംകൊണ്ട് വിറയ്ക്കുകയായിരുന്നു. പക്ഷേ, ബയ്അത്ത് ചെയ്തതിനുശേഷം പിന്നീട് സമാധാനം കിട്ടി. എല്ലാം നോർമലായിരിക്കുന്നുവെന്ന് തോന്നിതുടങ്ങി.'

ലബനൻ(Lebanon)നിലെ കമാൽ ഉലുവാൻ സാഹിബ് പറയുന്നു: എന്റെയടുത്ത് ഒരു റസ്റ്റാറന്റ് ഉണ്ടായിരുന്നു. അവിടെ ഒരു അഹ് മദി സുഹൃത്ത് മുഹമ്മദ് ശഹാദ വരാറുണ്ടായിരുന്നു. ഒരു ദിവസം എന്നോടു പറഞ്ഞു, 'ഞാൻ താങ്കളോടു ഒരു കാര്യം പറയാൻ ആഗ്രഹിക്കുന്നു. ഇമാം മഹ്ദി വരികയും വഫാത്താകുകയും ചെയ്തിരിക്കുന്നു.' അദ്ദേഹം പോയതിനുശേഷം ആ വ്യക്തിയാരാണെന്ന് ഞാൻ ചിന്തിച്ചു. കുറച്ചു കാലത്തിനുശേഷം ആ അഹ്മദി വരുന്നു. വീണ്ടും വന്നു പറയുന്നു, 'ഇമാം മഹ്ദി വന്നു കഴിഞ്ഞിരിക്കുന്നു.' ഒരു ദിവസം അയാൾ ചില കാര്യങ്ങൾ വിശദീകരിച്ചു. അതിൽ ദജ്ജാലിനേയും വഫാത്തെ മസീഹിനേയും കുറിച്ച് പറഞ്ഞു. എന്നെ സംബന്ധിച്ചിടത്തോളം അത് അത്ഭുതകരമായ സംഭവമായിരുന്നു. എന്റെ മനസ്സിൽ അത് ആഴ്ന്നിറങ്ങി. ജമാഅത്തിനെ കുറിച്ച് കൂടുതൽ അറിയണമെന്ന് എനിക്കു തോന്നി. പിന്നീട് അയാൾ ജൽസയിൽ വരാൻ ക്ഷണിച്ചു. ഞാൻ അത് സന്തോഷത്തോടെ സ്വീകരിച്ചു.

എനിക്ക് ഒന്നാമതായി ജമാഅത്തിന്റെ സത്യതയ്ക്കുള്ള തെളിവായി കാണാൻ സാധിച്ചത് ഇത്രയധികം ആളുകളും അവർക്കായുള്ള മികച്ച ഏർപ്പാടുകളുമായിരുന്നു. ജൽസക്കിടയിൽ ഒരു സുഹൃത്ത് എന്നോടു 'ഇദ്ദേഹം ഖലീഫത്തുൽ മുസ്‌ലിമീ'നാണെന്ന് പറയുകയുണ്ടായി. അതിനുശേഷം ഞാൻ അഹ്മദികളോട് പല ചോദ്യങ്ങളും ചോദിച്ചു. അതിനെല്ലാം അവർ സ്നേഹത്തോടെ മറുപടികൾ നൽകി. അഹ്മദിയ്യത്തിന്റെ സത്യതയിൽ എന്റെ ഹൃദയം ആശ്വാസം കൊണ്ടു. അടുത്ത വർഷംവരെ ജീവിക്കുമോ ഇല്ലയോ എന്നറിയില്ല അതുകൊണ്ട് ഇപ്പോൾ തന്നെ ബയ്അത്ത് ചെയ്യേണ്ടതല്ലേ എന്ന് ചിന്തിച്ചു. അങ്ങനെ ഞാൻ ബയ്അത്തു ചെയ്തു. ഇപ്രകാരം എന്റെ രണ്ടു സ്വപ്നവും ജമാഅത്തിന്റെ സത്യസാക്ഷ്യത്തിന് കാരണമായി. ദൈവകൃപയാൽ എന്റെ ഒരു മകനും ബയ്അത്ത് ചെയ്തു. എന്റെ മറ്റു മക്കളും അഹ്മദിയാകണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഞാൻ ഇന്ന് അൽഹവാറുൽമുബാശിർ എന്ന പരിപാടിയും ഖുത്ബയും വളരെ ശ്രദ്ധയോടെ കാണുന്നു. എന്റെ പക്കൽ ബയ്അത്തിന്റെ പത്തുനിബന്ധനകൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ൽ നിന്നുള്ള കുറച്ചു നിബന്ധനകൾ മാത്രമല്ല പ്രത്യുത അല്ലാഹുവിൽനിന്നുള്ള പ്രവർത്തനരൂപരേഖയാണ്. ബയ്അത്തിനുമുമ്പേ എനിക്ക് ഇമാം മഹ്ദിയെ കാണാൻ ഭാഗ്യം നല്കണേ എന്ന് ദുആ ചെയ്യാറുണ്ടായിരുന്നു. കഴിഞ്ഞ ജീവിതം ഞാൻ ജമാഅത്ത് കൂടാതെ കഴിച്ചു. അതിൽ എനിക്ക് ലജ്ജ തോന്നിക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് ഞാൻ ഹൃദയംഗമമായി അഹ്മദികളെ ബഹുമാനിക്കുന്നു. കാരണം ഇവർ ദീനെ മുസ്തഫായ്ക്കുവേണ്ടി സേവനം ചെയ്തുകൊണ്ടിരിക്കുന്നു. എനിക്കിപ്പോൾ എന്റെ ഭാര്യയേയും മക്കളേയും ജോലിയേയും കുറിച്ച് അത്ര ചിന്ത ഉണ്ടാകാറില്ല, മറിച്ച് ജമാഅത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി ചെലവഴിക്കാൻ പണംവേണമെന്നും ജമാഅത്തിന് സേവനം ചെയ്യണമെന്നുമുള്ള ചിന്തയാണുള്ളത്. അല്ലാഹു എന്റെ ആഗ്രഹം പൂർത്തിയാക്കുമാറാകട്ടെ.

ഫുആദ് സാഹിബ് പറയുന്നു: 'ജമാഅത്തിനെ പരിചയപ്പെടുന്നതിനുമുമ്പേ അല്ലാഹുവിന്റെ മഹത്ത്വത്തെ കുറിച്ച് ചിന്തിക്കാറുണ്ടായിരുന്നു. നിത്യേന മോശമായിക്കൊണ്ടിരിക്കുന്ന മുസ്‌ലിമീങ്ങളുടെ അവസ്ഥയിൽ ദൃഷ്ടി വെക്കാറുണ്ടായിരുന്നു. അവരുടെ ഈ അവസ്ഥ എന്നായിരിക്കും നന്നാകുക? പിന്നീട് ഞാൻ ജർമനിയിൽ വന്നപ്പോൾ യൂറോപ്പിലെ അറബി സുഹൃത്തുക്കളെ കണ്ട് ഇക്കൂട്ടർ മുഖേന യൂറോപ്പിൽ ഇസ്‌ലാം വ്യാപിക്കുമോ എന്ന് ചിന്തിക്കാറുണ്ടായിരുന്നു; അവസാനകാലത്ത് യൂറോപ്പിൽ ഇസ്‌ലാം വ്യാപിക്കുമെന്ന് ഹദീഥിൽ വന്നിട്ടുള്ളതുപോലെ. അതിന്നിടയിൽ അഹ്മദി സുഹൃത്ത് മാഹിറുൽമആനിയുമായി എന്റെ കൂടിക്കാഴ്ച നടന്നു. അദ്ദേഹം ജമാഅത്തിനെ കുറിച്ച് പറയാൻ തുടങ്ങി. തുടക്കത്തിൽ ഞാൻ അദ്ദേഹത്തെ എതിർത്തു. പക്ഷേ, ജമാഅത്തുപരമായ ഗ്രന്ഥങ്ങൾ വായിക്കാൻ തുടങ്ങിയതിനുശേഷം ഞാൻ ജൽസയ്ക്കുപോകാൻ തീരുമാനിച്ചു. ഞാൻ ജൽസ കാണുകയും ചിന്തിക്കുകയും ചെയ്തു. ഇത്രമാത്രമാളുകൾ എങ്ങനെയാണ് ഒരു വ്യക്തിയുടെ കൈയിൽ സംഘടിച്ചിട്ടുള്ളത്? പരസ്പരം സ്നേഹത്തിന്റെയും ഇണക്കത്തിന്റേയും ബന്ധവും സ്ഥാപിതമായിരിക്കുന്നു. ഞാൻ തഹജ്ജുദ് നമസ്കാരത്തിൽ ഒരുപാട് ദുആ ചെയ്തു. അല്ലാഹുവേ! ഈ ജമാഅത്ത് സത്യമാണെങ്കിൽ എനിക്ക് ഈ ജൽസയിൽ(2018)ബയ്അത്ത് ചെയ്യാൻ തൗഫീഖ് നല്കിയാലും. അങ്ങനെ ആ ജൽസയിൽ എന്റെ മനസ്സിനെ തൃപ്തി കൈവന്നു. ഞാൻ ബയ്അത്തു ചെയ്തു. പക്ഷേ, എന്റെ ഭാര്യ ബയ്അത്തു ചെയ്യാൻ വിസമ്മതിച്ചു. ഈ പുസ്തകം വായിക്കുകയും ഇസ്തിഖാറ ചെയ്യുകയും ചെയ്യുക എന്നു ഞാൻ പറഞ്ഞു മനസ്സിലാക്കിക്കൊടുത്തു. മൂന്നു മാസം എന്റെ ഭാര്യ ഇസ്തിഖാറ ചെയ്തു. ഒരുദിവസം ഒരു സ്വപ്നം കണ്ടു; ജനങ്ങൾ ചുറ്റും കൂടിയിരിക്കുന്നു. അവരുടെ മധ്യത്തിൽ ഒരു വെള്ളപ്രാവുണ്ട്. എന്റെ ഭാര്യ ചോദിച്ചു. പ്രാവ് കൊണ്ടുദ്ദേശിക്കുന്നതെന്താണ്? അപ്പോൾ അക്കൂട്ടത്തിൽനിന്നൊരാൾ പറഞ്ഞു; ഈ പ്രാവ് ഇസ്‌ലാം പ്രചരിപ്പിക്കുന്നതിന് ഖുദുസ് ദേശത്തു വന്നിരിക്കുകയാണ്. ആ സ്വപ്നം എന്റെ ഭാര്യയുടെ ഹൃദയം തുറന്നു. അങ്ങനെ ഈ 2019ലെ ജൽസയിൽ പങ്കെടുക്കുകയും ബയ്അത്തു ചെയ്യുകയും ചെയ്തു. അദ്ദേഹം പറയുന്നു; അല്ലാഹു എന്റെ മുഴുവൻ കുടുംബത്തിനും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്തു ചെയ്യുവാനുള്ള സൗഭാഗ്യമേകി എന്നതിൽ ഞാൻ അതീവ സന്തുഷ്ടനാണ്. ഇനി ഞാനെന്റെ എല്ലാ ബന്ധുക്കൾക്കും തബ്‌ലീഗ് ചെയ്യുന്നതാണ്.

ആസ്ത്രിയായുമായി ബന്ധംവെക്കുന്ന ഒരു അതിഥി ഫാത്വിമ സാമിർ സാഹിബ പറയുന്നു: 'ഞാൻ ജർമനി ജൽസയുടെ അവസരത്തിൽ ജൂലായ് 7ന് ബയ്അത്ത് ചെയ്തു. ഞാൻ ദുആയ്ക്ക് അപേക്ഷിക്കുകയാണ്; എന്റെ ബയ്അത്ത് അനുഗൃഹീതമാകട്ടെ. ഈ ചെയ്തിട്ടുള്ള ബയ്അത്തുടമ്പടിയെ എന്റെ തെറ്റുകളൊന്നും തകർക്കാതിരിക്കട്ടെ. എന്റെ ഉള്ളിൽ മാറ്റമുണ്ടാക്കാൻ അല്ലാഹു എന്നെ അനുഗ്രഹിക്കുമാറാകട്ടെ. അതിനെകുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇസ്‌ലാമീ ഉസ്വൂൽ കി ഫിലോസഫിയിൽ പറഞ്ഞിരിക്കുന്നു.' വീണ്ടും പറയുന്നു: 'ഞാൻ എന്റെ കുടുംബത്തോടൊപ്പം 2011 മുതൽ അഹ്മദിയാണ്. പക്ഷേ, ബയ്അത്ത് ഫോറം പൂരിപ്പിച്ചിരുന്നില്ല. എന്നെ അഹ്മദിയായി ഞാൻ മനസ്സിലാക്കിയിരുന്നു.' പറയുന്നു: 'രണ്ടുമാസത്തിനുശേഷം എനിക്ക് 18 വയസ്സ് തികയുമ്പോൾ നേരിട്ട് ബയ്അത്ത് ചെയ്യണമെന്നത് എന്റെ മോഹമായിരുന്നു. ഞാൻ 2011ൽ എന്റെ ബയ്അത്ത് ഫോറം പൂരിപ്പിച്ചുവച്ചിരുന്നു; നേരിട്ട് നല്കാൻ. അങ്ങയുടെ കൈയിൽ നേരിട്ട് ബയ്അത്ത് ചെയ്യാനും. അങ്ങനെ ഈ വർഷം അത് പൂർത്തിയായി. ഇപ്പോൾ ആ ഫോറം പൂരിപ്പിക്കുന്നതിനുമുമ്പേ അതിഥികളെ തബ്‌ലീഗും ചെയ്യുന്നു.' ഇങ്ങനെ അല്ലാഹു യുവാക്കളുടെ മനസും തുറന്നുകൊണ്ടിരിക്കുന്നു.

ഒരു കുർദ് പെൺകുട്ടി തന്റെ പ്രതികരണം വിവരിക്കുന്നു: 'എന്റെ മാതാവ് അഹ്മദിയ്യത്ത് സ്വീകരിച്ചിരുന്നു. പക്ഷേ, ഞാൻ അന്ന് തയ്യാറായില്ല. ഇപ്പോൾ കഴിഞ്ഞ കുറച്ചുമാസമായി മനസ്സിൽ ചായ്‌വുണ്ടായിക്കൊണ്ടിരിക്കുന്നു. കാരണം ഞാൻ അഹ്മദികളിൽ പരസ്പരം സ്നേഹം കണ്ടു. ഇന്ന് അങ്ങയുടെ പ്രസംഗം കേട്ടുടനെ എന്റെ എല്ലാ ശങ്കകളും അകന്നു. കഴിഞ്ഞവർഷവും ഞാൻ വന്നിരുന്നു. പക്ഷേ, ഇന്നത്തെ അവസ്ഥ ആയിരുന്നില്ല അന്ന്. എന്റെ മാതാവ് ഒത്തിരി സന്തോഷിക്കുന്നുണ്ടാകും. കാരണം ഇപ്പോൾ അഹ്മദിയാകണമെന്നുള്ള ബോധവും ശക്തമായി ഉണ്ടായിക്കൊണ്ടിരിക്കുന്നു.

ജോർജിയായിൽനിന്ന് യൂണിവേഴ്സിറ്റി ലക്ചറായിരുന്ന ഒരു വക്കീലും വന്നു. പരിപാടികൾ കണ്ട് അദ്ദേഹം ബയ്അത്ത് ചെയ്തു. അദ്ദേഹം പറയുന്നു:' ഞാൻ വളരെ ആകർഷിതനായി. ഇതൊരു ദിവ്യാത്ഭുതമാണ്.' ആവർത്തിച്ച് ആവർത്തിച്ച് ഇതൊരു ദിവ്യാത്ഭുതമാണെന്ന് പറഞ്ഞുകൊണ്ടിരുന്നു. പറയുന്നു: 'ജമാഅത്തിൽ പരസ്പരമുള്ള സ്നേഹം വളരെയധികമാണ്.

**(ശേഷം പേജ് 16ൽ)**

(പേജ് 2ൽനിന്ന്)

ത്യുത എല്ലാ പ്രദേശത്തേയും ആളുകൾ പെരുന്നാളിന്റെ അവസരത്തിൽ ഈദുഗാഹിൽ സമ്മേളിക്കണം. അങ്ങനെ ഈദിന്റെ സന്തോഷം കൊണ്ടാടുക. ഈ വീക്ഷണത്തിലൂടെ നമ്മൾ നോക്കുകയാണെങ്കിൽ സന്തോഷം യഥാർഥത്തിൽ സമ്മേളനത്തിന്റെ പേരാണെന്ന് നമുക്ക് കാണാം. ഇതിന്റെ അടിസ്ഥാനത്തിൽ ഈദ് സംഘടിക്കുന്നതിന്റെ പേരാണ്. ഏറ്റവും വലിയ സമ്മേളനമുണ്ടാകുന്നതായിരിക്കും ഏറ്റവും വലിയ ഈദ്. ഏറ്റവും വലിയ ഈദിന്റെ അവസരം ഉണ്ടായ, ആ ഏറ്റവും വലിയ സമ്മേളനത്തിന് അടിത്തറവീണതെപ്പോഴാണ്? അതുവീണത് അല്ലാഹുവിന്റെ ഒരു പ്രിയപ്പെട്ട മനുഷ്യൻ മുഴുലോകത്തേയും വിളിച്ചുകൊണ്ട്, *ഖുൽ യാ അയ്യുഹന്നാസു ഇന്നീ റസൂലുല്ലാഹി ഇലയ്ക്കും ജമീഅൻ* എന്ന് പറഞ്ഞപ്പോഴാണ്; മനുഷ്യരേ! തീർച്ചയായും ഞാൻ നിങ്ങളിൽ അല്ലാഹുവിന്റെ ദൂതനാകുന്നു.

ലോകം ചെറിയ ചെറിയ ധാരാളം പെരുന്നാളുകൾ കണ്ടിട്ടുണ്ട്. ഹദ്റത്ത് മൂസാ(അ)യുടെ കാലത്തും ഈദ് ഉണ്ടായിരുന്നു. ഹദ്റത്ത് ദാവൂദ്(റ)ന്റെ കാലത്തും ഈദുണ്ടായിരുന്നു. ഹദ്റത്ത് മസീഹിന്റേയും എല്ലാ നബിമാരുടേയും കാലത്തും ഈദുകളുണ്ടായിരുന്നു. പക്ഷേ, ആ ഈദുകൾ ഉണ്ടായതെല്ലാം ആ നബി ജനിച്ച പ്രദേശങ്ങളിൽ മാത്രമായിരുന്നു; അല്ലെങ്കിൽ ഏതു ജനതയിലാണോ നിയോഗിക്കപ്പെട്ടത് അവരിൽ മാത്രമായിരുന്നു. അതുകൊണ്ട് ഇതെല്ലാം ചെറിയ ചെറിയ പെരുന്നാളുകളായിരുന്നു. എന്നാൽ, ഹദ്റത്ത് ആദം(അ) മുതൽ ലോകത്ത് ഒരു വലിയ പെരുന്നാൾ ഉണ്ടായിട്ടുണ്ടെങ്കിൽ, അത് അല്ലാഹു തന്റെ ഏറ്റവും പ്രിയപ്പെട്ടവനോട് താങ്കൾ സ്വന്തം നിലയിൽ മുഴുവൻ ലോകത്തേയും ഒരിടത്തു ഒരുമിച്ചു കൂട്ടുക എന്നു പറഞ്ഞപ്പോഴായിരുന്നു. ഇതായിരുന്നു ഏറ്റവും വലിയ പെരുന്നാൾ. അതിൽ അല്ലാഹു തന്റെ പ്രത്യേക വചനം മുഖേന മുഴുലോകത്തേയും ഒരിടത്തു ഒരുമിച്ചുകൂട്ടാൻ കല്പന നല്കി. അദ്ദേഹത്തിന്റെ കൈയിൽ സംഘടിക്കാൻ മുഴുലോകത്തോടും തന്റെ പ്രിയപ്പെട്ടവൻ മുഖേന കല്പിച്ചു. അതിൽ ഇന്ന ജനതയെന്നോ, ഇന്ന രാജ്യക്കാരെന്നോ, ഇന്ന പ്രദേശക്കാരെന്നോ ഉള്ള നിബന്ധന ചെയ്യപ്പെട്ടില്ല. മിസ്റിയാവട്ടെ, ചീനിയാവട്ടെ, ഇറാനിയാവട്ടെ, അറബിയാവട്ടെ, യൂറോപ്യയനാവട്ടെ, അമേരിക്കനാവട്ടെ, ദ്വീപുവാസികളാവട്ടെ, ആരുമാകട്ടെ ആർക്കും സംഘടിക്കാവുന്നതാണ്. കാരണം, ഞാനെന്റെ രക്തം പന്നികളുടെ മുമ്പിൽ ഇടുകയില്ലെന്നോ, ഞാനെന്റെ റൊട്ടി പട്ടിയുടെ മുമ്പിലിടുകയില്ലെന്നോ ഇനി പറയപ്പെടുകയില്ല. ഹദ്റത്ത് ഈസാ(അ)വന്ന കാലത്തും പെരുന്നാൾ കൊണ്ടാടിയിരുന്നു. എന്നാൽ, ആ പെരുന്നാൾ അദ്ദേഹത്തിന്റെ ജനതയ്ക്കുവേണ്ടി മാത്രമായിരുന്നു. അവർ അന്യരെ ഭക്ഷിപ്പിക്കുകയാണെങ്കിൽ അവരുടെ ജനത മറ്റെന്തു ഭക്ഷിക്കാനാണ്; അവരുടെ പെരുന്നാൾ എങ്ങനെ നടക്കും. അതുകൊണ്ട് ഹദ്റത്ത് ഈസാ(അ) പറഞ്ഞു: 'ഞാൻ ഇസ്റായേലിന്റെ കാണാതെപോയ ആടുകളുടെ അടുക്കലേക്കല്ലാതെ അയക്കപ്പെട്ടിട്ടില്ല.' അതിനാൽ അദ്ദേഹത്തിന്റെ വരവ് വെറും ഇസ്റായേലിന് പെരുന്നാളായിരുന്നു. പക്ഷേ, നബി(സ) തിരുമേനിയെ അല്ലാഹു അയച്ചപ്പോൾ, ഒരിക്കലും കുറവ് വരാത്ത ഖജനാവുകളോടുകൂടിയാണ് അയച്ചത്. എത്ര ചെലവഴിച്ചാലും അത് തീരുകയില്ല. ഇക്കാരണത്താലാണ് 'നിങ്ങളോടു ആരു ചോദിച്ചാലും അവർക്ക് കൊടുക്കുക' എന്ന് ആ മഹാത്മാവിനോടു അല്ലാഹു പറഞ്ഞത്. എന്നല്ല, നിങ്ങൾക്കെന്തിന്റെ ആവശ്യമാണോ ഉള്ളത് അത് ഞാൻ തരാമെന്ന് ലോകത്തിനോടു വിളിച്ച് വിളിച്ച് പറയുക. അല്ലാഹു നബി(സ)തിരുമേനിയോടു പറഞ്ഞു, *വ അമ്മാ ബിനിഅ്മത്തി റബ്ബിക്ക ഫ ഹദ്ദിഥ്.* നീ ജനങ്ങളുടെ മുമ്പിൽ അല്ലാഹുവിന്റെ നിഅ്മത്തുകളെ കുറിച്ച് പറയുക; അവർ അതിൽനിന്ന് ഫലമെടുക്കട്ടെ. ഒരു സ്ത്രീ ഭക്ഷണം ചോദിച്ചപ്പോൾ 'കുട്ടികൾക്കുള്ള ഭക്ഷണമെടുത്ത് നായ്ക്കൾക്ക് ഇട്ടുകൊടുക്കുന്നത് ശരിയല്ല' എന്നാണ് ഹദ്റത്ത് ഈസാ(അ) പറഞ്ഞത്. എന്നാൽ, നബി(സ) തിരുമേനിയോടു അല്ലാഹു പറയുന്നു. നിന്നോടു ചോദിക്കുന്നവർക്ക് തീർച്ചയായും കൊടുക്കുക എന്നതാണ് നിന്റെ ജോലി. അല്ലാഹു പറഞ്ഞു: *വ അമ്മസ്സാഇല ഫലാ തൻഹർ* (93:11) യാചകരെ വിരട്ടരുത്. അവന് നിർബന്ധമായും കൊടുക്കുക. എന്നല്ല *വ അമ്മാ ബിനിഅ്മത്തി റബ്ബിക്ക ഫ ഹദിഥ്* എന്ന് ആദ്യം പറഞ്ഞതുപോലെ ആളുകളെ വിളിച്ച് വിളിച്ച് നിഅ്മത്തുകൾ കൊടുക്കുക. 'അല്ലാഹു എനിക്ക് നിഅ്മത്തുകൾ നല്കിയിരിക്കുന്നു. നിങ്ങൾ വരിക, നിങ്ങളും അതിൽനിന്ന് വിഹിതമെടുക്കുക' എന്ന് പ്രഖ്യാപിക്കുക.

അതിനാൽ നബി(സ) തിരുമേനിക്ക് മറ്റുള്ള നബിമാരുടെ മേലുള്ള ശ്രേഷ്ഠതകളാണിത്. ആദ്യം വന്ന നബിമാരുടെയടുക്കൽ അന്യജനതയിൽപെട്ട യാചകൻ വന്നാൽ, ഞങ്ങളുടെ പക്കലുള്ളത് ഞങ്ങളുടെ ആളുകൾക്കുള്ളതാണ് എന്നു പറയുമായിരുന്നു; നിങ്ങൾക്ക് ഒന്നും തരാൻ പറ്റില്ല. പക്ഷേ, നബി(സ)തിരുമേനിയ്ക്ക് നല്കപ്പെട്ട ഖജനാവിനെ കുറിച്ച് പറഞ്ഞത് ഇത്രമാത്രം; വിരട്ടി ഓടിക്കരുത് പ്രത്യുത ആവശ്യക്കാരുടെ വീടുകളിൽ കൊണ്ടുപോയി കൊടുക്കുക.' നബി(സ) തിരുമേനി ആത്മീയമായ ഖജനാവും വീടുകൾതോറും വിതരണം ചെയ്തു. ഭൗതികമായ ഖജനാവും വീടുകൾതോറും വിതരണം ചെയ്തു. എന്നല്ല ഖിയാമത്തുനാൾവരെ ഈ വിതരണത്തിന് ആത്മീയമായ ഖജനാവുകളും വിട്ടുംവെച്ചുപോയി. അതിനാൽ അദ്ദേഹത്തിന്റെ ആഗമനം ഏറ്റവും വലിയ പെരുന്നാൾ ദിവസമായിരുന്നു.

നബി(സ) തിരുമേനി മുഖേന സന്മാർഗം സമ്പൂർത്തീകരിക്കപ്പെട്ടു. ശരീഅത്ത് പൂർണമായി അവിടന്ന് ഖാത്തമുന്നബിയ്യീന്റെ ഉന്നതസ്ഥാനത്തോടുകൂടി ലോകത്ത് അയക്കപ്പെട്ടു.

നബി(സ) തിരുമേനിയുടെ കീഴാളത്വത്തിൽ അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ നിയോഗിച്ചുകൊണ്ട് പ്രബോധന സമ്പൂർത്തീകരണവും ദീനിന്റെ പ്രചാരണവും തന്റെ ചുമതലയിലെടുത്ത ദിവസമായിരുന്നു മറ്റൊരു പെരുന്നാൾദിനം. അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അയച്ചുകൊണ്ട് തന്റെ ഉത്തരവാദിത്വമായി അതേറ്റെടുത്തു. അങ്ങനെ *ലിയുള്ഹിറഹു അലദ്ദീനി കുല്ലിഹി* ഉണ്ടാകേണ്ടതായി വിധിക്കപ്പെട്ട ആ ദിവസം വന്നു. (9:33) തീർച്ചയായും ഇസ്‌ലാമിക ശരീഅത്തിന്റെ സമ്പൂർത്തീകരണം നബി(സ)തിരുമേനി മുഖേന നടന്നു. നബി(സ)തിരുമേനി വന്നതോടെ, ഇപ്പോൾ വിപുലമായ ഖജനാവുകളോടുകൂടി ഒരു നബി നിയോഗിക്കപ്പെട്ടിരിക്കുന്നുവെന്ന് ലോകത്തോടു പറയപ്പെട്ടു; നിങ്ങൾ അദ്ദേഹത്തിന്റെ അടുത്തു വരികയും എന്തൊന്ന് ആഗ്രഹിക്കുന്നുവോ എടുത്തുകൊള്ളുകയും ചെയ്യുക" എന്നും പറയപ്പെട്ടു." (ഖുത്ബാത്തെ മഹ്മൂദ്, വാല്യം 1, പേജ് 27-30, ഈദ് ഖുത്ബ, 1916 ആഗസ്ത് 2)

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇക്കാര്യം വിശദീകരിച്ചുകൊണ്ട് ഒരിടത്ത് പറയുന്നു: "വിശുദ്ധഖുർആന്റെ അധ്യാപനം മുഖേന ലോകം മുഴുവനുമുള്ള വിവിധ പ്രകൃതക്കാരായ ജനതകളെ ഒരൊറ്റ ജനതയെപോലെയാക്കിത്തീർക്കുന്നതിനുവേണ്ടി അല്ലാഹു നമ്മുടെ നബി(സ) തിരുമേനി സയ്യിദുനാ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യെ ലോകത്ത് അയച്ചു. അവൻ 'വാഹിദ് ലാ ശരീക്' ആണെന്നപോലെ അവരിലും ഒരു ഏകത്വമുണ്ടാക്കാൻ! അവരെല്ലാവരും ചേർന്ന് ഒരൊറ്റ അസ്തിത്വംപോലെ തങ്ങളെ അല്ലാഹുവിനെ സ്മരിക്കാൻ! അവന്റെ ഏകത്വത്തിന് സാക്ഷ്യം പറയാൻ! ലോകാരംഭം മുതൽ ഉണ്ടായിട്ടുള്ള ആദ്യത്തെ ജനതയുടെ ഏകത്വവും അവസാന ജനതകളുടെ ഏകത്വവും- അതിന്റെ അടിത്തറ അവസാനകാലത്ത് ഇടപെട്ടതാണ്. അതായത് അല്ലാഹു നബി(സ) തിരുമേനിയെ നിയോഗിച്ച നേരത്ത് തീരുമാനിച്ച ഏകത്വം- ഈ രണ്ടുതരത്തിലുള്ള ഏകത്വങ്ങളും ഏകനും പങ്കുകാരനില്ലാത്തവനുമായ അല്ലാഹുവിന്റെ അസ്തിത്വത്തിലും അവന്റെ ഏകത്വത്തിലും ഇരട്ടി സാക്ഷ്യമുണ്ടാകുന്നതിനുവേണ്ടി. കാരണം അവൻ ഏകനാണ്. അതുകൊണ്ട് തന്റെ ഭൗതികവും ആത്മീയവുമായ സകല വ്യവസ്ഥിതിയിലും ഏകത്വത്തെ സുഹൃത്താക്കിവെക്കുന്നു." കാരണം നബി(സ)തിരുമേനിയുടെ നുബുവ്വത്തിന്റെ കാലഘട്ടം ഖിയാമത്തുനാൾവരെ വ്യാപിച്ചുനില്ക്കുന്നു." അക്കാലംവരെ തുടർന്നുകൊണ്ടിരിക്കുന്നു. അവിടന്ന് ഖാത്തമുൽ അമ്പിയാ ആണ്. അതുകൊണ്ട് ജനതയുടെ ഏകത്വം നബി(സ)തിരുമേനിയുടെ ജീവിതത്തിൽതന്നെ പൂർണത പ്രാപിക്കണമെന്ന് അല്ലാഹു ആഗ്രഹിച്ചില്ല. കാരണം ആ അവസ്ഥ അവിടത്തെ കാലത്തിന്റെ അവസാനത്തിലധിഷ്ഠിതമായിരുന്നു. അതായത് അവിടത്തെ കാലഘട്ടം അവിടെ അവസാനിച്ചിരിക്കുന്നു എന്ന സംശയമുണ്ടാകുമായിരുന്നു. അവിടത്തെ അവസാനത്തെ ജോലി അതേ കാലത്ത് പാരമ്യതയിലെത്തി. അതുകൊണ്ട് അല്ലാഹു ആ കർമത്തിന്റെ പൂർത്തീകരണം -അത് മുഴുവൻ ജനതകളും ഒരൊറ്റ ജനതയെപോലെ ആകുകയും ഒരേയൊരു മതമായി തീരുകയും ചെയ്യുന്ന പൂർത്തീകരണമാണ്- മുഹമ്മദീ കാലഘട്ടത്തിന്റെ അവസാനഭാഗത്ത് ഇട്ടു; അത് ഖിയാമത്തിന്റെ അടുത്തകാലമാണ്. അതിന്റെ സമ്പൂർത്തീകരണത്തിന് ഇതേ ഉമ്മത്തിൽനിന്ന് ഒരു സഹായിയെ നിശ്ചയിച്ചു. അദ്ദേഹം മസീഹ് മൗഊദ് എന്ന പേരിൽ അറിയപ്പെടുന്നു. അദ്ദേഹത്തിന്റെ പേര് 'ഖാത്തമുൽ ഖുലഫാ' എന്നാണ്. അതുകൊണ്ടുതന്നെ മുഹമ്മദീ കാലഘട്ടത്തിന്റെ തലയ്ക്കൽ നബി(സ) തിരുമേനിയാണ്. അതിന്റെ അവസാനത്തിൽ മസീഹ് മൗഊദാണ്. അദ്ദേഹം ജനിക്കുന്നതുവരെ ലോകത്തിന്റെ ഈ പരമ്പര മുറിയാതിരിക്കേണ്ടത് നിർബന്ധമായിരുന്നു. അതായത് മസീഹ് മൗഊദ് കാരണം ജനതകളുടെ ഏകത്വത്തിന്റെ സേവനം ഇതേ നാഇബുനുബുവ്വത്തിന്റെ കാലവുമായി ബന്ധപ്പെടുത്തപ്പെട്ടിരിക്കുന്നു. അതിലേക്കാണ് ഈ ആയത്ത് സൂചന നല്കുന്നത്. *ഹുവല്ലദീ അർസല റസൂലഹു ബിൽഹുദാ വ ദീനിൽ ഹഖ്ഖി ലിയുള്ഹിറഹൂ അലദ്ദീനി കുല്ലിഹി* (61:10). അതായത് തന്റെ ദൂതനെ നേർമാഗത്തോടും സത്യമതത്തോടുംകൂടി അയച്ചവനത്രെ അവൻ; അദ്ദേഹം അതിനെ എല്ലാ മതങ്ങളുടേയുംമേൽ വിജയിപ്പിക്കുന്നതിനുവേണ്ടി. അതായത് ഒരു ആഗോള വിജയം അദ്ദേഹത്തിന് പ്രദാനം ചെയ്യപ്പെടണം. കാരണം ആ ആഗോളവിജയം നബി(സ)തിരുമേനിയുടെ കാലഘട്ടത്തിൽ വെളിപ്പെട്ടിരുന്നില്ല. അല്ലാഹുവിന്റെ പ്രവചനത്തിൽ വൈരുദ്ധ്യമുണ്ടാകാവതല്ല. ഏതെങ്കിലും തരത്തിലുള്ള ഭിന്നതയോ ബലഹീനതെ

യാ ഉണ്ടാകാവതല്ല. അതുകൊണ്ട് ഈ ആയത്തിനെ സംബന്ധിച്ച്, ഈ ആഗോളവിജയം മസീഹ് മൗഊദിന്റെ കാലഘട്ടത്തിൽ പ്രകടമാകുന്നതായിരിക്കും എന്നത് നമ്മുടെ മുമ്പേ കഴിഞ്ഞുകടന്നിട്ടുള്ള വിശ്വാസികളുടെ ഏകോപിച്ച അഭിപ്രായമാണ്." (ചശ്മയെ മഅ്രിഫത്ത്, റൂഹാനീ ഖസാഇൻ, വാള്യം 23, പേജ് 90-91)

ഈ സന്ദേശവും ഈ ജോലിയും നബി(സ) തിരുമേനിയുടേതുതന്നെയാണ്. അതിനെ സമ്പൂർണതവരെ എത്തിക്കുന്നതിനുവേണ്ടി നബി (സ) തിരുമേനിയുടെ തന്നെ പ്രാർഥനകൊണ്ട്– അത് തീർച്ചയായും അർശിൽ ചെന്ന് മുട്ടിയിട്ടുണ്ടാകും– അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ രൂപത്തിൽ അദ്ദേഹത്തിന് ഒരു സത്യദാസനെ പ്രദാനം ചെയ്തു. ഈ സത്യവാനായ ദാസനും അല്ലാഹു അദ്ദേഹത്തിന്റെ യജമാനനെ പിന്തുടരുന്നതുകൊണ്ട് ഇങ്ങനെ വിളംബരം ചെയ്യാൻ പറഞ്ഞു: *ഖുൽ യാഹയ്യുഹന്നാസു ഇന്നീ റസൂലുല്ലാഹി ഇലയ്ക്കും ജമീഅ* (7:159) മൂസവി മസീഹ് യാചകരെ ആട്ടിയോടിച്ചിരുന്നു. പക്ഷേ, മുഹമ്മദി മസീഹിന് ആ ദാസത്വത്തിന്റെ കാരണത്താൽ വിശാലമായ സുപ്ര നല്കപ്പെട്ടു. അവിടെ ഇരിക്കുന്നതിൽനിന്ന് ആരേയും ആട്ടിഓടിച്ചില്ല. പ്രത്യുത വിളിച്ചു വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു, ഈ സുപ്രയിൽനിന്ന് ഭക്ഷിക്കുക എന്ന്. അതുകൊണ്ട് ഈ സുപ്രയിലിരുന്നുകൊണ്ട് നമ്മളോടൊപ്പം ചേരുന്ന ഓരോ പുതിയ ആത്മാവും നമുക്ക് സന്തോഷത്തിനും പെരുന്നാളിനും നിമിത്തമാണ്. ഇത് ശരീഅത്തിന്റെ കല്പനകളിൽ സംഘടിക്കുന്നതിന്റെ പെരുന്നാളാണ്. എല്ലാ ആളുകളും കർമപരമായ ജീവിതത്തിൽ ഒരു ദീനിൽ സംഘടിക്കുമ്പോൾ അതിന്റെ ഫലമായുണ്ടാകുന്ന പെരുന്നാൾ യഥാർഥ പെരുന്നാളും വലിയ പെരുന്നാളുമായിരിക്കും. ഇക്കാലഘട്ടത്തിൽ ആ ഈദു ആഘോഷിക്കാൻ അല്ലാഹു നമ്മെ ഏല്പിച്ചിരിക്കുകയാണ്. അതിനാൽ യഥാർഥ ഈദാഘോഷിക്കണമെങ്കിൽ നമ്മൾ നമ്മുടെ അവസ്ഥകളും പരിശോധിക്കേണ്ടി വരും; എങ്ങനെ നമുക്കത് നിറവേറ്റാൻ കഴിയുമെന്ന് ചിന്തിക്കേണ്ടി വരും. ഹദ്റത്ത് മസീഹ് മൗഊദ്(അ) നമുക്കുവേണ്ടി ആസൂത്രണം ചെയ്തിട്ടുള്ള പ്രവർത്തന രൂപരേഖയനുസരിച്ച് കർമം ചെയ്ത് നമുക്ക് എത്രയും വേഗം ആ യഥാർഥ ഈദ് കൊണ്ടുവരാനുള്ള സാഹചര്യം ഒരുക്കാൻ കഴിയും. നമ്മെ അല്ലാഹു ഇക്കാലത്ത് ഏല്പിച്ചിട്ടുള്ള ആ ജോലി ശരിയായ രീതിയിൽ നിറവേറ്റാൻ കഴിയും. അവിടന്ന് പറഞ്ഞ ഉപദേശങ്ങളിൽ ചിലത് ഹ്രസ്വമായി വിവരിക്കുകയാണ്.

അല്ലാഹുവിനോടുള്ള സ്നേഹം ഒരു ഉദ്ദേശ്യസാഫല്യത്തിനും വേണ്ടിയല്ലാത്തവിധം ആകുമാറുള്ള പ്രകൃതി കരസ്ഥമാക്കുക. അല്ലാഹുവിനെ സ്നേഹിക്കുക എന്നത് നമ്മുടെ പ്രകൃതിയായി മാറണം; അതിന്റെ പിന്നിൽ ഒരു ഉദ്ദേശ്യവും ഉണ്ടാകരുത്. ഹൃദയവികാരത്തോടുകൂടി അവനെ സ്നേഹിക്കേണ്ടതാണ്. (മൽഫൂദാത്ത്, വാള്യം 9, പേജ് 96)

പിന്നീട് പറഞ്ഞു. 'വിശുദ്ധഖുർആൻ ധാരാളമായി പാരായണം ചെയ്യുക. നിങ്ങളുടെ കർമങ്ങൾ അനുസരിച്ച് അത് വാർത്തെടുത്ത് കർമപരമായ സത്യത മുഖേന ഇസ്ലാമിന്റെ സവിശേഷഗുണങ്ങൾ ലോകത്ത് പ്രകടിപ്പിക്കുക." (മൽഫൂദാത്ത്, വാള്യം 3, പേജ് 155)

അതുകൊണ്ട് വിശുദ്ധഖുർആന്റെ അധ്യാപനമനുസരിച്ച് കർമങ്ങൾ ചെയ്തുകൊണ്ടുമാത്രമെ തഖ്വ ഉണ്ടാകുകയുള്ളൂ. കർമപരമായ സൽഗുണങ്ങൾ ഉണ്ടാകുകയുള്ളൂ.

വീണ്ടും പറഞ്ഞു: 'അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള കടമകൾ നിറവേറ്റുന്നതിന് പരിശ്രമിക്കുക.' (മൽഫൂദാത്ത്, വാള്യം 1, പേജ് 265)

ഇത് രണ്ടും നിങ്ങളുടെ നിർബന്ധകാര്യങ്ങളിൽപെട്ടതാണ്. പിന്നീട് അവിടന്ന് ജമാഅത്തിനെ ഉപദേശിച്ചുകൊണ്ടു പറഞ്ഞു: 'ജമാഅത്തിന് തൗഹീദിന്റെ ഏറ്റുപറച്ചിലിലും അല്ലാഹുവുമായിട്ടുള്ള ബന്ധത്തിലും ദൈവസ്മരണയിലും തങ്ങളുടെ സഹോദരങ്ങളോടുള്ള കടമ നിറവേറ്റുന്നതിലും പ്രത്യേകമായ വർണം ഉണ്ടാകേണ്ടതാണ്." (മൽഫൂദാത്ത്, വാള്യം 2, പേജ് 95)

അവിടന്ന് പറയുന്നു: 'സത്യസന്ധമായ തൗബ ചെയ്യുക. അല്ലാഹുവിനെ സത്യസന്ധതയും കൂറുംകൊണ്ട് തൃപ്തിപ്പെടുത്തുക.' (മൽഫൂദാത്ത്, വാള്യം 3, പേജ് 191)

അവിടന്ന് പറയുന്നു: 'നമസ്കാരങ്ങൾ പതിവായി അനുഷ്ഠിക്കുക.' (മൽഫൂദാത്ത്, വാള്യം 1, പേജ് 263)

"തഹജ്ജുദ് നമസ്കാരം കൃത്യമായി അനുഷ്ഠിക്കുക. നഫ്ലുകളിൽ ശ്രദ്ധിക്കുക." (മൽഫൂദാത്ത്, വാള്യം 3, പേജ് 245)

അവിടന്ന് പറയുന്നു: "നിങ്ങളുടെ മതപരമായ അറിവ് വർധിപ്പിക്കുക. (മൽഫൂദാത്ത്, വാള്യം 9, പേജ് 275)

അവിടന്ന് പറഞ്ഞു: 'തഖ്വയിൽ അഭിവൃദ്ധിപ്പെടുക.' (മൽഫൂദാത്ത്, വാള്യം 5, പേജ് 435)

അവിടന്ന് പറഞ്ഞു. "എപ്പോഴും ന്യായത്തിനോടൊപ്പം നില്ക്കുക." (മൽഫൂദാത്ത്, വാള്യം 3, പേജ് 115)

"സത്യസന്ധതയിൽ നിലകൊള്ളുക. ഒരിക്കലും നിങ്ങളിൽനിന്ന് കളവ് പുറപ്പെടരുത്." പിന്നീട് അവിടന്ന് പറയുന്നു: 'നിഷേധികൾക്കുവേണ്ടിയും ദുആ ചെയ്യുക.' മസീഹ് മൗഊദ്(അ)നെ നിഷേധിച്ചിട്ടുള്ളവർക്കു വേണ്ടിയും ദുആ ചെയ്യുക. (മൽഫൂദാത്ത്, വാള്യം 2, പേജ് 74)

പിന്നീട് അവിടന്ന് പറയുന്നു: 'പുതിയതായി വന്നുചേരുന്നവരോട് നല്ലരീതിയിൽ പെരുമാറുക. പുതിയതായി നിങ്ങിൽ വന്നുചേരുന്നവർ, പുതിയതായി വരുന്ന ആത്മാക്കൾ. അവർ ഈ ഇജ്തിമായിൽ വർധന ഉണ്ടാക്കിയിരിക്കുന്നു. അവരോട് നല്ലരീതിയിൽ പെരുമാറുക. സ്വന്തം കർമംകൊണ്ട് അവരുടെ തർബിയ്യത്തിന് ശ്രമിക്കുക. നല്ലനിലയിൽ പെരുമാറുകയും ചെയ്യുക. നിങ്ങളെക്കൊണ്ട് അവരുടെ ശിക്ഷണം ഉണ്ടായിക്കൊണ്ടിരിക്കുംവിധം നിങ്ങളുടെ മാതൃക കാണിക്കുക.' (മൽഫൂദാത്ത്, വാള്യം 3, പേജ് 349)

ഈ കുറച്ചുകാര്യങ്ങൾ ഞാൻ വിവരിച്ചു. അത് അവിടന്ന് വിവിധ നേരങ്ങളിൽ നമുക്ക് നല്കിയ ഉപദേശങ്ങളുടെ ചുരുക്കമാണ്. അതുകൊണ്ട് വളരെ ശ്രദ്ധയോടും അത്യധ്വാനത്തോടുംകൂടി, അവിടത്തോട് ചെയ്ത ബയ്അത്തിന്റെ കടമ നിറവേറ്റുകയും നമ്മളെ ഏല്പിച്ച ചുമതല നിർവഹിക്കുകയും ചെയ്യേണ്ടത് നമുക്ക് നിർബന്ധമാണ്. മുഴുലോകത്തിനുംവേണ്ടി ഒരു നബിയെ അയക്കുക എന്നത് അല്ലാഹുവിന്റെ ജോലിയായിരുന്നു. ലോകത്തിന് തികവുറ്റതും സമ്പൂർണവുമായ ശരീഅത്ത് അയക്കുക, അല്ലാഹുവിന്റെ ജോലിയായിരുന്നു. പിന്നീട് പ്രബോധനത്തിന്റെ സമ്പൂർത്തീകരണത്തിനുവേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അയക്കുക അല്ലാഹുവിന്റെ ജോലിയായിരുന്നു. എന്നാൽ, പെരുന്നാളാഘോഷം അല്ലാഹു നമ്മെ ഏല്പിച്ചു. അതുകൊണ്ട് ജമാഅത്തിലെ ആളുകൾ ശ്രദ്ധിക്കുകയും ചിന്തിക്കുകയും ചെയ്യേണ്ട ആവശ്യമുണ്ട്; എങ്ങനെയാണ് നമ്മൾ ആ സമ്മേളനം സംഘടിപ്പിക്കേണ്ടത്; യഥാർഥ ഈദ് പ്രദർശിപ്പിക്കേണ്ടത്. കാരണം അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ എല്ലാവരും ഒന്നിക്കുമ്പോഴാണ് യഥാർഥവും സത്യസന്ധവുമായ ഈദുണ്ടാകുക.

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: 'ഹദ്റത്ത് ഈസാ(അ) ഒരു പ്രവചനം ചെയ്തിരുന്നു. ആകാശത്തിലുള്ള ഞങ്ങളുടെ പിതാവേ! നിന്റെ നാമത്തിന്റെ പരിശുദ്ധി ഉണ്ടാവട്ടെ. നിന്റെ രാജത്വം വരുമാറാകട്ടെ. ആകാശത്തിൽ നിന്റെ ഇഷ്ടമുള്ളതുപോലെ ഭൂമിയിലും വരുമാറാകട്ടെ. അത് സ്ഥാപിതമാകട്ടെ. ഇതിൽ നിന്ന് ഭൂമിയിൽ ദൈവത്തിന്റെ ഭരണം ഇല്ലെന്ന് മനസ്സിലാക്കപ്പെട്ടു. വാസ്തവത്തിൽ ആകാശത്തിൽ ദൈവത്തിന്റെ ഭരണമുള്ളതുപോലെ ഭൂമിയിലുമുണ്ടെന്ന് ബൈബിളിൽ എഴുതിയിട്ടുണ്ട്. രണ്ട് ഉദ്ധരണികളും മത്തായിയുടേതാണ്. അതുകൊണ്ട് ഹദ്റത്ത് മസീഹിന്റെ പക്കൽ ദൈവത്തിന്റെ ഭരണം ഭൂമിയിലില്ലായിരുന്നു. അതുകൊണ്ടാണ് അദ്ദേഹം ഇങ്ങനെ പറഞ്ഞതെന്ന് പറയാൻ സാധിക്കുകയില്ല. പ്രത്യുത മസീഹ് ചെയ്ത ഒരു ദുആയായിരുന്നു ഇത്. അത് നബി(സ) തിരുമേനിയുടെ നിയോഗത്തെ സംബന്ധിച്ചായിരുന്നു. എപ്രകാരം അല്ലാഹു ഏകനാണോ അതുപോലെ ലോകത്തെ മുഴുവൻ ഒരിടത്ത് സംഘടിപ്പിക്കുന്ന ഒരു നബിയും വരണം. ഇതിൽ ഇന്നത്തേക്കും സൂചനയുണ്ട്. എപ്രകാരം ആകാശത്ത്, ആകാശത്തിന്റെ എല്ലാ ഭാഗത്തും മലക്കുകൾ തസ്ബീഹും തഹ്മീദും ചെയ്തുകൊണ്ടിരിക്കുന്നുവോ അതുപോലെ ഭൂമിയിലെ ഓരോകോണിലും അല്ലാഹുവിന് തഹ്മീദും തഖ്ദീസും വിവരിക്കുന്ന ആളുകൾ ഉണ്ടാകണം. അതുകൊണ്ട് ലോകത്തിന്റെ മുക്കിലും മൂലയിലും അത്തരക്കാരെ ഉണ്ടാക്കുക എന്നത് മസീഹ് മൗഊദിന്റെ ജമാഅത്തിന്റെ നിർബന്ധകടമയാണ്. പക്ഷേ, നാം നമ്മെ സ്വയം നോക്കുക. നമ്മൾ അല്ലാഹുവിനെ സ്മരിക്കുന്നവരും അവന്റെ പരിശുദ്ധി വാഴ്ത്തുന്നവരും നമ്മുടെ കർമങ്ങളെ ആ അധ്യാപനമനുസരിച്ച് വാർത്തെടുക്കുന്നവരുമാണോ? നമ്മൾ ആഘോഷിക്കുന്ന ഈ പെരുന്നാളുകൾക്കുവേണ്ടി വലിയ വലിയ തയ്യാറെടുപ്പുകൾ നമ്മൾ നടത്തുന്നു. കഴിവിനനുസരിച്ച് വസ്ത്രങ്ങൾ മുതൽ ഭക്ഷണപാനീയങ്ങളുടെ ഏർപ്പാടുകൾവരെ എല്ലാം ചെയ്യാൻ ശ്രമിക്കുന്നു. ഈ എല്ലാ ചെലവുകളും എന്തെങ്കിലും ഗുണത്തിനുവേണ്ടിയല്ല നമ്മൾ ചെയ്യുന്നത്. പ്രത്യുത ഒരു ഒത്തുചേരലിന്റെ സന്തോഷത്തിനുവേണ്ടിയാണ് ചെയ്യുന്നത്. അല്ലാഹു സന്തോഷിക്കാൻ പറഞ്ഞതുകൊണ്ട് തന്നെയാണ് അങ്ങനെ ചെയ്യുന്നത്. ഇതും അല്ലാഹുവിന്റെ കല്പനകളിൽ ഒരു കല്പനയാണ്. എന്തെങ്കിലും ഭൗതികമായ നേട്ടമൊന്നും നമുക്കുണ്ടാകുന്നില്ല. അതേ! ആത്മീയഫലം എത്തുന്നുണ്ട്. തീർച്ചയായും എത്തുന്നുണ്ട്. റമളാനുശേഷം പെരുന്നാളാഘോഷിക്കാനും ഇന്നത്തെ ദിവസം സന്തോഷിക്കാനും തിന്നാനും കുടിക്കാനും അല്ലാഹു പറഞ്ഞതുകൊണ്ട് നമ്മൾ സദുദ്ദേശ്യത്തോടെ ഈ പെരുന്നാൾ ആഘോഷിക്കുകയും ചെയ്യുന്നു. പക്ഷേ, ഇതിനെക്കാളുപരി സന്തോഷം കരസ്ഥമാക്കാനുള്ള ഏർപ്പാടിന്, അല്ലാഹു മുഴുവൻ ലോകത്തേയും ഒരു കൈയിൽ സംഘടിപ്പിക്കുന്നതിനുവേണ്ടി നബിയെ അയച്ചിരിക്കുമ്പോൾ അതിലേക്ക് നമ്മളിൽ ഓരോരുത്തരുടേയും ശ്രദ്ധ എത്രയാണോ ഉണ്ടാകേണ്ടത് അത്ര ഉണ്ടാകുന്നില്ല. ഈ റസൂലിന്റെ സന്ദേശത്തെ പ്രചരിപ്പിക്കുന്നതിനുവേണ്ടി ശ്രമിക്കേണ്ടത്ര നമ്മൾ ശ്രമിക്കുന്നില്ല. ഈ സമ്മേളനം വർധിപ്പിക്കുന്നതിൽ നമ്മൾ എത്രയാണോ പങ്കെടുക്കുന്നത്, എത്രയാണോ തയ്യാറെടുപ്പുകൾ ചെയ്തുകൊണ്ടിരിക്കുന്നത്,

അപ്പോൾപിന്നെ ഈ സമ്മേളനത്തെ വർധിപ്പിക്കുന്നതിനുവേണ്ടി ശ്രമിക്കുക. എന്തിനുവേണ്ടിയാണോ റസൂലിനെ അയച്ചത് അതിന്റെ പുണ്യവും അല്ലാഹു നമുക്ക് നല്കുന്നതാണ്. ഈ യഥാർഥ പെരുന്നാളിൽ അതിനേക്കാൾ കൂടുതൽ നല്കുന്നതായിരിക്കും; അത് പെരുന്നാളാഘോഷിക്കുന്നതുകൊണ്ടാണ് നല്കുന്നത്. അതായത് ഇവിടെ വെറും ചെലവാക്കുകയല്ല ചെയ്യുന്നത് മറിച്ച്, എല്ലാ തരത്തിലുള്ള ഗുണവും ലഭിക്കുന്നതാണ്. അല്ലാഹുവിന്റെ തൃപ്തി മുമ്പേയുള്ളതിനേക്കാൾ കൂടുതൽ കിട്ടിക്കൊണ്ടിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടൊപ്പം ചേർന്ന് ഈ വലിയപെരുന്നാളിന്റെ ഭാഗഭാക്കാകാൻ കഴിഞ്ഞ നമ്മൾ ഭാഗ്യവാന്മാരാണ്. ഇസ്ലാമിന് സകല മതങ്ങളുടേയുംമേൽ വിജയമുണ്ടാകുന്ന കാലമാണ് മസീഹ് മൗഊദിന്റേത്. നബി(സ) തിരുമേനിയുടെ സത്യസാക്ഷ്യത്തെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം അവിടത്തെ ജമാഅത്തും മുഖേന വ്യാപിച്ച് മുഴുവൻ ലോകത്തേയും ഒരു സ്ഥലത്ത് സംഘടിപ്പിക്കുന്നതായിരിക്കും. ആ സമയത്തായിരിക്കും നമ്മുടെ യഥാർഥ പെരുന്നാൾ. ആ പെരുന്നാൾ വരാത്തിടത്തോളം മറ്റു പെരുന്നാളുകളിൽ മാത്രം സന്തോഷിച്ചിരിക്കാൻ പാടില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശം ലോകത്ത് പ്രചരിപ്പിക്കുമെന്നുള്ള വാഗ്ദാനങ്ങളും അവിടന്ന് നമ്മിൽനിന്ന് വാങ്ങിയിരിക്കുന്നു. അതിനുവേണ്ടി പ്രവർത്തിക്കേണ്ട ആവശ്യം നമുക്കുണ്ട്.

ഇന്ന് ലോകം അല്ലാഹു അക്ബറിന്റെ മുദ്രാവാക്യം കേൾക്കുമ്പോൾ ഭയക്കുന്നു. കാരണം ചില മുസ്ലിമീങ്ങളുടെ കർമം അങ്ങനെയുള്ളതാണ്. അല്ലാഹു അക്ബറിന്റേയും *അശ്ഹദു അൻല്ലാ ഇലാഹ ഇല്ലല്ലാഹു വ അശ്ഹദു അന്ന മുഹമ്മദൻ അബ്ദുഹു വ റസൂലുഹു* എന്നതിന്റേയും ശബ്ദം കേൾക്കുമ്പോൾ ലോകർ പരിഭ്രമിക്കുന്നു. പക്ഷേ, ഈ പ്രിയപ്പെട്ട വാക്കുകളുടെ യാഥാർഥ്യം നമ്മൾ എങ്ങനെയാണ് തുറന്നുകൊടുക്കേണ്ടതെന്നാൽ എല്ലാ ജനതയിലുംപെട്ടവർ *അശ്ഹദു അൻല്ലാ ഇല്ലാഹ ഇല്ലല്ലാഹ് വ അശ്ഹദുഅന്ന മുഹമ്മദൻ അബ്ദുഹു വ റസൂലുഹു* ചൊല്ലുന്നതുകൊണ്ട് അത് ആവർത്തിക്കുന്നതിൽ സൗഖ്യവും സന്തോഷവും അനുഭവിക്കണം. ലോകം നബി(സ) തിരുമേനിയെ ചീത്തപറയുന്നതിനു പകരം അവിടത്തെമേൽ സ്വലാത്ത് ചൊല്ലുന്നതിൽ സന്തോഷിക്കുന്നവരാകണം. അല്ലാഹുവിനെ ചീത്തപറയുന്നതിനു പകരം അല്ലാഹു അക്ബർ എന്ന മുദ്രാവാക്യം മുഴക്കുന്നവരാകണം.' (ഖുത്ബാത്തെ മഹ്മൂദ്, വാല്യം 1, പേജ് 33, ഈദുഖുത്ബ, 1956, ആഗസ്ത് 2)

ഒരുപാട് നാളുകൾക്കുശേഷം തന്റെ സുഹൃത്തിനെ കണ്ടപ്പോൾ ബാസാറിൽ ഉറക്കെ അല്ലാഹു അക്ബർ പറഞ്ഞതിനായിരുന്നു കഴിഞ്ഞ ദിവസം ജർമനിയിൽ ഒരു മുസ്ലിമിനെ അറസ്റ്റു ചെയ്തത്. ഭീകരവാദിയായിരിക്കാം എന്നു കരുതി അറസ്റ്റു ചെയ്തു. ഈ ഭയം നീക്കുക എന്നതു മാത്രമല്ല നമ്മുടെ ജോലി. മറിച്ച്, ജർമനും ഇംഗ്ലീഷുകാരനും യൂറോപ്പിലെ മറ്റു രാജ്യങ്ങളിലെ ആളുകളും അമേരിക്കക്കാരനും ലോകത്തിന്റെ ഏതുഭാഗത്തു താമസിക്കുന്നവരാണെങ്കിലും അല്ലാഹു അക്ബർ പറയുന്നതിൽ സന്തോഷിക്കുന്ന രീതിയുണ്ടാകണം. അപ്പോഴാണ് നമ്മുടെ യഥാർഥ പെരുന്നാളാകുന്നത്. ഇൻശാഅല്ലാഹ്. ഇത് ഒരു ദിവസമുണ്ടാകും. തീർച്ചയായുമുണ്ടാകും. ലോകത്തിലെ മുഴുവൻ ആളുകളും നബി(സ) തിരുമേനിയുടെ മേൽ സ്വലാത്ത് ചൊല്ലുന്നവരാകും. ഇത് ഏതെങ്കിലും ഉമ്മത്തിന്റെ സ്വപ്നമല്ല. ഏതെങ്കിലും കുട്ടിയുടെ ചിന്തയുമല്ല. പ്രത്യുത അല്ലാഹുവിന്റെ വാഗ്ദാനത്തിന്റെ വ്യാഖ്യാനമാണ്. അത് ഒരു ദിവസം പൂർത്തിയാകും. ഇൻശാഅല്ലാഹ്. ഇത് അവന്റെ വാഗ്ദാനമാണ്. *കതബല്ലാഹു ലഅഗ്ലിബന്ന അന വറുസുലീ* (58:22). ഞാനും എന്റെ റസൂൽമാരും വിജയിക്കുകതന്നെ ചെയ്യുമെന്ന് അല്ലാഹു വിധിയെഴുതിയിരിക്കുന്നു. അതിനാൽ ഇത് ദൈവവിധിയാണ്, അത് പൂർത്തിയാകണം. അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും മുദ്രാവാക്യം ലോകത്ത് പരക്കണം. മസീഹ് മൗഊദ്(അ) മുഖേന യഥാർഥ പെരുന്നാളിന്റെ സന്തോഷങ്ങൾ ഉമ്മത്തിന് ലഭിക്കണം. അതിനുവേണ്ടി, അല്ലാഹു വാഗ്ദാനം ചെയ്ത ആ സമ്മേളനം കാണാൻ നമ്മളിലോരോരുത്തരും കഴിവിന്റെ പരമാവധി തബ്ലീഗ് ചെയ്യാൻ ശ്രമിക്കേണ്ടതാണ്.

അല്ലാഹു ഈ വാഗ്ദാനമനുസരിച്ച് നമ്മുടെ ശ്രമത്തെക്കാളുപരി ഇക്കാലത്ത് നമ്മെ വ്യാപിപ്പിച്ചുകൊണ്ടിരിക്കുന്നു. ബഹുദൈവാരാധകരും തൗഹീദിന്റെ മടിത്തട്ടിൽ വന്നുകൊണ്ടിരിക്കുന്നു. പക്ഷേ, അതിൽ വേഗമുണ്ടാക്കേണ്ട ആവശ്യമുണ്ട്. അന്യാരാധകനായിരുന്നു, ഇപ്പോൾ ബയ്അത്ത് ചെയ്ത് *ലാഇലാഹ ഇല്ലല്ലാഹു മുഹമ്മദുർ റസൂലുല്ലാഹി* ചൊല്ലാൻ തുടങ്ങിയിരിക്കുന്നു എന്ന് പറഞ്ഞ് ആഫ്രിക്കയിൽനിന്ന് ധാരാളമാളുകളുടെ കത്തുകൾ വന്നുകൊണ്ടിരിക്കുന്നു. ചിലർ വൃദ്ധരാണ്. ഒരാൾക്ക് ക്രൈസ്തവമതത്തിൽ തൃപ്തിയുണ്ടായില്ല. അങ്ങനെ അന്യാരാധകനായി ബിംബങ്ങളെ ആരാധിക്കാൻ തുടങ്ങി. അഹ്മദിയ്യത്തിന്റെ സന്ദേശം കിട്ടി. അദ്ദേഹം പറഞ്ഞു: ഞാൻ മരണത്തിന് അടുത്തെത്തിയിരിക്കുന്നു. എനിക്ക് മതം മാറുക പ്രയാസമാണ്. പക്ഷേ, ഈ സന്ദേശം സത്യമാണ്. ഇതുതന്നെയാണ് തൗഹീദ്. നിങ്ങളുടെ സന്ദേശത്തിൽ എനിക്ക് തീർച്ചയായും സത്യം കാണാൻ കഴിയുന്നുണ്ട്. എന്റെ മക്കൾ ഈ സന്ദേശം സ്വീകരിച്ചിരിക്കുന്നു. എന്റെ തലമുറ ഈ തൗഹീദിൽ നിലകൊള്ളുന്നവരാകാൻ ഞാൻ ദുആ ചെയ്യുന്നു!

ഈ വിപ്ലവങ്ങളും അല്ലാഹു ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. പക്ഷേ, ഇതിനുവേണ്ടി നമ്മളിൽ നിന്നുണ്ടാകേണ്ട ശ്രമം മുമ്പത്തേതിനേക്കാൾ കൂടുതലുണ്ടാകേണ്ടതാണ്. അല്ലാഹു നമ്മുടെ മനസ്സുകളിൽനിന്ന് ഭൗതികതയുടെ കലർപ്പ് അകറ്റുമാറാകട്ടെ. നമ്മുടെ മനസ്സുകളിൽ അവന്റെ സ്നേഹത്തിന് ഇടം നല്കുമാറാകട്ടെ. തന്റെ ദീനിനേയും തന്റെ പ്രതാപത്തേയും തന്റെ അഭിമാനത്തേയും ലോകത്ത് പ്രചരിപ്പിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. നബി(സ) തിരുമേനിയുടെ സത്യസാക്ഷ്യവും സ്ഥാനവും ലോകത്തോടു പറയുന്നവരാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദൗത്യം പൂർത്തിയാക്കുവാൻ നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. നമ്മുടെ മനസ്സുകളേയും അല്ലാഹു തന്റെ സ്നേഹം കൊണ്ട് നിറയ്ക്കുമാറാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥമായ അൽവസിയ്യത്തിൽ വിവരിച്ചിട്ടുള്ള ഈ ഉപദേശമനുസരിച്ച് കർമങ്ങൾ ചെയ്യുന്നവരാകട്ടെ. അതിൽ അവിടന്ന് പറഞ്ഞു: "ഭൂമിയുടെ വിവിധ ഭാഗങ്ങളിൽ വസിക്കുന്ന എല്ലാ ആത്മാക്കളേയും, യൂറോപ്പാകട്ടെ ഏഷ്യയാകട്ടെ, സദ്പ്രകൃതം ഉൾക്കൊള്ളുന്ന എല്ലാവരേയും തൗഹീദിലേക്ക് വലിക്കാൻ അല്ലാഹു ആഗ്രഹിക്കുന്നു; തന്റെ ദാസരെ ഓരേയൊരു മതത്തിൽ സംഘടിപ്പിക്കാനും. ഇതാണ് അല്ലാഹുവിന്റെ ഉദ്ദേശ്യം. അതിനാണ് ഞാൻ ലോകത്ത് അയക്കപ്പെട്ടിട്ടുള്ളത്. പറയുന്നു. "അതിനാൽ നിങ്ങൾ ഈ ഉദ്ദേശ്യത്തെ പിൻപറ്റുക" അതായത് മൃദുലതയോടും സൽസ്വഭാവത്തോടും ദുആകളിൽ സമ്മർദ്ദം ചെലുത്തിക്കൊണ്ടും ഈ ഉദ്ദേശ്യം പൂർത്തിയാക്കാൻ ശ്രമിക്കുക.' (അൽവസിയ്യത്ത്, റൂഹാനീഖസാഇൻ, വാല്യം 20, പേജ് 306–307)

സ്വന്തം മാതൃകകൾകൊണ്ട് അവിടത്തെ ഉദ്ദേശ്യം നിറവേറ്റുന്നതിനും അവിടത്തെ സഹായികളാകുന്നതിനും അല്ലാഹു നമുക്ക് തൗഫീഖ് നല്കട്ടെ; ഇസ്ലാമിന്റെ വിജയം ഉണ്ടാകുകയും തൗഹീദിനുമേൽലോകസമ്മേളനംനടക്കുകയും നമ്മൾ യഥാർഥ പെരുന്നാളിന്റെ സന്തോഷം കൊണ്ടാടുകയും ചെയ്യുന്നവരാകാനും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിനു വിധിക്കപ്പെട്ടിട്ടുള്ള ആ പെരുന്നാൾ കാണുന്നവരാകാനും അല്ലാഹു നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

ഇതിനുശേഷം നമ്മൾ ദുആ ചെയ്യുന്നതായിരിക്കും. ദുആയ്ക്കു മുമ്പേ ഞാൻ നിങ്ങൾക്കും ലോകത്തുള്ള സകല അഹ്മദികൾക്കും ഈദ് ആശംസിക്കുന്നു. ഈദ് മുബാറക്! ദുആയിൽ അല്ലാഹുവിനുവേണ്ടി തടവറയിൽ കഴിയുന്ന അസീറാനെ രാഹെ മൗലായെ ഓർക്കുക. അവർ ചിലയിടങ്ങളിൽ കഠിനമായ പീഢനങ്ങളാണ് ജയിലുകളിൽ സഹിക്കുന്നത്. ശുഹദാക്കളുടെ ഭാര്യമാരേയും കുട്ടികളേയും ഓർക്കുക. ജമാഅത്തിന്റെ സേവകരേയും വാഖ്ഫീനെ സിന്ദഗിയേയും ദുആകളിലോർക്കുക. മുബല്ലിഗുമാരെ ദുആകളിലോർക്കുക; അവർ വിവിധ സ്ഥലങ്ങളിൽ ഇസ്ലാമിക പ്രബോധനം എന്ന നിർബന്ധകടമ നിറവേറ്റി വരികയാണ്. അല്ലാഹു അവരിൽ തന്റേടവും ഉണ്ടാക്കുമാറാകട്ടെ. അവരിൽ കൂറും ഉണ്ടാക്കുമാറാകട്ടെ. അവരിൽ ആദ്യത്തെക്കാളുപരി ആവേശവും ഉണ്ടാക്കുമാറാകട്ടെ; തൗഹീദിന്റെ സന്ദേശം, എവിടെയൊക്കെയാണോ അവർ നിയമിതരായിട്ടുള്ളത് അവിടെ എല്ലാ ഓരോരുത്തർക്കും എത്തിക്കുന്നവരാകട്ടെ. ഈ ഭക്ഷണത്തളിക വിതരണം ചെയ്യുന്നവരാകട്ടെ. എല്ലാ അഹ്മദികൾക്കും വേണ്ടി പൊതുവായ നിലയിലും ദുആ ചെയ്യുക. അല്ലാഹു എല്ലാവരേയും അവന്റെ കാവലിൽ വെക്കുമാറാകട്ടെ. അസൂയാലുക്കളുടെ ഉപദ്രവത്തിൽനിന്ന് സുരക്ഷിതരാകട്ടെ. മുസ്ലിം ഉമ്മത്തിനുവേണ്ടി ദുആ ചെയ്യുക. അല്ലാഹു അവർക്കും ബുദ്ധിയും ഗ്രാഹ്യവും ബോധവും നല്കുമാറാകട്ടെ. മസീഹ് മൗഊദിനെ വിശ്വസിക്കുന്നവരാകട്ടെ. ദജ്ജാലിന്റെ വലയിൽ കുടുങ്ങിക്കിടക്കുന്നവരെ അതിൽനിന്ന് പുറത്തുകൊണ്ടുവരുമാറാകട്ടെ. കളഞ്ഞുപോയ തങ്ങളുടെ പ്രതാപം വീണ്ടും സ്ഥാപിക്കുന്നവരാകട്ടെ.

ഖുത്വുബ ഥാനിയ.

ദുആ ചെയ്യുക. അസ്സലാമു അലയ്ക്കും വറഹ്മത്തുല്ലാഹ് അസ്സലാമു അലയ്ക്കും.

## വാർഷിക ഇജ്തിമ

സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് ഭാരതത്തിലെ ഉപസംഘടനകളുടെ (മജ്ലിസ് അൻസ്വാറുല്ലാഹ്, മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ, ലജ്ന ഇമാഇല്ലാഹ്) ദേശീയ വാർഷിക ഇജ്തിമാകൾ 2019 ഒക്ടോബർ 18, 19, 20 (വെള്ളി, ശനി, ഞായർ) എന്നീ തിയ്യതികളിൽ നടത്താൻ അനുവാദം നല്കിയിരിക്കുന്നു.



# സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലായുടെ അമേരിക്കൻ പര്യടനം

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

**2018 ഒക്ടോബർ 16 (ചൊവ്വ)**

(തുടർച്ച..)ഹുദൂർ അയ്യദഹുല്ലാഹ് രാവിലെ 6.15ന് മസ്ജിദ് ബയ്ത്തുർറമാനിലെത്തി. സുബ്ഹി നമസ്കരിപ്പിച്ചു. തുടർന്ന് ഓഫീസുകാര്യങ്ങളിൽ വ്യാപൃതനായി.

ഹുദൂറിന്റെ പര്യടനത്തിനുവേണ്ടി ചെയ്തിട്ടുള്ള വിവിധ ഏർപ്പാടുകളും ഒരുക്കങ്ങളും പരിശോധിക്കുക എന്നതായിരുന്നു ഇന്നത്തെ പരിപാടി. മസ്ജിദ് ബയ്ത്തുർറഹ്മാനോടു ചേർന്നുള്ള ഓഫീസ് ബ്ലോക്കിൽ നവീകരണം നടത്തിയിരുന്നു. അതിന്റെ പരിശോധനയും ഉൾപ്പെടുത്തിയിരുന്നു. ഇവിടെ സ്ഥാപിച്ചിട്ടുള്ള എം.ടി.എ. എർത്ത് സ്റ്റേഷന്റെ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനവും ഉണ്ടായിരുന്നു.

അമേരിക്കൻ അഹ്മദിയ്യാ ജമാഅത്തിന്റെ ഈ കേന്ദ്ര സെന്ററിന്റെ മൊത്തം വിസ്തീർണം ഏകദേശം 18 ഏക്കറാണ്. അമേരിക്കയിലെ ഏറ്റവും വലിയ അഹ്മദിയ്യാ മസ്ജിദ് 'മസ്ജിദ് ബയ്ത്തുർറഹ്മാന്റെ' നിർമാണം 1994ലാണ് പൂർത്തിയായത്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) 1994-ൽ അമേരിക്കൻ പര്യടനാവസരത്തിലാണ് ഉദ്ഘാടനം ചെയ്തത്. ഈ മസ്ജിദിൽ ആയിരത്തിഅഞ്ഞൂറോളം പേർക്ക് നമസ്കരിക്കാൻ കഴിയും. ജമാഅത്തിന്റെ ഈ കേന്ദ്ര കോംപ്ലക്സിൽ മസ്ജിദിനു പുറമെ ജമാഅത്തിന്റെ വിവിധ ഓഫീസുകളും, മിഷൻഹൗസും, ലൈബ്രറിയും കേന്ദ്ര കിച്ചനും ഡൈനിംഗ് ഹാൾ തുടങ്ങിയവയുമുണ്ട്. ഇതിനു പുറമെ എം.ടി.എ എർത്ത് സ്റ്റേഷനും വിവിധ താമസ അപ്പാർട്ടുമെന്റുകളുമുണ്ട്.

**എം.ടി.എ. ടെലിപോർട്ടിന്റെ ഉദ്ഘാടനം:**

ഹുദൂർ അയ്യദഹുല്ലാഹ് 12.05ന് താമസസ്ഥലത്തുനിന്ന് പുറത്തുവരികയും ഏറ്റവുമാദ്യം എർത്ത് സ്റ്റേഷനിൽ പോകുകയും ചെയ്തു. വെളിയിൽ സ്ഥാപിച്ചിരുന്ന ഫലകം അനാച്ഛാദനം ചെയ്തു. ദുആ ചെയ്യിച്ചു. ഈ അവസരത്തിൽ മാനേജിംഗ് ഡയറക്ടർ എം.ടി.എ. ഇന്റർനാഷണൽ ലണ്ടൻ മുനീറുദ്ദീൻ ശംസ് സാഹിബിനും മസ്റൂർ ടെലിപോർട്ട് അമേരിക്ക ഡയറക്ടർ മുനീർ അഹ്മദ് ചൗദരി സാഹിബിനും ചില സുപ്രധാന നിർദേശങ്ങൾ നല്കി. അതുകഴിഞ്ഞ് ഹുദൂർ ടെലിപോർട്ടിന്റെ ഉള്ളിലെത്തി. എം.ടി.എയുടെ പുതിയ ഹൈ ഡെഫിനേഷൻ സർവ്വീസിനുവേണ്ടി നാട്ടിയിരുന്ന സിസ്റ്റത്തെക്കുറിച്ച് ഡയറക്ടർ സാഹിബ് വിശദീകരിച്ചു. ഈ പുതിയ സർവീസ് അമേരിക്കൻ രാജ്യങ്ങൾക്കുവേണ്ടി ഹുദൂറിന്റെ പ്രത്യേക നിർദ്ദേശത്തിൽ ഇവിടുത്തെ ഒരു പ്രസിദ്ധ സാറ്റ്ലൈറ്റ് ഗാലക്സി 19-ൽ ആരംഭിച്ചിരിക്കുകയാണ്. ഇതിൽ നൂറുക്കണക്കിന് അറബി, ഫാർസി, ഉർദു, മറ്റു ഭാഷകളിലെ സൗജന്യ ചാനലുകളുമുണ്ട്. ഇസ്ലാമിന്റെ പ്രബോധനത്തിനുവേണ്ടി ഹുദൂറിന്റെ പ്രത്യേക ശ്രദ്ധയോടും സമ്മതത്തോടുംകൂടി ഈ സാറ്റ്ലൈറ്റുമായി ഉടമ്പടി ചെയ്തു. ഇതിൽ എം.ടി.എയുടെ മൂന്ന് ചാനൽ എം.ടി.എ-1, എം.ടി.എ.-2, എം.ടി.എ-3 അറേബ്യ ഉന്നതമായ ക്വാളിറ്റിയിൽ അവതരിപ്പിക്കപ്പെടുന്നു.

അതിനുശേഷം ഹുദൂർ "മാസ്റ്റർ കൺട്രോൾ റൂമിൽ" പോയി. അവിടെ ആധുനികമായ കൺട്രോളിന്റെയും മോണിട്രിംഗിന്റെയും സിസ്റ്റം നാട്ടപ്പെട്ടിരുന്നു. ഹുദൂർ ഈ സിസ്റ്റത്തെക്കുറിച്ച് വിവിധ കാര്യങ്ങൾ അന്വേഷിച്ചു. ഡയറക്ടർ സാഹിബ് അത് വിശദീകരിച്ചു. അപ്പോൾ ഹുദൂർ സന്തോഷം പ്രകടിപ്പിച്ചു. അതിനുശേഷം ഹുദൂർ മസ്റൂർ ടെലിപോർട്ടിന്റെ മറ്റു ഭാഗങ്ങളും ഓഫീസികളും മീറ്റിംഗ് റൂമും നോക്കിക്കണ്ടു.

2008-ൽ ഹുദൂർ ആദ്യമായി അമേരിക്കൻ പര്യടനം നടത്തി. അന്ന് ഹുദൂർ എർത്ത് സ്റ്റേഷന്റെ പരിശോധനയ്ക്കിടെ ആ കെട്ടിടത്തിന്റെ മോശമായ അവസ്ഥ കണ്ട് അത് നവീകരിക്കാനുള്ള നടപടിയെക്കുറിച്ച് നിർദേശം നല്കിയിരുന്നു. പിന്നീട് മെല്ലെ മെല്ലെ വിവിധ ഘട്ടങ്ങളിൽ അതിന്റെ നിർമാണം നടന്നുവന്നു. 1994-ൽ ഈ എർത്ത് സ്റ്റേഷൻ നിലവിൽ വന്നപ്പോൾ ഇത് 925 ചതുരശ്ര അടിയിൽ അടങ്ങുന്ന ഏകദേശം നൂറുവർഷം പഴക്കംചെന്ന താമസത്തിനുള്ള ഒരു ചെറിയ വീട് ഉൾപ്പെട്ടതായിരുന്നു. ഒരു മുറിയിൽ മേശമേൽ കുറച്ചു ടിവി മോണിറ്ററിനുവേണ്ടി വെച്ചിരുന്നു. ട്രാൻസ്വിഷന്റെ എല്ലാ മിഷ്യനുകളും വെളിയിൽ ഒരു ട്രൈലറിൽ ആയിരുന്നു. ഇക്കാരണത്താൽ ഓവ്റേറ്റ് ചെയ്യുന്നതിൽ വളരെ ബുദ്ധിമുട്ടുണ്ടായിരുന്നു. ഈ പഴയ എല്ലാ കെട്ടിടങ്ങളും പൊളിച്ച് ഇപ്പോൾ പുതിയ കെട്ടിടം നിർമിച്ചിരിക്കുകയാണ്. ഈ പുതിയ കെട്ടിടത്തിന്റെ ഫൂട്ട്പ്രിന്റ് 3800 ചതുരശ്ര അടിയാണ്. ഈ കെട്ടിടം പഴയ കെട്ടിടത്തേക്കാൾ നാലിരട്ടി വലുതാണ്. ഈ സമയത്ത് എം.ടി.എയുടെ എല്ലാ ഓപ്പറേഷനും ഈ കെട്ടിടത്തിനുള്ളിലാണ് നടക്കുന്നത്. ഇലക്ട്രോണിക് മിഷ്യണറി, കൺട്രോൾറൂം, ട്രാൻസ്മിഷൻ റൂം, എല്ലാം ഈ കെട്ടിടത്തിനുള്ളിലാണ്. ഇപ്പോൾ ഏറ്റവും മികച്ച സെറ്റപ്പുള്ള കാരണത്താൽ മസ്റൂർ ടെലിപോർട്ടിൽ വെളിയിൽനിന്നു വരുന്ന കമ്പനികൾ പ്രശംസിക്കുന്നുവെന്നു മാത്രമല്ല, തങ്ങളുടെ സ്റ്റേഷനുകൾക്കുവേണ്ടി മാർഗദർശവും കരസ്ഥമാക്കുന്നു.

ഓഫീസുകളും കെട്ടിടവും നോക്കിക്കണ്ടതിനുശേഷം ഹുദൂർ പുറത്തുവന്നു. കെട്ടിടത്തിന്റെ വടക്കേ മുറ്റത്തുപോയി. ഇവിടെയാണ് സെൻട്രൽ, സൗത്ത് അമേരിക്കൻ രാജ്യങ്ങൾക്ക് എം.ടി.എയുടെ സംപ്രേഷണം എത്തിക്കുന്നതിനുവേണ്ടിയുള്ള 4.8 മീറ്ററിന്റെ സാറ്റ്ലൈറ്റ് ട്രാൻസ്മിഷന്റെ ഡിഷ് നാട്ടിയിരിക്കുന്നത്. ഹുദൂർ ആ ഡിഷിന്റെ സൈസിനേയും പ്രവർത്തനത്തെയും കുറിച്ച് ചില കാര്യങ്ങൾ ചോദിച്ചു. ടെലിപോർട്ടിന്റെ ഡയറക്ടർ സാഹിബും, ഡയറക്ടർ പ്രൊഡക്ഷൻ എം.ടി.എ ഇന്റർനാഷണൽ ലണ്ടൻ മുനീർ ഔദ സാഹിബും അതു സംബന്ധമായി മറുപടി നല്കി. അതേ മുറ്റത്തുതന്നെ ഹുദൂർ എം.ടി.എ. ഇന്റർനാഷണലിന്റെ പുതിയ പ്രൊഡക്ഷൻ സ്റ്റുഡിയോയുടെ നിർമാണത്തെക്കുറിച്ച് അന്വേഷിച്ചു. പുതിയ പ്രൊഡക്ഷൻ സ്റ്റുഡിയോയുടെ നിർമാണത്തിന് ഏകദേശം ഒന്നര ഏക്കർ സ്ഥലം ഹുദൂറിന്റെ നിർദ്ദേശമനുസരിച്ച് മർക്കസ് രണ്ടുവർഷം മുമ്പേ വാങ്ങിയിരുന്നു. ഇപ്പോൾ ഇത് പ്ലാനിംഗിന്റെ ഘട്ടങ്ങളിലാണുള്ളത്. ഹുദൂർ ആ സ്ഥലം നിരീക്ഷിച്ചു. ഹുദൂർ അന്വേഷിച്ചപ്പോൾ യു.എസ്.എ. അമീർ സാഹിബ്സാദ മിർസാ മഗ്ഫൂർ അഹ്മദ് സാഹിബും ഇതുസംബന്ധമായി ചില കാര്യങ്ങൾ പറഞ്ഞു.

അമേരിക്കയിലെ ഈ പര്യടനത്തിന്നിടയിൽ ജുമുഅ ഖുത്ബകളും മസ്ജിദുകളുടെ ഉദ്ഘാടനങ്ങളും മറ്റു പരിപാടികളുടെ കവറേജും റെക്കോർഡിംഗ് തുടങ്ങിയവയ്ക്കുവേണ്ടി എം.ടി.എ ഇന്റർനാഷണലിന്റെ ഒരു ടീം ലണ്ടനിൽനിന്നു വന്നിരുന്നു. ഹുദൂർ ടീമിലെ അംഗങ്ങളോടു ചില കാര്യങ്ങളെ കുറിച്ച് സംസാരിച്ചു. ഹുദൂർ ചോദിച്ചപ്പോൾ, എല്ലാ സാധനങ്ങളും സുരക്ഷിതമായി എത്തിയിട്ടുണ്ടെന്ന് ടീമംഗങ്ങൾ പറഞ്ഞു.

**മസ്ജിദ് ബയ്ത്തുർറഹ്മാൻ**

എം.ടി.എ എർത്ത് സ്റ്റേഷൻ പരിശോധനയ്ക്കുശേഷം ഹുദൂർ മസ്ജിദിനോടു ചേർന്നുള്ള ഓഫീസ് ബ്ലോക്കിലേക്കുപോയി. കോൺഫ്രൻസ് ഹാൾ കണ്ടു. അതിനുശേഷം ജനറൽ സെക്രട്ടറി വകുപ്പ്, ജാഇദാദ് വകുപ്പ്, സാമ്പത്തിക വകുപ്പിന്റെ ഓഫീസുകൾ നോക്കിക്കണ്ടു. ബേസ്മെന്റിൽ സ്ഥാപിച്ചിട്ടുള്ള ഓഫീസുകളും ഹുദൂർ കണ്ടു. അവിടെ ഖളാ വകുപ്പും മറ്റു ഓഫീസുകളും പ്രവർത്തിക്കുന്നു. ഇവിടെ കേന്ദ്ര ലൈബ്രറിയുമുണ്ട്. ഹുദൂർ ആ ലൈബ്രറിയും സന്ദർശിച്ചു. ഇവിടെ ഒരു സൗജന്യ അലോപ്പതി ക്ലിനിക്കും പ്രവർത്തിക്കുന്നുണ്ട്. ഡോക്ടർ മുഹമ്മദ് അശ്റഫ് മേലോ സാഹിബാണ് അവിടെ സർവീസ് ലഭ്യമാക്കുന്നത്. ഹുദൂർ ആ ക്ലിനിക്കും പരിശോധിച്ചു. തുടർന്ന് ഹുദൂർ ഡൈനിംഗ് ഹാളും കിച്ചണും നോക്കിക്കണ്ടു. കിച്ചണിലെ ജോലിക്കാർ ഹുദൂറുമൊത്തു ഫോട്ടോ എടുക്കാനുള്ള ഭാഗ്യം കരസ്ഥമാക്കി. അതിനുശേഷം ഹുദൂർ മസ്ജിദിന്റെ പുറത്തെ ഭാഗത്തുവന്നു. ഇവിടെ താൽക്കാലികമായി സ്ഥാപിച്ചിട്ടുള്ള വകുപ്പുകൾ പരിശോധിച്ചു. ഹുദൂർ സ്കാനിംഗ് വകുപ്പിൽ പോയി. എങ്ങനെയാണ് സ്കാനിംഗ് നടത്തുന്നതെന്നും കാർഡ് തുടങ്ങിയവ ചെക്കു ചെയ്യുന്നതെന്നും ചോദിച്ചറിഞ്ഞു. ജോലിക്കാർ തങ്ങളുടെ പ്രോസസിനെ കുറിച്ച് പറഞ്ഞു.

അതിനുശേഷം ഹുദൂർ രജിസ്ട്രേഷൻ വകുപ്പ് സന്ദർശിച്ചു. തുടർന്ന് പുരുഷന്മാർക്ക് ഭക്ഷണം കഴിക്കാൻ തയ്യാറാക്കിയിരുന്ന പന്തലിലെത്തി. എത്ര പേർക്കുള്ള ഭക്ഷണം തയ്യാറാക്കിയിട്ടുണ്ടെന്ന് ഹുദൂർ ചോദിച്ചു. 4000 പേർക്കുള്ള ഭക്ഷമാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് അമീർ സാഹിബ് അറിയിച്ചു. പിന്നീട് ഹുദൂർ ലങ്കർഖാനയിലെത്തി. ഇവിടെ ചിക്കൻകറിയും ഉരുളക്കിഴങ്ങും മാംസവും ചേർത്തുണ്ടാക്കിയ കറിയും തയ്യാറായിരുന്നു. ഹുദൂർ സ്വാദുനോക്കി. ജോലിക്കാരുമായി ഹുദൂർ സംസാരിച്ചു.

അതിനുശേഷം ഖിദ്മത്തെ ഖൽഖ് വകുപ്പിലും സെക്യൂരിറ്റിയുടെ ഓഫീസും സന്ദർശിച്ചു. ഒരു കെട്ടിടത്തിൽ സ്ഥാപിച്ചിരുന്ന ബുക്ക്സ്റ്റാളിലും ഹുദൂർ വന്നു. ബുക്ക്സ്റ്റാൾ സന്ദർശിച്ചതിനുശേഷം മലിക് താരിഖ് ഹാറൂൺ സാഹിബിന്റെ വീട്ടിൽ പോയി. അദ്ദേഹം വാഖ്ഫെ സിന്ദഗിയാണ്. റിവ്യൂ ഓഫ് റിലീജ്യൻസിന്റെ ഓഫീസിലാണ് സേവനം ചെയ്യുന്നത്. കുറച്ചുസമയത്തേക്ക് യു.എസ്.എ ജമാഅത്തിന്റെ നാഷണൽ ജനറൽ സെക്രട്ടറി, മലഹീ സാഹിബിന്റെ വീട്ടിൽ പോയി. പരിശോധനയുടെ അവസാനം യു.എസ്.എ. നാഇബ് അമീർ വ നാഷണൽ സെക്രട്ടറി തർബിയ്യത്തിനോടു വീടുകളുടെ നിർമാണ പ്രൊജക്റ്റിനെ സംബന്ധിച്ച് അന്വേഷിച്ചു.

മസ്ജിദ് ബയ്ത്തുർഹ്മാനിൽനിന്ന് ഏകദേശം 50 മൈൽ ദൂരത്ത് മജ്ലിസ് അൻസ്വാറുല്ലാഹ് യു.എസ്.എയുടെ കീഴിൽ ജാപ്പാ എന്ന പ്രദേശത്ത് ഒരു നദിക്കരയിൽ ഒരു ഹൗസിംഗ് സ്കീ

മിന്റെ പണി നടക്കുന്നുണ്ട്. അവിടെ എല്ലാ വീടുകളും അഹ്മദികളുടേതായിരിക്കും. വീടുകളുടെ ഇടയിൽ ഒരു സ്ഥലം മസ്ജിദിനുവേണ്ടിയും പ്രത്യേകപ്പെടുത്തിയിട്ടുണ്ട്. ഫഹീം യൂനുസ് സാഹിബ് ഹുദൂറിന്റെ സന്നിധിയിൽ പറഞ്ഞു: ആദ്യ സ്റ്റെപ്പിൽ ജഡ്ജി നമുക്കനുകൂലമായി വിധിച്ചിരുന്നു. ഇനി കൂടുതൽ സമയമെടുക്കും.' ഈ വഴിയിലുള്ള തടസ്സങ്ങളെല്ലാം നീക്കാൻ ഹുദൂറിനോടു അദ്ദേഹം ദുആക്കപേക്ഷിച്ചു. അപ്പോൾ ഹുദൂർ പറഞ്ഞു: ഏതെങ്കിലും നല്ല കാര്യത്തിൽ താമസം നേരിടുകയാണെങ്കിൽ അല്ലാഹു ദുആ ചെയ്യാൻ അവസരം നല്കുകയാണെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞിട്ടുണ്ട്. അതിൽ വിഷമിക്കേണ്ട കാര്യമൊന്നുമില്ല. പരിഭ്രമിക്കുകയും വേണ്ട. ദുആ ചെയ്യുക. പരശോധനയ്ക്കുശേഷം 1.15ന് ഹുദൂർ താമസസ്ഥലത്തേക്കു മടങ്ങി.

ഹുദൂർ രണ്ട് മണിക്ക് മസ്ജിദ് ബയ്ത്തുർറഹ്മാനിലെത്തി. ളുഹ്ർ-അസ്ർ ജംആക്കി നമസ്കരിപ്പിച്ചു.

**കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ചകൾ:**

പരിപാടിയനുസരിച്ച് 6 മണിക്ക് ഹുദൂർ ഓഫീസിലെത്തി. വിവിധ ജമാഅത്തുകളിൽനിന്ന് വന്ന അംഗങ്ങളുമായും കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ചകൾ ആരംഭിച്ചു. ഇന്ന് വൈകുന്നേരത്തെ ഈ സെഷനിൽ 52 കുടുംബങ്ങളും 27 വ്യക്തികളും തങ്ങളുടെ പ്രിയപ്പെട്ട ഇമാമുമായി കൂടിക്കാഴ്ച നടത്തി. മൊത്തം 273 പേരാണ് കൂടിക്കാഴ്ച നടത്തിയത്. എല്ലാവരും ഹുദൂറുമൊത്ത് ഫോട്ടോയുമെടുത്തു. ഹുദൂർ വിദ്യാർഥി വിദ്യാർഥിനികൾക്ക് പേനകളും ചെറിയ കുട്ടികൾക്ക് ചോക്ലേറ്റും നല്കി.

ഇന്ന് കൂടിക്കാഴ്ച നടത്തിയവരിൽ വാഷിംഗ്ടണിനും അതിനു ചുറ്റുമുള്ള ജമാഅത്തുകൾക്ക് പുറമെ ബോസ്റ്റണിൽനിന്നും ഓശ്ക്കോശ് ജമാഅത്തുകളിൽനിന്നും കുടുംബങ്ങൾ വന്നിരുന്നു. ബോസ്റ്റണിൽനിന്ന് വന്നവർ 8 മണിക്കർ യാത്ര ചെയ്താണ് വന്നത്. ഓശ്ക്കോശിൽനിന്നുള്ളവർ 850 മൈൽ ദൂരം 16 മണിക്കൂർ യാത്രചെയ്താണ് എത്തിയത്.

ഇന്ന് കൂടിക്കാഴ്ച നടത്തിയവരിൽ വലിയൊരുഭാഗം ആദ്യമായി തങ്ങളുടെ പ്രിയപ്പെട്ട ഇമാമിനെ കാണുന്നവരായിരുന്നു. ഇന്നത്തെ ദിവസം അവർക്ക് ഏറെ സന്തോഷപ്രദവും അനുഗ്രഹപൂർണവുമായിരുന്നു. അവർ ദുആകളുടേയും അനുഗ്രഹങ്ങളുടേയും ഖജനാവ് കരസ്ഥമാക്കി. തങ്ങളുടെ ജീവിതത്തിൽ ഈ അസുലഭ സന്ദർഭം ലഭിച്ച ഇവർ എത്രമാത്രം ഭാഗ്യവാന്മാരാണ്. ഇവർ ഈ നിമിഷങ്ങൾ എന്നെന്നും ഓർമവെക്കുന്നതായിരിക്കും. അതു കാത്തുസൂക്ഷിക്കുന്നതായിരിക്കും. തങ്ങളുടെ മുഴുവൻ ജീവിതവും ഒരുഭാഗത്തും ഈ കുറഞ്ഞ നിമിഷങ്ങൾ ഒരുഭാഗത്തും. അത് നമ്മുടെ ദീനും സുവർണമാക്കി. നമ്മുടെ ദുൻയാവും സുവർണമാക്കി.

ഹുദൂറുമായി കൂടിക്കാഴ്ച നടത്തി ഓഫീസിൽനിന്ന് പുറത്തുവന്നവരുടെ കണ്ണുകൾ സന്തോഷംകൊണ്ട് നിറഞ്ഞിരുന്നു. ഇന്ന് അല്ലാഹു ഈ ദിനം കാണിച്ചു. ഖലീഫത്തുൽ മസീഹിനെ കാണാൻ കുറച്ചു നിമിഷങ്ങൾ തങ്ങൾക്ക് കിട്ടി. അല്ലാഹു ഈ ഭാഗ്യങ്ങൾ നമുക്കെല്ലാവർക്കും അനുഗൃഹീതമാക്കട്ടെ.

കൂടിക്കാഴ്ച 8.45 വരെ നീണ്ടു. അതിനുശേഷം ഹുദൂർ മസ്ജിദ് ബയ്ത്തുർറഹ്മാനിൽ മഗ്രിബ് ഇശാഅ് നമസ്കരിപ്പിച്ചു.

**2018 ഒക്ടോബർ 17 ബുധൻ**

**ഹുദൂർ ഫിലാഡൽഫിയാ (Philadelpiia)യിൽ.**

ഹുദൂർ രാവിലെ 6.15ന് മസ്ജിദ് ബയ്ത്തുർറഹ്മാനിൽ സുബ്ഹി നമസ്കരിപ്പിച്ചു. രാവിലെ ഓഫീസുകാര്യങ്ങളിൽ മുഴുകി. വേണ്ടുന്ന നിർദ്ദേശങ്ങൾ നല്കി.

ഇന്ന് പരിപാടിയനുസരിച്ച് ഫിലാഡൽഫിയായിൽ പോകണമായിരുന്നു. 11.20ന് ഹുദൂർ യാത്രയ്ക്ക് തയ്യാറായി പുറത്തുവന്നു. ദുആ ചെയ്തു. യാത്രാ സംഘം ഫിലാഡൽഫിയായിലേക്കു പുറപ്പെട്ടു. മസ്ജിദ് ബയ്ത്തുർ റഹ്മാനിൽനിന്ന് ഫിലാഡൽഫിയായിലേക്കുള്ള ദൂരം 132 മൈലാണ്. 1.15ന് യാത്രാ സംഘം ഫിലാഡൽഫിയ അതിർത്തിയിൽ പ്രവേശിച്ചു. ഇവിടെനിന്ന് തദ്ദേശ പോലീസിന്റെ രണ്ട് വണ്ടികൾ ഹുദൂറിന്റെ വണ്ടിയ്ക്ക് എസ്കോർട്ട് പോയി. നഗരത്തിനുള്ളിൽ, വഴി തടസങ്ങൾ നീക്കിക്കൊണ്ടിരുന്നു.

ഇന്ന് ഫിലാഡൽഫിയ ജമാഅത്തിന് വലിയ അനുഗൃഹീതവും ഐതിഹാസികവുമായ ദിവസമായിരുന്നു. ചെറിയവരും വലിയവരും പുരുഷന്മാരും സ്ത്രീകളും യുവാക്കളും വൃദ്ധരും സന്തോഷഭരിതരായിരുന്നു. ഇന്ന് അവരുടെ നഗരത്തിൽ ഹുദൂറിന്റെ പരിശുദ്ധപാദം ആദ്യമായി പതിയുകയാണ്. ഇവർ രാവിലെതന്നെ പുതിയതായി നിർമിച്ച മസ്ജിദ് 'മസ്ജിദ് ബയ്ത്തുൽ ആഫിയ'ത്തിൽ എത്തിതുടങ്ങിയിരുന്നു. ഫിലാഡൽഫിയായിലെ തദ്ദേശ ജമാഅത്തിനു പുറമെ ന്യൂയോർക്ക്, സെൻട്രൽ ജേർസി, നോർത്ത് ജേർസി, ബജ്ഹിംടൺ, അൽബനീ, ബോസ്റ്റൺ, ഫിച്ച്ബർഗ്, ലോനൈൽ, ഓശ്ക്കോശ്, സിറാക്കൗസ്, ബാൽട്ടിമോർ, മാഞ്ചസ്റ്റർ, ഹാരിഥ് ബർഗ്, വെർജീനിയ തുടങ്ങിയ സ്ഥലങ്ങളിൽനിന്നും വൻതോതിൽ ജമാഅത്തംഗങ്ങളും കുടുംബങ്ങളും ദീർഘമായ യാത്ര ചെയ്ത് വന്നിരുന്നു. 200 മൈൽ മുതൽ 950 മൈൽവരെ യാത്ര ചെയ്താണ് വിവിധ ജമാഅത്തുകളിൽനിന്ന് സഹോദരങ്ങളെത്തിയത്.

ഹുദൂറിന്റെ ആഗമനത്തിനു മുമ്പേ ഫിലാഡൽഫിയ ജമാഅത്തിന്റെ കേന്ദ്രമായ മസ്ജിദ് ബയ്ത്തുൽ ആഫിയത്തിന്റെ പുറത്തെ ഭാഗം ജമാഅത്തംഗങ്ങളെക്കൊണ്ട് നിറഞ്ഞിരുന്നു. പുരുഷന്മാരുടേയും സ്ത്രീകളുടേയും മൊത്തം എണ്ണം 1900-ൽ അധികമായിരുന്നു. 1.35ന് ഹുദൂർ ഇവിടെ എത്തിയപ്പോൾ അന്തരീക്ഷം തക്ബീർധ്വനികളാലും മുദ്രാവാക്യങ്ങളാലും മുഖരിതമായി. പെൺകുട്ടികൾ സ്വാഗതഗാനമോതി ഹുദൂറിനെ വരവേറ്റു. ഹുദൂർ വാഹനത്തിൽനിന്നിറങ്ങിയപ്പോൾ സാഹിബ് സാദ മിർസാ മഗ്ഫൂർ അഹ്മദ് സാഹിബ് യു.എസ്.എ അമീർ, ഡോകൂർ നസീം റഹ്മത്തുല്ലാഹ് സാഹിബ് നാഇബ് അമീർ യു.എസ്.എ, മുജീബുല്ലാ ചൗദരി സാഹിബ് ഫിലാഡൽഫിയ ജമാഅത്ത് സ്വദ്ർ എന്നിവർ ഹുദൂറിന് ഹസ്തദാനം ചെയ്തു സ്വീകരിച്ചു.

**മസ്ജിദ് ബയ്ത്തുൽ ആഫിയത്ത്**

അതിനുശേഷം ഹുദൂർ മസ്ജിദിന്റെ വെളിയിലെ ഭിത്തിയിൽ പതിച്ചിരുന്ന ഫലകം അനാച്ഛാദനം ചെയ്തു. ദുആ ചെയ്യിച്ചു. ഇതിനുശേഷം ഹുദൂർ താമസസ്ഥലത്തേക്ക് പോയി. 2.05ന് തിരിച്ചുവന്ന് പുതിയതായി നിർമിച്ച മസ്ജിദ് ബയ്ത്തുൽ ആഫിയത്ത് നോക്കിക്കണ്ടു. ഹുദൂർ മസ്ജിദിന്റെ പുരുഷന്മാർക്കുള്ള ഹാളും സ്ത്രീകൾക്കുള്ള ഹാളും സന്ദർശിച്ചു. ചെറിയ കുട്ടികളുള്ള സ്ത്രീകൾക്കുവേണ്ടി ഒരു പ്രത്യേക സ്ഥലം ഏർപാടാക്കിയിരുന്നു. ഈ രണ്ടുഭാഗത്തും വെവ്വേറെ വാഷ്റൂമുകളും നിർമിച്ചിട്ടുണ്ട്.

ഹുദൂർ പിന്നീട് ലൈബ്രറിയും ഓഫീസുകളും സന്ദർശിച്ചു. യു.എസ്.എ. ജമാഅത്തിന്റെ മുൻ അമീർ ഡോക്ടർ ഇഹ്സാനുല്ലാഹ് സാഹിബ് സഫ്ർ രോഗബാധിതനായി വീൽചെയറിൽ മസ്ജിദിന്റെ ഗ്യാലറിയിലുണ്ടായിരുന്നു. ഹുദൂർ അദ്ദേഹത്തോടു വിവരങ്ങൾ ചോദിച്ചറിഞ്ഞു. ഹസ്തദാനം ചെയ്തു. അതിനുശേഷം ഹുദൂർ മസ്ജിദിന്റെ ബേസ്മെന്റിൽ വന്നു. അവിടെ മൾട്ടിപർപസ് ഹാൾ സന്ദർശിച്ചു. ഈ ഹാളിൽ 400 പേർക്ക് ഭക്ഷണം കഴിക്കാം. 700 പേർക്ക് ഇരിക്കാം. ഈ ഹാൾ കളികൾക്കും ഉപയോഗിക്കാറുണ്ട്. ജുമുഅ ദിവസം വൈകുന്നേരം മസ്ജിദിന്റെ ഉദ്ഘാടന പരിപാടിയോടനുബന്ധിച്ച് ഒരു റിസപ്ഷൻ പരിപാടിയും സംഘടിപ്പിച്ചിരുന്നു. ഈ പരിപാടിയ്ക്കുവേണ്ടി ആ ഹാൾ സജ്ജമാക്കിയിരുന്നു. ഹുദൂർ ആ ഏർപാടുകളെ സംബന്ധിച്ച് കുറച്ച് കാര്യങ്ങൾ ചോദിച്ചറിഞ്ഞു. അതുകഴിഞ്ഞ് മസ്ജിദിലെ പുരുഷന്മാരുടെ ഹാളിലെത്തി. ളുഹ്ർ അസ്ർ ജംആക്കി നമസ്കരിപ്പിച്ചു.

അമേരിക്ക അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രത്തിൽ ഫിലാഡൽഫിയാ നഗരത്തിന് ഒരു പ്രത്യേകത സ്വന്തമായുണ്ട്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) ഹദ്റത്ത് മുഫ്തി മുഹമ്മദ് സ്വാദിഖ് സാഹിബിനെ- അദ്ദേഹം ഇംഗ്ലണ്ടിൽ മുബല്ലിഗ് എന്ന നിലയിൽ പ്രവർത്തിച്ചുവരികയായിരുന്നു- അമേരിക്കയിൽ പോകാൻ നിർദ്ദേശിച്ചു. അങ്ങനെ അദ്ദേഹം അമേരിക്കയിലെ ആദ്യ മുബല്ലിഗ് എന്ന നിലയിൽ 1920 ജനുവരി 26ന് ഇംഗ്ലണ്ടിലെ ലിവർപൂൾ തുറമുഖത്തുനിന്ന് പുറപ്പെട്ട് 21 ദിവസത്തെ സമുദ്രയാത്രയ്ക്കുശേഷം 1920 ഫെബ്രുവരി 15ന് അമേരിക്കയിലെ തുറമുഖമായ ഫിലാഡൽഫിയായിലിറങ്ങി. പക്ഷേ, അദ്ദേഹത്തിന് രാജ്യത്ത് പ്രവേശിക്കാൻ അനുവാദം നല്കപ്പെട്ടില്ല. വന്ന കപ്പലിൽത്തന്നെ മടങ്ങിപ്പോകണമെന്ന് വിധിക്കപ്പെട്ടു. ഈ വിധിക്കെതിരെ ഹദ്റത്ത് മുഫ്തീ മുഹമ്മദ് സ്വാദിഖ് സാഹിബ്(റ) വാഷിംഗ്ടണിലെ അധിവാസ ഡിപ്പാർട്ട്മെന്റിൽ അപീൽ നൽകി. അങ്ങനെ അദ്ദേഹത്തെ സമുദ്രതീരത്ത് ഒരു വീട്ടിൽ തടങ്കലിലാക്കി. ആ വീട്ടിൽനിന്ന് പുറത്തിറങ്ങാൻ അനുവാദമുണ്ടായിരുന്നില്ല. എന്നാൽ, ടെറസിൽ നടക്കാമായിരുന്നു. അതിന്റെ വാതിൽ ദിവസത്തിൽ രണ്ടുതവണ മാത്രമേ തുറക്കുമായിരുന്നുള്ളൂ. ആ വീട്ടിൽ കുറച്ച് യൂറോപ്യൻകാരും തടവിലുണ്ടായിരുന്നു. ഹദ്റത്ത് മുഫ്തീ സാഹിബ് അവസരം പ്രയോജനപ്പെടുത്തി തന്റെ സഹതട

**'മാതാപിതാക്കളുടെ സ്വന്തം മാതൃക കുട്ടികൾക്കു മുമ്പിൽ നിലനില്ക്കാത്തിടത്തോളം കുട്ടികളിൽ അത് സ്വാധീനമുണ്ടാക്കുകയില്ല. അതുകൊണ്ട് സുബ്ഹി നമസ്കാരത്തിനും എഴുന്നേല്ക്കുക.'**
**(ഖുത്ബാത്തെ മസ്റൂർ, വാല്യം 3, പേജ് 565)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"വ്യക്തിപരമായ നിലയിൽ ലയ്ലത്തുൽഖദ്റിൽ നിന്ന് അനുഗ്രഹം പ്രാപിക്കുന്നതിന് ഈ റമളാനിൽ പരസ്പരമുള്ള വൈരാഗ്യങ്ങൾ അവസാനിപ്പിക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്."**
**(ജുമുഅ ഖുത്ബ 25-7-2014)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**താലിബെ ദുആ:**
**Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.**

**താലിബെ ദുആ:**
**Muhammad Safwan&Family, Ahmadiyya Jama-ath Kakkanad, Kerala.**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-4 Thursday 15-22 August 2019 Issue-33-34

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

വുകാരെ തബ്ലീഗ് ചെയ്യാൻ തുടങ്ങി. ഇതിന്റെ ഫലമായി രണ്ടുമാസത്തിനുള്ളിൽ 15 തടവുകാർ ഇസ്‌ലാം സ്വീകരിച്ചു. പിന്നീട് 1920ൽ മെയ് മാസത്തിൽ അദ്ദേഹത്തെ മോചിപ്പിച്ചു. ഇന്ന് മുഫ്തീ മുഹമ്മദ് സാഹിബിനെ തടവിൽ പാർപ്പിച്ച അതേ സ്ഥലത്താണ് ദൈവകൃപയാൽ ജമാഅത്തിന് വിശാലമായ ഒരു മനോഹര മസ്ജിദ് 'ബയ്ത്തുൽ ആഫിയത്ത്'നിർമിക്കാൻ തൗഫീഖ് നല്കപ്പെട്ടത്. ഇതിന്റെ ഉദ്ഘാടനം ഇൻശാഅല്ലാഹ് വെള്ളിയാഴ്ച നടക്കുന്നതായിരിക്കും. ഫിലാഡൽഫിയ ജമാഅത്ത് ഹുദൂറിന്റെ മൂന്നു ദിവസത്തെ താമസത്തിന് വിശാലമായ ഏർപാടുകളാണ് ചെയ്തിട്ടുള്ളത്. പുരുഷന്മാർക്ക് രണ്ടു ഓവർഫ്ളോ പന്തലുകളിട്ടിരിക്കുന്നു. ഇപ്രകാരംതന്നെ സ്ത്രീകൾക്കും അവരുടെ കൂടുതൽ എണ്ണം കണക്കിലെടുത്ത് രണ്ട് പന്തലുകൾ ഇട്ടിട്ടുണ്ട്. ലജ്നയുടെ സെക്യൂരിറ്റിയ്ക്കും രജിസ്ട്രേഷനും വേണ്ടി പ്രത്യേകം താൽക്കാലിക ഓഫീസുകളും തുറന്നിട്ടുണ്ട്. പുരുഷന്മാർക്ക് സെക്യൂരിറ്റിയ്ക്കും രജിസ്ട്രേഷനുമായി പ്രത്യേകം ഓഫീസുകളുണ്ട്. ഖിദ്മത്തെഖൽഖ് വകുപ്പിന്റെ പ്രത്യേക പന്തലുണ്ട്. അതിൽ അവരുടെ ഓഫീസുകളാണുള്ളത്. പുരുഷന്മാർക്കും സ്ത്രീകൾക്കും ഭക്ഷണം കഴിക്കുന്നതിന് പ്രത്യേകം പ്രത്യേകം പന്തലുകളുണ്ട്. പ്രത്യേകമായ നിലയിൽ പന്തലിട്ടാണ് അതെല്ലാം നടത്തുന്നത്.

മസ്ജിദിലും ഓവർഫ്ളോ പന്തലിലും 4600 പേർക്കുള്ള ഏർപാടാണ് ചെയ്തിരിക്കുന്നത്. ഈ സ്ഥലങ്ങളെല്ലാം പുരുഷന്മാരേയും സ്ത്രീകളേയുംകൊണ്ട് നിറഞ്ഞതായി കാണുന്നു. മസ്ജിദും ചുറ്റുപാടും ജനവാസമുള്ള ഒരു ചെറിയ നഗരമായി തോന്നുന്നു.

### കുടുംബമായുള്ള കൂടിക്കാഴ്ചകൾ

പരിപാടിയനുസരിച്ച് ഇന്ന് വൈകുന്നേരം കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ചകളായിരുന്നു. 6 മണിക്ക് ഹുദൂർ ഓഫീസിലെത്തി. കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ചകൾ തുടങ്ങി. ഇന്ന് വൈകുന്നേരത്തെ ഈ സെഷനിൽ ഫിലാഡൽഫിയായിലേയും അതിന്റെ ചുറ്റുപാടിലേയും 14 ജമാഅത്തിൽനിന്നുവന്ന 52 കുടുംബവും 37 വ്യക്തികളും കൂടിക്കാഴ്ചയ്ക്കുള്ള ഭാഗ്യം കരസ്ഥമാക്കി. ഇപ്രകാരം മൊത്തം 257 അംഗങ്ങളാണ് കൂടിക്കാഴ്ച നടത്തിയത്. ഓരോരുത്തരും ഹുദൂറുമൊത്ത് ഫോട്ടോയുമെടുത്തു. ഹുദൂർ വിദ്യാർഥി വിദ്യാർഥിനികൾക്ക് പേനയും ചെറിയ കുട്ടികൾക്ക് ചോക്ലേറ്റും നല്കി. ചില കുടുംബങ്ങൾ ദീർഘദൂരം യാത്ര ചെയ്താണ് വന്നത്. ബുഫ്ഫല്ലോ, റോചെസ്റ്റർ, അൽബനിയിൽനിന്ന് വന്ന കുടുംബങ്ങൾ 380 മൈൽ ദൂരത്തുനിന്ന് 6.30 മുതൽ 7 മണിക്കൂർവരെ ഡ്രൈവ് ചെയ്താണ് വന്നത്.

### ആമീൻ പരിപാടി:

കൂടിക്കാഴ്ചാപരിപാടി 8.45 വരെ തുടർന്നു. തുടർന്ന് ഹുദൂർ 'മസ്ജിദ് ബയ്ത്തുൽ ആഫിയ'ത്തിൽ ആഗതനായി ആമീൻ പരിപാടിയിൽ പങ്കെടുത്തു. ഹുദൂർ താഴെ കാണുന്ന പെൺകുട്ടികളും ആൺകുട്ടികളും അടങ്ങിയ 29 പേരിൽനിന്ന് വിശുദ്ധഖുർആനിലെ ഓരോ ആയത്ത് കേൾക്കുകയും അവസാനം ദുആ ചെയ്യിക്കുകയും ചെയ്തു.

അസീസ് ശായാൻ അഹ്മദ് ഖാൻ, ദീശാൻ മൻല്വൂർ അഹ്മദ്, അബ്ദുൽ ഹക്കീം നൂറുദ്ദീൻ റുശ്ദി, കാമറാൻ യഹ്യാ, സഫീർ അഹ്മദ് ചൗദ്ദരി, അൻസ്വർ സഫീർ ആലം, അബ്ദാൽ അഹ്മദ്, സാലിക് റബ്വാനീ, റയ്യാൻ അഹ്മദ്, തംഥീൻ അഹ്മദ് തൻവീർ, അസീസ വാരിഥാ ജാവേദ്, സ്വഫിയ ജാവേദ്, സബീക്ക അഹ്മദ്, ആയാത്ത് ബാജ്‌വ, പാരിസ ത്വാഹിർ, പാരിസ ഐനൂർ അഹ്മദ്, ദുഹാ അഹ്മദ്, അഫീഫ മഹ്മൂദ്, സാറ മഹ്മൂദ മലിക്, ശാഫിഅ രിള്‌വാൻ ഹമീദ്, ആഇസ ശഹ്സാദ്, യസ്‌റാ അഹ്മദ്, മലാഇക്ക അഹ്മദ് അഅ്‌വാൻ, ആഇസ സുബയ്ർ, ഫരീഹ സുബയ്ർ, ലാഇബ മലിക്, അസ്വഫാ സാജിദ്, അലീന അഹ്മദ്.

ആമീൻ പരിപാടിയ്ക്കുശേഷം ഹുദൂർ മഗ്‌രിബ് ഇശാഅ് ഒരുമിച്ച് നമസ്കരിപ്പിച്ചു. (അഖ്ബാർ ബദ്ർ ഉർദു 2018 ഡിസംബർ 6)

---

(പേജ് 10ൽനിന്ന്)

നിങ്ങളിൽ എപ്പോഴും പുഞ്ചിരി നിലകൊള്ളുന്നത് ഞാൻ കണ്ടു.'

അല്ലാഹു ബയ്അത്ത് ചെയ്യുന്നവരുടെ ആത്മാർഥതയിലും കൂറിലും വിശ്വാസത്തിലും അഭിവൃദ്ധി നല്കുമാറാകട്ടെ. നമ്മളിലോരോരുത്തരേയും ജൽസയിൽനിന്ന് ഫലമെടുക്കുന്നവരാക്കട്ടെ. മസീഹ് മൗഊദ്(അ)ന്റെ ദുആയുടെ അനന്തരാവകാശികളാക്കട്ടെ.

മാധ്യമങ്ങൾ മുഖേന ഈ വർഷം ജർമനിയിൽ മൊത്തം 13 മീഡിയാ ഔട്ട്ലറ്റുകളും (Outlets)അതിനുപുറമെ സോഷ്യൽമീഡിയ മുഖേന സൈറ്റുകളിലും ജൽസയുടെ കവറേജുണ്ടായി. ഇറ്റലി, ചൈന, സ്ലോവാക്യ(Slovakia), തുടങ്ങിയ രാജ്യങ്ങളിലെ ഓൺലൈൻ പത്രങ്ങളും, വാർത്തകൾ നല്കി. അവരുടെ കണക്കനുസരിച്ച് രണ്ടുകോടി 26 ലക്ഷം ആളുകൾക്ക് സന്ദേശമെത്തി. റിവ്യൂ ഓഫ് റിലീജ്യൻസ് മുഖേനയും വിവിധ പരിപാടികൾ വന്നുകൊണ്ടിരുന്നു. ഇതൊരു ആഴ്ചവരെ തുടരുന്നതായിരിക്കും. ഇതുമുഖേന ഒരു മില്യൺ ആളുകൾവരെ സന്ദേശമെത്തുമെന്ന് അവർ കരുതുന്നു. റിവ്യൂ ഓഫ് റിലീജ്യൻസിനെ കുറിച്ച് ഞാനും പറയുകയുണ്ടായി. ഇതിപ്പോൾ നടന്നുവരുന്നുണ്ട്. ആഫ്രിക്കയിൽ എം.ടി.എ ആഫ്രിക്ക മുഖേന അതിന്ന് പ്രചാരമുണ്ടാകുന്നുണ്ട്. അവിടേയും ജൽസയുടെ പരിപാടി കാണിക്കപ്പെട്ടു. ജൽസ ജർമനിയെ ഉദ്ധരിച്ച്, റിപ്പോർട്ട് തയ്യാറാക്കി അയച്ചത് അവിടുത്തെ ഘാനയിലെ നാഷണൽ ടിവി കാണിച്ചു. ഗാംബിയായിലെ നാഷണൽ ടെലിവിഷനും കാണിച്ചു. റുമാനിയായിലെ നാഷണൽ ടെലിവിഷനും കാണിച്ചു. സിറാലിയോൺ നാഷണൽ ടെലിവഷനും കാണിച്ചു. ഉഗാണ്ടയിലെ നാഷണൽ ടെലിവിഷനും കാണിച്ചു.

അല്ലാഹുവിന്റെ കൃപയാൽ ലോകത്ത് ഈ ജൽസയെ ഉദ്ധരിച്ച് വളരെ വിശാലമായ നിലയിൽ ജമാഅത്ത് പരിചയപ്പെടുത്തപ്പെടുന്നു. അല്ലാഹു എല്ലാവിധത്തിലും അനുഗ്രഹിക്കുമാറാകട്ടെ.

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

(പേജ് 1ൽനിന്ന്)

അവസാനംതന്നെ എന്ന് കരുതിക്കൊള്ളുക. നിങ്ങളുടെ ആത്മാക്കളെ പരിശുദ്ധശക്തി അതിൽ പ്രവഹിക്കുംവിധം നിങ്ങൾ പരിശുദ്ധമാക്കുക; അത് അതിർത്തിയിലെ കുതിരകളെപോലെ ശക്തവും സൂക്ഷിപ്പുകാരനുമാകണം. അല്ലാഹുവിന്റെ ഫള്ൽ എപ്പോഴും മുത്തഖികളുടേയും നേർമാർഗികളുടേയും ഒപ്പമായിരിക്കും. ഇസ്‌ലാമിനുമേൽ കളങ്കം ചാർത്തുംവിധം നിങ്ങളുടെ സ്വഭാവങ്ങളും ജീവിതരീതികളുമാക്കരുത്. ദുഷ്ടന്മാരേയും ഇസ്‌ലാമികാധ്യാപനമനുസരിച്ച് കർമങ്ങൾ ചെയ്യാത്ത മുസ്‌ലിമീങ്ങളേയും കൊണ്ട് ഇസ്‌ലാമിന് കളങ്കമുണ്ടാകുന്നു. ചിലർ മദ്യപിക്കുകയും ഛർദ്ദിക്കുകയും ചെയ്യുന്നു. അവരുടെ തലപ്പാവ് കഴുത്തിലായിരിക്കുമുണ്ടാകുക. തോടുകളിലും വൃത്തികെട്ട കാനകളിലും വീണുകിടക്കുന്നു. പോലീസിന്റെ ചെരുപ്പടി കൊള്ളുകയും ചെയ്യുന്നു. ഹിന്ദുവും ക്രിസ്ത്യാനിയും അത് കണ്ട് ചിരിക്കുന്നു. അയാളുടെ ഇത്തരത്തിലുള്ള ശരീഅത്തുവിരുദ്ധമായ ചെയ്തി അയാളെ മാത്രമല്ല പരിഹാസത്തിന് പാത്രമാക്കുന്നത്. മറിച്ച്, അതിന്റെ ക്ഷതം ഇസ്‌ലാമിന്റെ ആത്മാവിനുവരെ ഏല്ക്കുന്നു. അത്തരം വാർത്തകളും അല്ലെങ്കിൽ ജയിലുകളിലെ റിപ്പോർട്ടുകളും വായിക്കുകയും മുസ്‌ലിമീങ്ങൾ ഇത്രത്തോളം ദുഷ്ചെയ്തചികൾകൊണ്ട് നാശത്തിന് പാത്രമാകുകയും ചെയ്യുന്നകാരണത്താൽ എനിക്ക് കഠിനമായ വിഷമമുണ്ടാകുന്നു. സ്വിറാത്തെ മുസ്ത്തഖീമുള്ള ഈയാളുകളുടെ ഹൃദയം ഗതിമുട്ടിപോകുന്നു. തങ്ങളുടെ ഈ ദുഷ്ചെയ്തികൾകൊണ്ട് സ്വയം നഷ്ടം മാത്രമല്ല അവർ വരുത്തിവയ്ക്കുന്നത് മറിച്ച്, ഇസ്‌ലാമിനുമേൽ പരിഹാസത്തിനുള്ള വഴിയും ഒരുക്കുന്നു. ഇക്കാരണത്താലായിരുന്നു കഴിഞ്ഞ ഏതോ കാനേഷുമാരി എടുക്കുന്ന നേരത്ത് മിസ്റ്റർ എബ്ടസൺ സാഹിബ് തന്റെ റിപ്പോർട്ടിൽ ഒരുപാടെഴുതിയത്. ഞാൻ പറഞ്ഞതിന്റെ ഉദ്ദേശ്യം മുസ്‌ലിമീങ്ങൾ മുസ്‌ലിം എന്നു പറഞ്ഞുകൊണ്ട് ആവിരോധിക്കപ്പെട്ടതും നിഷിദ്ധവുമായ കാര്യങ്ങളിലേർപെടുന്നത് അവരെ മാത്രമല്ല പ്രത്യുത, ഇസ്‌ലാമിനേയും സംശയത്തിലകപ്പെടുത്തുന്നു. അതുകൊണ്ട് സത്യനിഷേധികൾക്കും നിങ്ങളുടെമേൽ (യഥാർഥത്തിൽ അത് ഇസ്‌ലാമിന്റെമേലാണ്)വിമർശനം നടത്താനുള്ള അവസരം കൊടുക്കാത്തവിധം നിങ്ങളുടെ നടപ്പും ജീവിതരീതിയും ആക്കിത്തീർക്കുക. (മൽഫൂദാത്ത്, വാല്യം 1, പേജ് 63–66, 2018 ഖാദിയാൻ പ്രസിദ്ധീകരണം)

---

## നിങ്ങൾക്കുമെഴുതാം

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചുതരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും. അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
**ismayeel.ha@gmail.com**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin